**ധനകാര്യം**

## 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെയും 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,57,26,000/- രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 96,33,25,000/- രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 724,20,48,000/- രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,58,80,000/- രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,40,01,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,00,00,000/- രൂപയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 87,88,15,000/- രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,19,19,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1689,52,51,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1788,77,40,000/- രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 129,29,99,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1560,01,31,000/- രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 197,00,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,97,23,000/- രൂപയുടെയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 39,01,00,000/- രൂപയുടെയും

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,15,40,000/- രൂപയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,39,07,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,22,56,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 832,87,54,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,62,43,000/-രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,66,12,000/-

രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 239,15,57,000/-രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,00,00,000/-രൂപയുടെയും നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/-രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 125,06,93,000/-രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,37,13,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം

ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1511,22,37,000/-രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,51,78,000/-രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 110,48,14,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 143,92,01,000/-

രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,27,57,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,50,00,000/- രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1813,03,40,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വം പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സാമ്പത്തിക വികസനത്തിന്റെ ആത്യന്തിക വിഭവം ജനങ്ങളാണ്. ഒരു സമ്പദ്‌വ്യവസ്ഥയെ വികസിപ്പിക്കുന്നത് മൂലധനമോ അസംസ്കൃത വസ്തുക്കളോ അല്ല. ആ നാട്ടിലെ ജനങ്ങളാണെന്ന് വികസന സങ്കൽപ്പത്തെക്കുറിച്ച് പ്രശസ്ത എഴുത്തുകാരനും സാമ്പത്തിക മാനേജ്മെന്റ് വിദഗ്ദ്ധനുമായ Peter Ferdinand Drucker പറഞ്ഞിട്ടുണ്ട്. നവകേരള നിർമ്മിതി എന്ന വാക്കിന് ഒരു നാടിന്റെയാകെ പ്രതീക്ഷകൾക്ക് ചിറക് നൽകുന്ന സ്വപ്ന സൗന്ദര്യമുണ്ട്. ജനങ്ങളുടെ ജീവൽപ്രശ്നങ്ങളും അടിസ്ഥാന ജനതയുടെ ആശങ്കകളും പരിസ്ഥിതി പ്രശ്നങ്ങളുമൊക്കെ പരിഹരിക്കപ്പെടുമ്പോഴാണ് കേരളം സമഗ്രക്ഷേമത്തിലെത്തുകയെന്ന ഉത്തമമായ ബോധ്യത്തോടെ എല്ലാ അർത്ഥത്തിലും നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ ദൃഢപ്രതിജ്ഞ ആവർത്തിച്ച് പ്രഖ്യാപിക്കുന്ന കൃത്യവും വ്യക്തവുമായ പദ്ധതിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ്. ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു; ഉപധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. സ്കൂളുകളിൽ പ്രഭാതഭക്ഷണം നൽകുന്നതിനുള്ള തുകകൂടി ഇതിലുൾപ്പെടുത്തണമെന്ന അഭിപ്രായമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

ഏത് സാമ്പത്തിക വൈഷമ്യത്തിന് നടുവിലും സമ്പൂർണ്ണ സാമൂഹ്യസുരക്ഷ, സുസ്ഥിര വികസനം, സമഗ്ര പശ്ചാത്തല സൗകര്യ വികസനം എന്നിവ ബഹുമാനപ്പെട്ട ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ മുഖമുദ്രയാണെന്ന് 2022-23 വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റ് വ്യക്തമാക്കുകയാണ്. കേരളത്തിന്റെ മണ്ണും ജലവും പ്രകൃതിയും കൃഷിയും വ്യവസായവും സർവ്വോപരി നവോത്ഥാന പാരമ്പര്യവും സംരക്ഷിച്ച് നാടിനെ മുന്നോട്ടുകൊണ്ടുപോകാൻ ദീർഘവീക്ഷണത്തോടെ ചുവടുവയ്ക്കുന്ന രജതരേഖയാണ് ബഡ്ജറ്റ്. നവോത്ഥാന പാരമ്പര്യം ഉയർത്തിപ്പിടിക്കുന്ന കൂട്ടത്തിൽ തിരുവിതാംകൂറിന്റെ ഭാഗമായി ഒരു കാലത്ത് നവോത്ഥാന ആശയങ്ങൾ ഉയർത്തിക്കൊണ്ടുവന്ന അയ്യങ്കാളിയെ സംബന്ധിച്ച് പരാമർശിക്കാൻ കഴിഞ്ഞില്ല. ജാതി ഒൺട്രൈ, മതം ഒൺട്രൈ, വേഷം ഒൺട്രൈ, ഭാഷ ഒൺട്രൈ, ഉലകം ഒൺട്രൈ തുടങ്ങിയ

ആശയങ്ങൾ ഒരുകാലത്ത് ഉയർത്തിപ്പിടിച്ച അയ്യാ വൈകുണ്ഠസ്വാമിക്കുവേണ്ടി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിക്കാൻ കഴിയുമെങ്കിൽ അത് ചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക വിപത്തുകളെയും ആവർത്തിച്ചുപെയ്ത പെരുമഴയും പ്രളയവും തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെയും ഒറ്റക്കെട്ടായി അതിജീവിച്ച കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ലോകത്തിനാകെ മാതൃകയായി സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും എല്ലാ ജീവജാലങ്ങൾക്കും ഭക്ഷണം ഉറപ്പാക്കിയ സർക്കാരിന്റെ തുടർച്ചയാണ് ഈ സർക്കാർ. പ്രതിസന്ധികളെ അതിജീവിച്ച് നമ്മുടെ സംസ്ഥാനത്തെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തിക്കുന്നതിന് ദിശാബോധം പകരുന്ന വികസന രേഖയാണ് ഈ ബഡ്ജറ്റെന്നത് തർക്കമില്ലാത്തതാണ്. കോവിഡ് മഹാമാരിയെത്തുടർന്ന് ലോകമെങ്ങും രൂപപ്പെട്ട കടുത്ത പ്രതിസന്ധികൾക്കും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയങ്ങൾ സൃഷ്ടിച്ച ആഘാതങ്ങൾക്കും മുന്നിൽ പതറിപ്പോകാതെ ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാൻ ജനങ്ങൾക്ക് കരുത്തേകുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഭാവിയെക്കുറിച്ച് ജനങ്ങൾക്ക് ശുഭപ്രതീക്ഷ പുലർത്താൻ

രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബഡ്ജറ്റ് വഴിയൊരുക്കുകയാണ്. ഓരോ വ്യക്തിയെയും കുടുംബത്തെയും ഭാവിതലമുറകളെയും മുന്നിൽകണ്ട് ഏവരുടെയും ഉന്നമനവും സാമൂഹ്യനീതിയിലൂന്നിയ വികസനക്രമവും ഉറപ്പുവരുത്തുന്നുണ്ട്. കേന്ദ്രത്തിന്റെ വിനാശകരമായ നയങ്ങൾക്കുപകരം ശക്തമായ ജനക്ഷേമ-തൊഴിലാളിപക്ഷ ബദൽ ഉയർത്തി മാതൃകയായ കേരളം പ്രതിസന്ധിമുഖത്തും പ്രത്യാശ പകരുകയാണ്. കേന്ദ്രത്തിന്റെ ജനവിരുദ്ധനയങ്ങൾ താങ്ങാനാകാത്ത ദുരിതങ്ങളിലേയ്ക്കും ദുരന്തങ്ങളിലേയ്ക്കും ജനങ്ങളെ തള്ളിനീക്കുമ്പോഴാണ് നാടിന്റെയും ജനങ്ങളുടെയും താൽപ്പര്യം സംരക്ഷിച്ച വിവിധ ജനക്ഷേമ പദ്ധതികൾ നടപ്പിലാക്കി പിണറായി സർക്കാർ മുന്നോട്ടുപോകുന്നത്. മുൻ അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ്. കെന്നഡിയുടെ അഭിപ്രായത്തിൽ സാമൂഹ്യ പുരോഗതിയില്ലാത്ത സാമ്പത്തിക വളർച്ച ബഹുഭൂരിപക്ഷം ആളുകളെയും ദാരിദ്ര്യത്തിൽ തുടരാൻ അനുവദിക്കുന്നു. അതേസമയം പ്രത്യേക അവകാശമുള്ള ചുരുക്കം ചിലർ വർദ്ധിച്ചുവരുന്ന സമൃദ്ധിയുടെ നേട്ടങ്ങൾ കൊയ്യുകയും ചെയ്യുന്നുവെന്നാണ്. ഇതിന്റെ ഉത്തമ ഉദാഹരണമാണ് കേന്ദ്രധനമന്ത്രി ശ്രീമതി നിർമ്മലാ

സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ്. കോവിഡ് മഹാമാരിമൂലം തകർന്നടിഞ്ഞ സാധാരണക്കാരുടെ ജീവിതം തിരികെപ്പിടിക്കാനോ സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനോ നിർദ്ദേശങ്ങളില്ലാത്ത കേന്ദ്ര ബഡ്ജറ്റ് ഊന്നൽനൽകുന്നത് കോർപ്പറേറ്റുവൽക്കരണത്തിനും ദേശീയ ആസ്തികൾ വിറ്റഴിക്കുന്നതിനും മാത്രമാണ്. രാജ്യത്തെ പട്ടിണിപ്പാവങ്ങളുടെ അന്നന്നത്തെ അന്നത്തിന് വകനൽകുന്ന എല്ലുമുറിയെ പണിയെടുക്കുന്നവരും സമൂഹത്തിലെ നിർദ്ധനനരുമായ ജനങ്ങളുടെ പ്രതീക്ഷയും പ്രത്യാശയുമായിരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു വർഷത്തിൽ നൂറ് ദിവസം ലഭിക്കുന്ന തൊഴിലും കൂലിയും ഈ പാവങ്ങൾക്ക് ഏറെ ആശ്വാസം പകർന്നിരുന്നു. 2021-22-ൽ കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്കായി 98,000 കോടി രൂപയാണ് നീക്കിവച്ചതെങ്കിൽ ഇത്തവണ അത് 73,000 കോടി രൂപയായി വെട്ടിക്കുറച്ചിരിക്കുന്നു. 25,000 കോടി രൂപയുടെ കുറവാണ് വന്നിട്ടുള്ളത്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് അവർ വ്യക്തമാക്കേണ്ടതാണ്. ഇത്തരത്തിൽ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര ബഡ്ജറ്റ് അട്ടിമറിക്കുമ്പോൾ അശരണർക്കും

നിരാലംബർക്കുമായി പടപൊരുതിയ അയ്യങ്കാളിയുടെ നാമധേയത്തിൽ നഗര മേഖലയിലെ സാധാരണക്കാരായ പാവങ്ങൾക്കുവേണ്ടി രാജ്യത്ത് ആദ്യമായി അയ്യങ്കാളി നഗര പദ്ധതി കേരളത്തിൽ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കി. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 50 ലക്ഷം തൊഴിൽ ദിനങ്ങൾ സംരക്ഷിക്കാൻ 125 കോടി രൂപയാണ് ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. മാത്രമല്ല, രാജ്യത്ത് ആദ്യമായി അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതിയും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു. ആയതിലേയ്ക്കായി ആദ്യഘട്ടത്തിൽ നൂറ് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുവഴി 60,000-ത്തിലധികം കുടുംബങ്ങളെ നിത്യ ദാരിദ്ര്യത്തിൽനിന്നും കൈ പിടിച്ചുയർത്തുന്നത് ഇന്ന് രാജ്യത്തിനുതന്നെ മാതൃകയാണ്. കോർപ്പറേറ്റ് കുത്തകകൾക്ക് സർച്ചാർജ്ജ് ഇളവ് നൽകുന്നതിലേയ്ക്കായി സാധാരണക്കാരന്റെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളിൽ പൊറുതിമുട്ടിയ സാധാരണ ജനങ്ങൾക്ക് പ്രതീക്ഷയുടെ പൊൻകിരണമാണ് സംസ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗരപദ്ധതിയും അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുമെന്നത്

ഇവിടെ അടിവരയിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാടിന്റെ സമസ്ത മേഖലകളെയും ഗുണപരമായി സ്വാധീനിക്കുന്നുവെന്നും സമൂഹത്തിന്റെ എല്ലാ ജനവിഭാഗങ്ങൾക്കും ഗുണമേന്മയുള്ള ജീവിതം ഉറപ്പുവരുത്തുകയും ചെയ്യുകയെന്നുള്ള സങ്കൽപ്പമാണ് ഒരു മികച്ച സർക്കാരിന്റെ മുഖമുദ്ര. അത്തരം ഒരു സമീപനത്തിൽ പരിപാടികൾ ആവിഷ്കരിക്കുകയും പ്രഖ്യാപിക്കുകയും മാത്രമല്ല, അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും കൃത്യമായ വിലയിരുത്തൽ ഉറപ്പാക്കുകയും ചെയ്യുകയാണ് ഈ സർക്കാർ. കഴിഞ്ഞ സർക്കാർ തുടങ്ങി വയ്ക്കുകയും ഈ സർക്കാർ ഫലപ്രദമായി തുടരുകയും ചെയ്യുന്ന നൂറ് ദിന പരിപാടി അതിന്റെ മികവുറ്റൊരു ഉദാഹരണമാണ്. അമർത്യാസെന്നിനെപോലുള്ള വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞർ കേരളത്തിന്റെ ക്ഷേമോന്മുഖമായ വികസന മാതൃകയെ പ്രകീർത്തിച്ചിട്ടുണ്ട്. വികസിത രാജ്യങ്ങൾക്ക് തുല്യമായി സാമൂഹ്യനീതിയിലധിഷ്ഠിതമായ ക്ഷേമ പ്രവർത്തനങ്ങൾ ദൃശ്യമായ ആ വികസന മാതൃകയുടെ വിജയകരമായ നടപ്പാക്കലാണ് ഈ സർക്കാരിന് വീണ്ടും ജനകീയ അംഗീകാരം നേടിക്കൊടുത്തത്. കോവിഡ് വ്യാപനം ഉയർത്തിയ സാമ്പത്തിക

പ്രതിസന്ധിക്കിടയിലും ക്ഷേമ പ്രവർത്തനങ്ങൾ ചിട്ടയോടെ നടത്തിക്കൊണ്ടുപോകുവാൻ സർക്കാരിന് സാധിച്ചത് ജനങ്ങൾക്ക് പകരുന്ന ആശ്വാസം ചെറുതല്ല. ഈ ക്ഷേമമാതൃകയ്ക്കൊപ്പം സംസ്ഥാനത്തെ യുവത്വത്തിന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ ഭാവികേരളത്തെ സജ്ജമാക്കുന്ന ദീർഘ ദർശനത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യം വയ്ക്കുകയെന്നത് ഒരു മികച്ച സർക്കാരിന്റെ കടമയാണ്. ഗതാഗതക്കുരുക്കും റോഡ് അപകടങ്ങളും അന്തരീക്ഷ മലിനീകരണവും ഉയർത്തുന്ന ആശങ്ക അവസാനിപ്പിക്കാൻ ഉതകുന്നതും അതിവേഗത്തിൽ സംസ്ഥാനത്തിന്റെ രണ്ട് അറ്റങ്ങളെയും ബന്ധിപ്പിക്കാൻ ഉതകുന്നതുമായ ഒരു യാത്രാമാർഗ്ഗം കേരളത്തിന് ഇന്ന് അനിവാര്യമാണ്. ആഗോള വിനോദസഞ്ചാര ഭൂപടത്തിൽ ഇടം നേടിയ സംസ്ഥാനമാണ് കേരളം. ഇവിടെയാണ് സംസ്ഥാനം വിഭാവന ചെയ്യുന്ന അതിവേഗ റെയിൽ പദ്ധതിയായ സിൽവർ ലൈനിന്റെ പ്രസക്തി. തലസ്ഥാന നഗരത്തിൽനിന്നും 85 മിനിട്ടുകൊണ്ട് എറണാകുളത്തും നാലുമണിക്കൂർ കൊണ്ട് കാസർഗോഡും എത്തിച്ചേരാവുന്ന പാത ഹൈ സ്പീഡ് റെയിലിനെക്കാൾ ചെലവ് കുറഞ്ഞതാണ്. ലോക

വ്യാപകമായി പാരിസ്ഥിതികമായ ആശങ്ക ഉയർത്തുന്ന കാർബൺ പുറന്തള്ളൽ ഭീഷണി കുറഞ്ഞ പദ്ധതിയാണ് ഇതെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. സിൽവർ ലൈൻ നടപ്പിലാകുകയും റോഡ് ഗതാഗതത്തിനുള്ള ആശ്രിതത്വം കുറയുകയും ചെയ്യുമ്പോൾ കാർബൺ ബഹിർഗമനത്തിന്റെ തോത് ഗണ്യമായി കുറയ്ക്കാൻ സാധിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. സർക്കാർ മേഖലയിലും മറ്റിതര തൊഴിൽ മേഖലയിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് എല്ലാ ദിവസവും കേരളത്തിലെ ഏതു ജില്ലയിലും പോയി ജോലി ചെയ്ത് വീട്ടിലെത്താവുന്ന തരത്തിൽ കേരളത്തിൽ ജീവിത സുരക്ഷയും ഗതാഗത സുരക്ഷയും ഒരുക്കുകയാണ് സിൽവർ ലൈൻ പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ചെയ്യുന്നത്. ലോംഗ് ഇക്കണോമിക് കോവിഡ് എന്നറിയപ്പെടുന്ന ദീർഘകാല സാമ്പത്തിക പ്രതിസന്ധിക്കുമുന്നിൽ ലോകമാകെ പകച്ചുനിൽക്കുമ്പോൾ ബദൽ നയങ്ങൾ നടപ്പാക്കുകയാണ് കേരളം. കോവിഡാനന്തര ലോക സാമ്പത്തികക്രമം എങ്ങനെയാകണമെന്ന ആഗോള തലത്തിലെ സാമ്പത്തിക വിദഗ്ധർ ചർച്ച ചെയ്തുവരുന്ന ഈ കാലയളവിൽ കോവിഡാനന്തര ധനനയ സമീപനം എങ്ങനെയാകണമെന്ന്

ലോകത്തിനുതന്നെ മാതൃകയാക്കാവുന്ന കേരള മോഡലാണ് ഇക്കൊല്ലത്തെ സംസ്ഥാന ബഡ്ജറ്റെന്ന് പറയാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ജനക്ഷേമവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പുവരുത്താനുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വിശാല കാഴ്ചപ്പാട് പ്രതിഫലിക്കുന്ന ഈ ബഡ്ജറ്റ്, കേരളം നേരിടുന്ന എല്ലാ പ്രശ്നങ്ങളെയും വെല്ലുവിളികളെയും അഭിമുഖീകരിക്കുകയും അവയ്ക്ക് പ്രതിവിധിയും കണ്ടെത്തുന്നു. ഒപ്പം ദീർഘ കാലത്തേയ്ക്കുള്ള വളർച്ചാ പാക്കേജ് മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു. ഉൽപ്പാദന മേഖലകൾ സജീവമാക്കി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച്, തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച്, സമ്പദ്ഘടന അഭിമുഖീകരിക്കുന്ന പ്രതിസന്ധി മറികടക്കുകയാണ് ലക്ഷ്യം. വിശപ്പുരഹിത കേരളമെന്ന ആശയം മുൻനിർത്തി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ലോക മാതൃകയാണ്. കേരളത്തിൽ ഒരാൾപോലും പട്ടിണി കിടക്കരുതെന്ന് സർക്കാർ ആഗ്രഹിക്കുന്നുണ്ട്. സാമൂഹിക പിന്തുണയോടെ ഇതിനായി നടത്തിയ ഇടപെടലുകൾ മാനവികതയുടെ അടയാളമായി മാറി. വിലക്കയറ്റം തടഞ്ഞും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തിയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി 2,000 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ലൈഫ്

മിഷൻ വഴി ഇതിനകം 2,76,465 കുടുംബങ്ങൾ സ്വന്തം വീടിന്റെ ഉടമകളായി. 2022-23-ൽ മാത്രം 1,06,000 വ്യക്തിഗത വീടുകളും 2,950 ഫ്ലാറ്റുകളും നിർമ്മിക്കുമെന്ന പ്രഖ്യാപനം തികച്ചും സ്വാഗതാർഹമാണ്. എന്നാൽ കോർപ്പറേറ്റുകൾക്ക് വാരിക്കോരി കൊടുക്കുന്ന കേന്ദ്ര സർക്കാർ കേരളത്തിന് അർഹമായ നികുതി വിഹിതം, ജി.എസ്.ടി. നഷ്ടപരിഹാരം, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ കൃത്യമായി ലഭ്യമാക്കി നൽകുന്നതിൽ കാണിക്കുന്ന അവഗണനയ്ക്കെതിരായുള്ള പ്രതിഷേധം രാഷ്ട്രീയമായി ഉയരണമെന്ന ആഹ്വാനവും ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തെ അറിവിന്റെ സമൂഹമാക്കി മാറ്റാൻ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് നയിക്കാൻ സവിശേഷമായ ഒട്ടേറെ നടപടികൾ പ്രഖ്യാപിച്ച ഈ ബഡ്ജറ്റ് ചരിത്രത്തിലെ മായാമുദ്രയായി മാറും. തൊഴിലില്ലായ്മ പരിഹരിക്കൽ മുൻനിർത്തി ഉന്നത വിദ്യാഭ്യാസത്തിലടക്കം വമ്പിച്ച അഴിച്ചുപണികൾക്കും മാറ്റങ്ങൾക്കും പദ്ധതി രൂപപ്പെടുത്തുന്നുണ്ട്. അറിവും പ്രതിഭയും സർഗ്ഗശേഷിയുമെല്ലാം സമന്വയിപ്പിച്ചുള്ള മുന്നേറ്റമാണ് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. ഒപ്പം ഒരുതരത്തിലുമുള്ള വ്യത്യാസവുമില്ലാതെ എല്ലാവരെയും ചേർത്തുനിർത്തുന്ന ആരോഗ്യസുരക്ഷ, ഭക്ഷ്യസുരക്ഷ,

സാമൂഹ്യസുരക്ഷ, വിദ്യാഭ്യാസ സൗകര്യം എന്നിവ ഉറപ്പാക്കുന്ന നടപടികൾക്കും ഇക്കൊല്ലത്തെ സംസ്ഥാന ബഡ്ജറ്റ് ലക്ഷ്യമിടുന്നുണ്ട്. എന്നാൽ ഇതിൽനിന്നൊക്കെ വിഭിന്നമായിരുന്നു കേന്ദ്ര ബഡ്ജറ്റ്. കേരളമുന്നയിച്ച പല ആവശ്യങ്ങളും അംഗീകരിച്ചില്ലെങ്കിലും സംസ്ഥാനം നടപ്പാക്കിയ പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തി രാജ്യത്തിന് മാതൃകയാക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമം, വികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ രംഗങ്ങളിൽ കേരളം കൈവരിച്ച പ്രഥമ സ്ഥാനങ്ങൾ നിലനിർത്തുകയും പുതിയ നേട്ടങ്ങൾ ആർജ്ജിക്കുകയും വേണം. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികപ്രകാരം ഒട്ടേറെ സുപ്രധാന മേഖലകളിൽ കേരളം തുടർച്ചയായി രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയും ജനകീയ പ്രതിബദ്ധതയും വികസന കാഴ്ചപ്പാടുമാണ് അഭിമാനകരമായ ഈ നേട്ടങ്ങളുടെ അടിസ്ഥാന ശില. സാമൂഹിക ക്ഷേമത്തിനൊപ്പം സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും ഉറപ്പുനൽകുന്ന നവകേരള സൃഷ്ടിയുടെ രണ്ടാം ഘട്ടം സമ്പൂർണ്ണ വിജയമാക്കാൻ തുടർഭരണം അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞാണ്

ജനങ്ങൾ എൽ.ഡി.എഫ്.-നെ വീണ്ടും അധികാരം ഏൽപ്പിച്ചത്. പദ്ധതികൾ തടസ്സപ്പെടുത്താനുള്ള നീക്കങ്ങൾക്കും വിവാദങ്ങൾക്കും കീഴ്പ്പെടാതെ ജനങ്ങളോടുള്ള ഉത്തരവാദിത്വം പൂർണ്ണമായി നിറവേറ്റുമെന്ന പ്രഖ്യാപനമാണ് ബഡ്ജറ്റിൽ മുഴങ്ങുന്നത്. രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇത് യാഥാർത്ഥ്യമാക്കുന്നതിൽ പങ്കാളികളാകുകയാണ് കേരളത്തെ സ്നേഹിക്കുന്നവരുടെ കടമയെന്ന കാര്യം ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. മഹാനായ കാറൽ മാർക്സിന്റെ വാക്കുകൾ ഞാൻ ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്. വെറും ഭരണത്തിലല്ല, ഭരിക്കുന്നുവെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുമ്പോഴാണ് ഏതൊരു ഗവൺമെന്റും അർത്ഥവത്താകുന്നതെന്ന് മഹാനായ കാറൽ മാർക്സ് പറയുകയുണ്ടായി. കേരളത്തിൽ സഖാവ് പിണറായി വിജയൻ സർക്കാരിന്റേത് വെറും ഭരണമല്ലെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകുകയാണ്. അങ്ങനെ ഈ ഗവൺമെന്റ് അർത്ഥമുള്ളൊരു ഗവൺമെന്റായി മാറുകയാണെന്ന കാര്യംകൂടി അറിയിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ലെനിന്റെ ഭരണകാലത്ത് (Baku) ബാക്കു

എന്നുപറയുന്ന സ്ഥലത്തെ കമ്മ്യൂണിസ്റ്റുകൾ സ്കൂൾ കുട്ടികളെ ഒരു പാർക്കിലേയ്ക്ക് കൊണ്ടുപോയിട്ട് ഭക്ഷണത്തിനുവേണ്ടി ബൈബിളിൽ തൊട്ട് പ്രാർത്ഥിക്കാൻ പറഞ്ഞു. കാരണം ബൈബിളിലുള്ള വിശ്വാസം കുറയ്ക്കുക എന്നുള്ളതായിരുന്നു ആ കാലഘട്ടത്തിലെ ഉദ്ദേശ്യം. ബൈബിൾ തൊട്ട് കുട്ടികൾ ഭക്ഷണത്തിനുവേണ്ടി പ്രാർത്ഥിച്ചു, ഭക്ഷണം വന്നില്ല. അതിനുശേഷം കമ്മ്യൂണിസ്റ്റുകൾ ലെനിനെ വിളിച്ച് പ്രാർത്ഥിക്കാൻ കുട്ടികളോട് പറഞ്ഞു. ലെനിനെ വിളിച്ച് പ്രാർത്ഥിച്ചപ്പോൾ അവിടെ തടഞ്ഞുവച്ചിരുന്ന എല്ലാ വാഹനങ്ങളും അകത്തേയ്ക്ക് കയറ്റിവിട്ടു. എന്നിട്ട് കുട്ടികൾക്ക് റൊട്ടിയും ചീസും പഴവർഗ്ഗങ്ങളുമൊക്കെ കൊടുത്തു. എന്നിട്ട് നിങ്ങൾക്ക് ആരാണ് അന്നം തന്നതെന്ന് അവരോട് ചോദിച്ചു. ലെനിനാണെന്ന് പറഞ്ഞു. അപ്പോൾ ആരാണ് ദൈവം? ദൈവം ജീസസ് അല്ല, ലെനിനാണ് എന്ന് ചരിത്രത്തിൽ നിന്ന് നമുക്ക് വായിച്ചെടുക്കാൻ കഴിയും. പച്ചീരി വിഷ്ണുക്ഷേത്രത്തിനുമുന്നിൽ അന്നം തരുന്നവനാണ് ദൈവം എന്നുപറഞ്ഞുകൊണ്ട് ഒരു വലിയ ചിത്രം വയ്ക്കുകയുണ്ടായി. അത് ശ്രീ. പിണറായി വിജയന്റെ ചിത്രമാണ്. അന്നം തരുന്നവനാണ് ദൈവം എന്നാണ് ലെനിന്റെ കാലഘട്ടത്തിലും കമ്മ്യൂണിസ്റ്റുകൾ പറഞ്ഞത്. ഇപ്പോഴും

അന്നം തരുന്നവനാണ് ദൈവം. അന്ന് റൊട്ടിയും വെണ്ണയുമാണ് നൽകിയതെങ്കിൽ ഇപ്പോൾ കിറ്റാണ് എന്നുള്ള ഒരൊറ്റ വ്യത്യാസമേയുള്ളൂ. അന്ന് കുട്ടികളാണ് ഇത് വിശ്വസിച്ചതെങ്കിൽ ഇന്ന് എം.എൽ.എ.-മാരാണ് ശ്രീ. പിണറായി വിജയൻ ദൈവമാണ് എന്ന് വിശ്വസിക്കുന്ന ഒരു വ്യത്യാസം കൂടിയുണ്ട്. എത്ര വലുതായാലും കുട്ടികളുടെ ബുദ്ധിയാണ് ഇവർക്ക് എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. 2021-22-ലെ ബഡ്ജറ്റിൽ പ്രതിപാദിച്ച കുറെ കാര്യങ്ങളുണ്ട്. സ്മാർട്ട് കിച്ചൺ, മലബാർ ലിറ്ററസി സർക്യൂട്ട്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, കശുമാവിൽ നിന്നും മദ്യം ഉൽപ്പാദിപ്പിൽ, വാക്സിൻ നിർമ്മാണ കേന്ദ്രം എന്നിവയൊക്കെ എവിടെപ്പോയി; എവിടെ എത്തി എന്നുള്ളത് അങ്ങ് ഒന്ന് പരിശോധിക്കണം. എന്നാൽ ഇന്ന് ചെറിയ മാറ്റങ്ങളുണ്ടായി. കശുമാവിൽ നിന്നും മദ്യം ഉണ്ടാക്കുന്നതിനുപകരം ഇനി മുതൽ മരച്ചീനിയിൽ നിന്നുമാണ് ഉണ്ടാക്കുന്നത്. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് ഇക്കുറി തീർത്ഥാടന സർക്യൂട്ട് ആയി മാറി. അങ്ങനെ ചിലതൊക്കെ മാറി എന്നുള്ളതല്ലാതെ ഇവിടെ പറഞ്ഞ കാര്യങ്ങൾ വല്ലതും നടപ്പിലായിട്ടുണ്ടോ എന്ന് ഭരണപക്ഷത്തുള്ളവർ തന്നെ ആലോചിക്കട്ടെ. UNDP ഒരു ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ

ബഡ്ജറ്റിൽ പറഞ്ഞകാര്യം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അതിനെ ലോൺട്ടി ലിസ്റ്റ് എന്നൊരു ലിസ്റ്റാക്കി മാറ്റും. ഇവിടെ കഴിഞ്ഞ ബഡ്ജറ്റ് മുഴുവനായി ലോൺട്ടി ലിസ്റ്റായി മാറിയിരിക്കുന്നുവെന്നുള്ളതാണ് സത്യം. ഭരണപക്ഷത്ത് അങ്ങനെ വരുമ്പോൾ പ്രതിപക്ഷത്തിന്റെ ചുമതലയാണ് ലോൺട്ടി ലിസ്റ്റ് എടുത്ത് വീണ്ടും ഒന്ന് ഓഡിറ്റ് ചെയ്യുക എന്നുള്ളത്. അതാണ് ഞങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ കടമയാണ് ഞങ്ങൾ നിർവ്വഹിക്കുന്നത്. എന്റെ പ്രിയപ്പെട്ട ശ്രീ. എ. എൻ. ഷംസീറേ, നിങ്ങൾക്ക് മാൻഡേറ്റ് കിട്ടിയെന്ന് താങ്കൾ പറഞ്ഞല്ലോ. ഞങ്ങൾക്കും മാൻഡേറ്റ് കിട്ടിയിട്ടുണ്ട്. നിങ്ങൾക്ക് 43 ശതമാനമാണ് വോട്ട് ലഭിച്ചതെങ്കിൽ, അതായത് ഭൂരിപക്ഷം ജനങ്ങളുടെ വോട്ടിലല്ല നിങ്ങൾ മാൻഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്നത്. 45 ശതമാനമാണ് നിങ്ങൾക്ക് കിട്ടിയതെങ്കിൽ 40 ശതമാനം മാൻഡേറ്റ് ഞങ്ങൾക്കുമുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന് 25.12 ശതമാനം, സി. പി. ഐ.(എം.)-ന് 25.38. ഇത് രണ്ടിനും പോയിന്റ് രണ്ടിന്റെ വ്യത്യാസമേയുള്ളൂ. ഐ.യു.എം.എൽ.-ന് -8.27, സി.പി.ഐ.-ക്ക് 7.58 ശതമാനം. നമ്മൾ ഈ മാൻഡേറ്റ് എന്നുപറയുമ്പോൾ ഞങ്ങൾ ഇവിടെ ഇരിക്കാനും ജനങ്ങൾ

മാൻഡേറ്റ് തന്നിട്ടുണ്ട്. അത് എന്തിനുവേണ്ടിയാണ്; നിങ്ങൾ പറയുന്നത് കേട്ടിരിക്കാനും നിങ്ങൾ മിണ്ടരുത്, ഞങ്ങൾക്ക് മാൻഡേറ്റുണ്ട് എന്നുപറഞ്ഞ് പോകാനാണോ; അല്ല. നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയുള്ള മാൻഡേറ്റാണ് ഞങ്ങൾക്ക് തന്നിട്ടുള്ളത്. അതുകൊണ്ടാണ് ഇവിടെ പ്രതിപക്ഷം എന്നുപറയുന്ന സംഭവം ജനാധിപത്യത്തിലുണ്ടായിട്ടുള്ളത്. ജനാധിപത്യത്തിലെ പ്രതിപക്ഷം എന്തെങ്കിലുമൊന്ന് മിണ്ടിയാൽ മിണ്ടിപ്പോകരുത്, നിങ്ങളുടെ നെഞ്ചത്തുകൂടി ഞങ്ങൾ ഇത് ചെയ്യും എന്നൊരിക്കലും പറയാൻ പാടില്ല ശ്രീ. എ. എൻ. ഷംസീർ. അതുകൊണ്ട് അങ്ങേയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും. നമ്മുടെ ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയോട് ഞാനൊരു ചോദ്യം ചോദിച്ചു. കഴിഞ്ഞ ആറേഴ് ദിവസം മുമ്പുള്ള വഖഫ് ബോർഡ് മീറ്റിംഗിൽ ഒരു അജണ്ട വന്നിരുന്നു. അദ്ദേഹം പറഞ്ഞു ഞാൻ അറിഞ്ഞില്ല എന്നാണ്. പക്ഷേ ആ അജണ്ട ഇതാണ് (പേപ്പർ ഉയർത്തിക്കാട്ടി). അതിലെ നാലാമത്തെ ഇനം, കേരളാ സ്റ്റേറ്റ് വഖഫ് ബോർഡിനുവേണ്ടി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ കത്ത് സംബന്ധിച്ച്. റിക്രൂട്ട്മെന്റ് ബോർഡ്

സ്ഥാപിക്കുന്ന അഭിപ്രായം ചോദിച്ചുകൊണ്ട് ഒരു കത്ത് സർക്കാരിന്റെ പേരിൽ ആരോ അയച്ചിട്ടുണ്ട്. പക്ഷേ അന്നുരാവിലെ ഇതൊക്കെയായി ആളുകൾ ബോർഡിൽ വന്നുനോക്കുമ്പോൾ ഈ അജണ്ട കാണാനില്ല. ഈ അജണ്ട പിൻവലിച്ചിരിക്കുന്നു. ശ്രീ. സുരേഷ് ഗോപിയുടെ ഭാഷയിൽ പറഞ്ഞാൽ 'ദാ വന്നു, ദേ പോയി'. അവസാനം ഇത് ആരാണ് പിൻവലിച്ചത്; ഏത് മിന്നൽ മുരളിയാണ് ഇതെടുത്ത് മാറ്റിയത് എന്നുള്ളത് കണ്ടുപിടിക്കണം. കാരണം ഇവിടത്തെ മന്ത്രിക്കുപോലും അറിയില്ല. അതിനെപ്പറ്റി ധാരണയില്ല എന്നാണ് അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞത്. നിങ്ങളിലാരോ ബോർഡ് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നുണ്ട്. പക്ഷേ ആരോ റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കാൻ സമ്മതിക്കില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഫലമാണ് ഒരാഴ്ചമുമ്പ് വന്നിട്ടുള്ള അജണ്ട അപ്രത്യക്ഷമായതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭിന്നശേഷിക്കാർക്കുവേണ്ടി ഒരു ആക്ട് നിലവിലുണ്ട്. അവർക്ക് 25 ശതമാനമെങ്കിലും കൂടുതൽ പെൻഷൻ കൊടുക്കണമെന്നാണ് കേന്ദ്ര ആക്ട്. ആ ആക്ട് നിലനിൽക്കെ നിങ്ങൾ എല്ലാ പെൻഷനുകളും സംയോജിപ്പിച്ച് ഒറ്റ പെൻഷനാക്കി മാറ്റിയിരിക്കുകയാണ്. പാർലമെന്റ് പാസ്സാക്കിയ

ഭിന്നശേഷി അവകാശ നിയമത്തിലെ അദ്ധ്യായം 5, അനുച്ഛേദം 24(1) പ്രകാരം 'എല്ലാ സാമൂഹ്യ സുരക്ഷാ പദ്ധതികളും സാധാരണ നൽകുന്ന ആനുകൂല്യങ്ങളെക്കാൾ 25 ശതമാനമെങ്കിലും ഭിന്നശേഷിക്കാർക്ക് കൂടുതൽ നൽകണം' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പക്ഷേ നിങ്ങൾ ആ ആക്ടിനെ മുഴുവൻ കാറ്റിൽപ്പറത്തി അത് നടപ്പിലാക്കിയിട്ടില്ല. ഇപ്പോൾ പൊതുകടം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പൊതുകടത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യയിൽ 9-ാം സ്ഥാനത്ത് എത്തിയിരിക്കുകയാണ്. 3.29 ലക്ഷം കോടി രൂപയാണ് കേരളത്തിലെ ഇപ്പോഴത്തെ പൊതുകടം. ഓരോ കടങ്ങളെക്കുറിച്ചും ഞാൻ പറയുന്നില്ല. ഓരോ വർഷത്തെ കടങ്ങളെക്കുറിച്ചും ഞാൻ പറയുന്നില്ല. കടം കൂടിക്കൂടി വരികയാണ്. കഴിഞ്ഞ ബഡ്ജറ്റും ഈ ബഡ്ജറ്റും തമ്മിലുള്ള ഒറ്റവ്യത്യാസം അന്നത്തെ ബഡ്ജറ്റിൽ കുറെ കവിതകളുണ്ടായിരുന്നു. ഇപ്പോൾ വരണ്ടുപോയ ഒരു ബഡ്ജറ്റായി മാറി എന്നുള്ള വ്യത്യാസമേയുള്ളൂ. അദ്ദേഹം കാര്യം മാത്രം പറഞ്ഞുപോകുകയാണ്. കഥാപ്രസംഗങ്ങളൊക്കെ ഉണ്ടായിരുന്നു. അതൊക്കെ മാറി നല്ല അക്ഷരസ്ഫുടതയോടുകൂടിയുള്ള പ്രസംഗം കേട്ടു എന്നുള്ളതല്ലാതെ അതിൽ എന്തെങ്കിലും നടക്കുമോ എന്നുള്ളതിനെക്കുറിച്ച് യാതൊരു ധാരണയുമില്ല.

ട്രെയിനിനെക്കുറിച്ച് പറഞ്ഞു, ശ്രീ. സി. കെ. ഹരീന്ദ്രൻമാഷ് ഇപ്പോഴും അത് വിട്ടിട്ടില്ലേ; അങ്ങ് 'പീപ്പിൾസ് ഡെമോക്രസി' എന്ന ലേഖനത്തിലെ ഒറ്റവരി വായിച്ചാൽ മതിയാകും. ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് വൈറ്റ് എലഫന്റ് ആകുമെന്നാണ്. ഒരു തരത്തിലുള്ള ഹൈസ്പീഡ് റെയിൽവേയും would show the extensive ground realities in India. It's expensive white elephant involving enormous public expenditure that India can ill afford detracting from badly needed public investment in social infrastructure and poverty eradication. ഞങ്ങൾ തിരുത്തന്നതാണല്ലോ ഈ ലേഖനം. ഞങ്ങൾ തിരുത്തുന്ന ലേഖനംപോലും നിങ്ങൾ വായിക്കുന്നില്ല എന്നുപറഞ്ഞാൽ എന്താണ് ചെയ്യുക; ഞങ്ങൾ തിരുത്തുന്ന ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് it's a very bad idea എന്നാണ്. ഞാൻ അതുകഴിഞ്ഞ്....

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം ചുരുക്കണം. ദയവുചെയ്ത് പ്രസംഗം ചുരുക്കണം. ഇന്ന് 5 ധനവിനിയോഗ ബില്ലുകളുടെ ചർച്ച കൂടിയുള്ളതാണ്.

ഡോ. എം. കെ. മുനീർ: സർ, ഒരു മിനിട്ട്. 'Gangster State' എന്നുപറയുന്ന ഒരു പുസ്തകമിറങ്ങി. 'Gangster State: The Rise and Fall of

the CPI(M) in West Bengal' എഴുതിയത് Sourjya Bhowmick ആണ്. അത് ആരാണെന്ന് അറിയാമോ; അവിടത്തെ എസ്.എഫ്.ഐ.-യുടെ പ്രവർത്തകനായി, പ്രസിഡൻസി കോളേജിൽ ധാരാളം വർഷം പഠിച്ച് അവസാനം 'Gangster State' എന്നുപറയുന്നത് എഴുതിയത്. എങ്ങനെയാണ് ഗുണ്ടായിസത്തിലൂടെ സിംഗൂർ ഗ്രാമമുണ്ടാക്കാൻ വേണ്ടി ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ ശ്രമിച്ചത്, അങ്ങനെ കാലാകാലത്തേയ്ക്കും കമ്മ്യൂണിസം ഇല്ലാതായി എന്നുപറയുന്ന ബുക്കാണത്. ഇത് വായിച്ചുനോക്കിയിട്ട് കെ-റെയിൽ വേണോ വേണ്ടയോ എന്നുള്ളത് നിങ്ങൾ തീരുമാനിച്ചാൽ മതി. കാരണം ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. കാരണം കമ്മ്യൂണിസം ഈ കോലത്തിൽ ആകുന്നുണ്ടെങ്കിൽ അതിന്റെ അന്ത്യ പ്രാർത്ഥനയ്ക്കുവേണ്ടി കാത്തിരിക്കുകയാണ്. ഇതുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, 2021-2022-ലെ അന്തിമ ഉപധനാഭ്യർത്ഥനകളേയും വിവിധ വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളേയും പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സംസ്കൃത്തിൽ ഒരു ചൊല്ലുണ്ട് 'മിതംച സാരംച വചോതി വാഗ്മിത', മിതമായ

ഭാഷയിൽ സാരാംശത്തോടെ സംസാരിക്കുന്നവരെയാണ് വാഗ്മികൾ എന്നുപറയുന്നത്. ആ ഒരർത്ഥത്തിൽ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഒരു തികഞ്ഞ വാഗ്മിയാണ് എന്നുപറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിന്റെ ഇരുപത്തിയഞ്ച് വർഷത്തെ വികസനം മുന്നിൽ കണ്ടുകൊണ്ട് പ്രഖ്യാപനങ്ങൾ നടത്തിയ ബഡ്ജറ്റ് പ്രസംഗവും അതുപോലെ കാര്യമാത്രപ്രസക്തമായ ഇന്നലത്തെ മറുപടി പ്രസംഗവും മിതമായും സാരമായും എങ്ങനെ കാര്യങ്ങളെ അവതരിപ്പിക്കാമെന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ഇപ്പോൾ നമുക്കുമുമ്പിൽ രണ്ട് ബഡ്ജറ്റുകളാണുള്ളത്. ഒന്ന്, മാർച്ച് 11-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച കേരളത്തിന്റെ ബഡ്ജറ്റ്. ആ ബഡ്ജറ്റിൽ എന്തെങ്കിലും അത്ഭുതമുണ്ടാകുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നതായി തോന്നുന്നില്ല. എന്നാൽ ജനങ്ങൾക്കും കേരളത്തിനും ഗുണകരമാകുന്ന കുറച്ചുകാര്യങ്ങൾ അതിലുണ്ടാകുമെന്ന് ഉറപ്പായിരുന്നു. എന്നാൽ ഫെബ്രുവരി 1-ന് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ രാജ്യത്തെ സാധാരണ ജനങ്ങൾക്കും

തൊഴിലാളികൾക്കും വളരെ ആശങ്കയായിരുന്നു. ജനങ്ങളുടെ ആശങ്ക ശരിയായിരുന്നുവെന്ന് ആ ബഡ്ജറ്റ് തെളിയിക്കുകയും ചെയ്തു. ഇവിടെ കാര്യങ്ങൾ വ്യക്തമാണ്. ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ചത് കോർപ്പറേറ്റുകളുടെ ബഡ്ജറ്റ് ആയിരുന്നുവെങ്കിൽ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത് ജനങ്ങൾക്കുവേണ്ടി നവകേരളം സൃഷ്ടിക്കുന്നതിനുള്ള ബഡ്ജറ്റ് ആയിരുന്നു. കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളുടെ ഘോഷയാത്രയായിരുന്നു. ജി.ഡി.പി. വളർച്ച 9.2 ആയി ഉയരുമെന്നും 80 ലക്ഷം പേർക്ക് വീടുവച്ച് നൽകുമെന്നും 60 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കുമെന്നും 400 ട്രെയിനുകൾ പുതുതായി ഓടിക്കുമെന്നും തുടങ്ങി ഒട്ടേറെ പ്രഖ്യാപനങ്ങൾ ആ ബഡ്ജറ്റിലുണ്ടായിരുന്നു. എന്നാൽ 2014 മുതലുള്ള ശ്രീ. നരേന്ദ്ര മോദിയുടെ വാഗ്ദാനങ്ങൾക്ക് എന്ത് സംഭവിച്ചുവെന്ന് പരിശോധിച്ചാൽ ആ ബഡ്ജറ്റിലെ പൊള്ളത്തരം ആർക്കും മനസ്സിലാകാവുന്നതേയുള്ളൂ. ഇതൊക്കെയാണെങ്കിലും ബി.ജെ.പി. സർക്കാർ പറയുന്നത് പ്രവർത്തിക്കുകയും അതിൽ വിജയിക്കുകയും ചെയ്യുന്ന ഒട്ടേറെ കാര്യങ്ങൾ നമുക്ക് അംഗീകരിക്കാതിരിക്കാനും തരമില്ല. കോർപ്പറേറ്റുകൾക്ക് ആനുകൂല്യം നൽകുന്നതിൽ അവർക്ക് നല്ല ജാഗ്രതയാണ്. യൂണിയൻ

ബഡ്ജറ്റിൽ കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്നും 22 ശതമാനമായി കുറച്ച് 1.45 ലക്ഷം കോടി രൂപ അവർക്ക് നേട്ടമുണ്ടാക്കിക്കൊടുത്തുവെന്നത് നാം ശ്രദ്ധിക്കണം. ദേശസാൽകൃത ബാങ്കുകളിൽനിന്നും കോർപ്പറേറ്റുകൾ എടുത്ത 8.75 ലക്ഷം കോടി രൂപ എഴുതിത്തള്ളാൻ കാര്യക്ഷമമായി പ്രവർത്തിച്ചു. റിസർവ് ബാങ്കിന്റെ ലാഭവിഹിതം പൂർണ്ണമായും ഊറ്റിയെടുക്കാൻ ആവശ്യമായതെല്ലാം സർക്കാർ ചെയ്തുകൊടുത്തു. ഒരു ലിറ്റർ പെട്രോളിന് 33 രൂപയും ഡീസലിന് 32 രൂപയും ഇന്ന് ടാക്സിനത്തിൽ കേന്ദ്ര സർക്കാരിന് ലഭിക്കാൻ നടപടി സ്വീകരിച്ചുവെന്നത് മാത്രമല്ല അതിന്റെ ആനുപാതിക വിഹിതം സംസ്ഥാന സർക്കാരുകൾക്ക് കിട്ടാതിരിക്കാൻ അതിന് അഡീഷണൽ എക്സൈസ് ഡ്യൂട്ടിയെന്ന് പേരുമാറ്റാൻ ജാഗ്രത കാണിക്കുകയും ചെയ്തു. പൊതുമേഖല സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് കിട്ടുന്ന വിലയ്ക്ക് കൈമാറാൻ അവർ നല്ല മിടുക്കരാണെന്ന് ഇപ്പോൾ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് ജി.ഡി.പി.-യുടെ മൂന്നുശതമാനത്തിൽ കൂടുതൽ വായ്പയെടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ ജി.ഡി.പി.-യുടെ 6.9 ശതമാനം വായ്പ കേന്ദ്രത്തിന് എടുക്കാനാവശ്യമായ

നടപടികളെല്ലാം സ്വീകരിച്ചു. കുറുക്കുവഴിയിലൂടെ സമ്പന്നരെ അതിസമ്പന്നരാക്കുന്ന നയമാണ് ബി.ജെ.പി.-യുടേത് എന്നാണ് ഇതിലൂടെ നാം കാണുന്നത്. എന്നാൽ ഇതേ ബഡ്ജറ്റിൽത്തന്നെ പരിഗണിക്കപ്പെടാതെ പോയ ഒട്ടേറെ ഘടകങ്ങളുണ്ട്. തൊഴിലുറപ്പ് പദ്ധതി, കാർഷിക മേഖല, വിദ്യാഭ്യാസം, ഗ്രാമ വികസനം, വനിതകളുടെ സുരക്ഷ, ഭക്ഷ്യ സബ്സിഡി, വളം സബ്സിഡി എന്നിവയ്ക്കെല്ലാം മുൻവർഷത്തേക്കാൾ ബഡ്ജറ്റ് വിഹിതം കുറച്ചുവെന്നത് നാം മനസ്സിലാക്കേണ്ടതാണ്. ഇവിടെയാണ് നമ്മുടെ സംസ്ഥാനത്തെ 2022-23 വർഷത്തെ ബഡ്ജറ്റിനെ നോക്കിക്കാണേണ്ടത്. കേരളം നേരിടുന്ന ഏറ്റവും വലിയ വിഷയം സാമ്പത്തിക പ്രതിസന്ധിയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി എന്തുകൊണ്ടാണിത്ര രൂക്ഷമായതെന്ന് ഈ സഭാതലത്തിൽതന്നെ നിരവധി തവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. 2016-ലെ നോട്ട് നിരോധനം, 2017-ലെ ജി.എസ്.റ്റി. പരിഷ്കാരം എന്നിവ ഒരു ഗൃഹപാഠവും കൂടാതെയാണ് കേന്ദ്രം നടപ്പിലാക്കിയത്. ജി.എസ്.ടി. നടപ്പിലാക്കുന്നതുവരെ ഓരോവർഷവും വിൽപ്പന നികുതിയിലും തുടർന്ന് വാറ്റിലും 18-20 ശതമാനം

വരെ വർദ്ധനവുണ്ടാകുമായിരുന്നു. ജി.എസ്.റ്റി. വന്നപ്പോൾ അത് 11 ശതമാനമായി കുറഞ്ഞുവെന്നത് നാം മനസ്സിലാക്കണം. 14 ശതമാനം വർദ്ധനവ് കണക്കാക്കിയുള്ള ഇതിന്റെ നഷ്ടപരിഹാരം ഈ ജൂണിൽ അവസാനിക്കുമെന്നതും ഏറെ ആശങ്കയുളവാക്കുന്നൊരു കാര്യമാണ്. 2018-2019 വർഷങ്ങളിലെ വെള്ളപ്പൊക്ക ദുരന്തങ്ങൾ സർക്കാരിന്റെ ബാധ്യത ഇരട്ടിയാക്കിയെന്നത് നമുക്കറിയാം. 2020-21 വർഷക്കാലം കോവിഡ് എന്ന മഹാമാരിയുടെ കാലഘട്ടമായിരുന്നു. ഈ സമയങ്ങളിലെല്ലാം വരുമാനം കുത്തനെ കുറയുകയും ചെലവ് കുതിച്ചുയരുകയും ചെയ്തു. പുതിയ സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമോയെന്ന ആശങ്ക നമുക്കില്ലാതെയില്ല. അതിനുകാരണം കേന്ദ്രവിഹിതം നിശ്ചയിക്കുമ്പോൾ ജനസംഖ്യാനുപാതികമായി കേരളത്തിന് 2.77 ശതമാനം ലഭ്യമാകേണ്ടതാണ്. എന്നാൽ കേന്ദ്രസർക്കാർ വകയിരുത്തിയിരിക്കുന്നത് 1.92 ശതമാനം മാത്രമാണ്. ഒരു വർഷം 9,000 കോടി രൂപയുടെ നഷ്ടമാണ് ഇതിലൂടെയുണ്ടാകുന്നത്. ജി.എസ്.റ്റി. നഷ്ടപരിഹാരം അവസാനിക്കുന്നതിലൂടെ ഒരുവർഷം 12,000 കോടി രൂപയിലധികം

രൂപയുടെ വരുമാനം ഇല്ലാതാകും. കമ്മി നികത്തുന്നതിനുള്ള സഹായം കിട്ടാതെയും കൂടിയാകുമ്പോൾ 4,000 കോടി രൂപ കുറയും. വായ്പാപരിധി 5 ശതമാനമാക്കി ഉയർത്തണമെന്ന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. അങ്ങനെ ആകെ വരുമാനത്തിൽ 25,000-ത്തിലധികം കോടി രൂപയുടെ കുറവ് പുതിയ വർഷമുണ്ടാകുമെന്നാണ് ഏകദേശം കണക്കാക്കുന്നത്. ഈ പ്രതിസന്ധികൾക്കിടയിൽ നിന്നുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഇത്രയും നല്ലൊരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങൾക്ക് ഗുണകരമായ ഒട്ടേറെ പ്രഖ്യാപനങ്ങൾ അതിലുണ്ടായിരുന്നുവെന്നതാണ് ആ ബഡ്ജറ്റിന്റെ സവിശേഷമായ വസ്തുത. ബഡ്ജറ്റിൽ നവകേരളം സൃഷ്ടിക്കുകയെന്നത് വലിയ ലക്ഷ്യമായി അവതരിപ്പിച്ചിട്ടുണ്ട്. 25 വർഷം മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. വിജ്ഞാന സമ്പദ്ഘടനയിലൂടെ കേരളത്തിന് ബഹുദൂരം മുന്നോട്ടുപോകാനാകും എന്നുതന്നെ ബഡ്ജറ്റ് കണക്കുകൂട്ടുന്നു. ദാരിദ്ര്യത്തിൽ കഴിയുന്നവരെ കണ്ടെത്തി അവരെ അതിൽനിന്നും മോചിപ്പിക്കുന്നതിന് 100 കോടി രൂപ ചെലവഴിക്കുമെന്ന് ആ ബഡ്ജറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇനിയും

വീടില്ലാത്തവർക്ക് വീട് വച്ചുനൽകാൻ 1871 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഒന്ന്, രണ്ട് കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ആദരപൂർവ്വം അറിയിക്കുകയാണ്. കേരളത്തിലെ ആദ്യ ജനകീയ ഭവനനിർമ്മാണ പദ്ധതിയാണ് എം. എൻ. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ ആരംഭിച്ച ലക്ഷം വീട് പദ്ധതി. ലക്ഷം വീട് പദ്ധതി ആരംഭിച്ചതിന്റെ 50-ാം വാർഷികം കൂടിയാണ് 2022-ൽ നടക്കുന്നത്. ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനുള്ള പ്രവർത്തനത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അഞ്ചുകോടി രൂപ വക മാറ്റിയത് വളരെയേറെ സ്വാഗതാർഹമാണ്. എന്നാൽ ഏഴായിരത്തോളം പേർ ഇപ്പോഴും ഈ ആനുകൂല്യത്തിന് അർഹരാണ്. ഒരിക്കൽ ലക്ഷം വീട് ലഭിച്ച കുടുംബത്തിന് പിന്നീട് ലൈഫ് ഉൾപ്പെടെയുള്ള ഒരു ഭവനപദ്ധതിക്കും അപേക്ഷിക്കാനാകില്ല. ഈ വീടിലെ ഒരൊറ്റ ചുവരിന് ഇരുവശങ്ങളിലായി രണ്ട് കുടുംബങ്ങൾ താമസിക്കുന്ന സ്ഥിതി വളരെ ദയനീയമാണ്. ഈ സാഹചര്യത്തിൽ അനുവദിച്ചതുക ഈ സാമ്പത്തിക വർഷംതന്നെ വർദ്ധിപ്പിച്ച് നൽകാനും സമ്പൂർണ്ണമായി ഒറ്റ വീടുകളാക്കാനും ഈ സർക്കാരിന്റെ കാലത്തുതന്നെ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണമെന്നുകൂടി

ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മറ്റൊരുകാര്യം ആശാവർക്കർമാർ, അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും എന്നിവർ ഈ കോവിഡ് കാലത്ത് ഏറ്റവും ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. ഇവരുടെ പ്രവർത്തനങ്ങളെ പരിഗണിച്ചുകൊണ്ട് വേതനം വർദ്ധിപ്പിക്കണമെന്നും മറ്റ് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പ്രഖ്യാപനങ്ങൾകൂടി ബഡ്ജറ്റിന്റെ ഭാഗമായി ഉണ്ടാകണമെന്നും വളരെ വിനീതമായി അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്. കാർഷിക പരിഷ്കരണം പൂർത്തീകരിച്ചാൽ ആധുനിക വ്യവസായവൽകൃത സമൂഹമായി കേരളത്തെ ഉയർത്താനാകും. ആധുനിക വിജ്ഞാനത്തെ, ഐ.ടി. സാധ്യതകളെ, മനുഷ്യനും ജീവികളും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധത്തെ, ഗ്രാഫീൻ ഗവേഷണത്തെയടക്കം എല്ലാം പഠിപ്പിക്കാനും പഠിക്കാനും പ്രയോഗിക്കാനും സാധ്യമായ പുതിയ കാഴ്ചപ്പാട് അവതരിപ്പിക്കുന്നതിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിജയിച്ചുവെന്നത് ഏറെ അഭിനന്ദനാർഹമാണ്. രാജ്യത്തെ സമ്പത്തുൽപ്പാദനം വർദ്ധിപ്പിക്കുമ്പോൾ അതിന്റെ നേട്ടം രാജ്യത്തെ ഭൂരിപക്ഷ ജനതയിൽക്കൂടി എത്തിക്കുകായെന്ന കർമ്മമാണ് യഥാർത്ഥത്തിൽ

ബഡ്ജറ്റ് നിർവ്വഹിക്കുന്നത്. ലോകത്തിലെ നിരവധി രാജ്യങ്ങൾ ഈ വഴിയിലാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കറിയാം. എന്നാൽ ഇന്ത്യയിൽ നേർ വിപരീത ദിശയിലാണ് ബഡ്ജറ്റുകൾ സഞ്ചരിക്കുന്നത്. അതുകൊണ്ടാണ് 84 ശതമാനം കുടുംബങ്ങളുടെ വരുമാനത്തിൽ കോവിഡ് കാലത്ത് വൻകുറവുണ്ടായപ്പോൾ ഒരുശതമാനത്തിൽ താഴെവരുന്ന കോർപ്പറേറ്റുകളുടെ വരുമാനത്തിൽ 46 ശതമാനം വർദ്ധനവുണ്ടായത്. ഈ രീതിയിൽ തുടർന്നാൽ ലോകത്തിൽ ഏറ്റവും കൂടുതൽ പട്ടിണിക്കാരുള്ള രാജ്യമായി, ഏറ്റവും കൂടുതൽ ആളുകൾ നേരത്തേ മരിക്കുന്ന രാജ്യമായി ഇന്ത്യ മാറുമെന്നതിൽ യാതൊരു സംശയവുമില്ല. ഈ സാഹചര്യത്തിലാണ് കേരള ബഡ്ജറ്റ് ദിശാബോധവും ആശ്വാസവും കരുണയുമുള്ളതായി വിലയിരുത്തപ്പെടുന്നത്. ആയതിനാൽ ബഡ്ജറ്റിനെയും ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും പൂർണ്ണമായി ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഈ അധികധനാഭ്യർത്ഥനകളേയും ഉപധനാഭ്യർത്ഥനകളേയും ഞാൻ ശക്തമായി എതിർക്കുകയാണ്. കേരളത്തിലെ യുവാക്കളെ വഞ്ചിച്ച ഒരു ബഡ്ജറ്റാണിത്. കേരളത്തിൽ

ഏകദേശം 30 ശതമാനം യുവാക്കളുണ്ടെന്നാണ് കണക്ക് പറയുന്നത്. അതിന്റെ ശരിയായ കണക്ക് എത്രയാണെന്നുള്ളതിന് വിശകലനം നടത്തേണ്ടിവരും. 2021-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് വാല്യം-1 പേജ് നമ്പർ 334-ൽ, 2020-ൽ കേരളത്തിലെ തൊഴിലന്വേഷകർ/തൊഴിൽരഹിതർ 34.3 ലക്ഷമായിരുന്നത് 2021-ൽ 38.3 ലക്ഷമായി ഉയർന്നിട്ടുള്ളതായി പറയുന്നു. കേന്ദ്ര സർക്കാരിന്റെ Periodic Labour Force Survey (PLFS) കഴിഞ്ഞ വർഷം ഡിസംബർ 29-ന് പൂർത്തിയാക്കിയ സർവ്വേ പ്രകാരം തൊഴിലില്ലായ്മ നിരക്ക് 21 ശതമാനമായിരുന്നു. എന്നാൽ 2020 ജനുവരി മുതൽ മാർച്ച് വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 15-നും 29-നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ നിരക്ക് 40.5 ശതമാനമായി ഉയർന്നിട്ടുണ്ട്. അതായത്, കഴിഞ്ഞ വർഷത്തേക്കാൾ ഇരട്ടിയാണ്. ഇവരെ ഈ ബഡ്ജറ്റ് അഡ്രസ് ചെയ്തില്ലെന്നതാണ് ഏറ്റവും വലിയ വിരോധാഭാസം. മാനവവിഭവശേഷി ഫലപ്രദമായി ഉപയോഗിക്കുന്നതിനും ചെറുപ്പക്കാർക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനും ഈ ബഡ്ജറ്റ് സമ്പൂർണ്ണ പരാജയമാണ്. 15-നും 29-നും ഇടയിൽ പ്രായമുള്ള യുവാക്കളുടെ

തൊഴിലില്ലായ്മയുടെ നിരക്കിൽ കേരളം രണ്ടാംസ്ഥാനത്ത് എത്തിയിട്ടും, അത് ധനകാര്യ വകുപ്പുമന്ത്രി അറിഞ്ഞിട്ടില്ല. ഇത് എന്താണ്; തൊഴിൽ വർദ്ധിപ്പിക്കാൻ എന്ത് പദ്ധതിയാണ് ഈ ബഡ്ജറ്റിൽ മുന്നോട്ടുവയ്ക്കുന്നത്; ഒന്നുമില്ല. യുവാക്കൾക്ക് തൊഴിൽ നിഷേധിക്കുന്നതിനെക്കുറിച്ച് നമുക്കറിയാം. 2021 ആഗസ്റ്റിനുശേഷം എൽ.ഡി. ക്ലാർക്കുമാർ, ഓഫീസ് അസിസ്റ്റന്റ്, പോലീസ്, ഫയർമാൻ തുടങ്ങിയ അഞ്ഞൂറിലധികം പ്രധാന തസ്തികകൾക്ക് കഴിഞ്ഞ ഒരു വർഷമായി പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ല. 22-02-2022-ൽ ഞാൻ ചോദിച്ച ചോദ്യ നമ്പർ *35-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ ഇതിന്റെ ഗൗരവം വ്യക്തമാക്കുന്നതാണ്. പക്ഷേ, പി.എസ്.സി. നിയമനം നടക്കേണ്ട പല തസ്തികകളിലും താൽക്കാലികക്കാർ ജോലി ചെയ്യുന്നുണ്ട്. ഇതാണ് ഞങ്ങളും ഉദ്യോഗാർത്ഥികളും തത്വത്തിൽ പറഞ്ഞ നിയമന നിരോധനം. ഇത് വളരെ മോശമല്ലേ? കഴിഞ്ഞ ഇരുപതുവർഷത്തിനിടയിൽ പ്രധാന തസ്തികകളിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത അവസ്ഥയുണ്ടായിട്ടില്ല. പക്ഷേ ഈ കാലഘട്ടത്തിലാണ് അത് കൂടുതൽ കാണുന്നത്. യുവാക്കൾക്ക് തൊഴിൽ നൽകുന്ന ഒരു സംരംഭവും ആരംഭിക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ

യാതൊരു പരാമർശവുമില്ല. പി.എസ്.സി. വഴി ലഭിക്കേണ്ട അർഹമായ തൊഴിലവസരങ്ങൾകൂടി നിഷേധിക്കപ്പെടുന്നു. ഇത് കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരോടുള്ള വെല്ലുവിളിയാണ്. ഇവിടെ ഇരിക്കുന്ന ഡി.വൈ.എഫ്.ഐ./എസ്.എഫ്.ഐ. നേതാക്കകന്മാർക്ക് ഇതിനെക്കുറിച്ച് എന്താണ് പറയാനുള്ളതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. എന്താണ് നിങ്ങളുടെ പ്രതികരണശേഷി നഷ്ടപ്പെട്ടോ? ലോകായുക്തയുടെ പല്ലും നഖവും പിണറായി ഗവൺമെന്റ് എടുത്ത് കളഞ്ഞു. അതുപോലെതന്നെയാണോ ഇവിടെയുള്ള ഡി.വൈ.എഫ്.ഐ./ എ.വൈ.എഫ്.ഐ. നേതാക്കന്മാരുടെ പല്ലും നഖവും എടുത്ത് പിണറായി സർക്കാർ എടുത്തു കളഞ്ഞോയെന്ന് സംശയിക്കുന്നു. ഇതിന് നിങ്ങൾ തക്കതായ മറുപടി പറയാനുള്ള ആർജ്ജവമെങ്കിലും കാണിക്കണം. 'ലൈഫ് മിഷൻ' പദ്ധതിയിൽ ഒന്നരവർഷമായി അപേക്ഷ വാങ്ങിയതിൽ ഒന്നും കൊടുക്കാൻ സാധിച്ചില്ല. പുതിയ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നിട്ടും ലൈഫ് മിഷൻ പദ്ധതിവഴി ഒരു വീടുപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യമാണ്. ഫെബ്രുവരി 28-ന് അവസാന ലിസ്റ്റ് പഞ്ചായത്ത് നൽകുമെന്നാണ് സർക്കാർ പറഞ്ഞത്. പക്ഷേ അതിപ്പോൾ മാർച്ച് 15 വരെ അപേക്ഷിക്കാമെന്ന് വീണ്ടും

നീട്ടിയിരിക്കുകയാണ്. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് മനഃപൂർവ്വം അപേക്ഷകൾ ക്ഷണിക്കുന്നതിന്റെ കാലാവധി നീട്ടികൊണ്ടിരിക്കുകയാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ലൈഫ് മിഷൻ പദ്ധതിയിൽ സാധാരണയായി ഗ്രാമസഭകളിൽനിന്നാണ് ആളുകളെ സെലക്ട് ചെയ്യുന്നത്. എന്നാൽ ഇവിടെ ഉദ്യോഗസ്ഥന്മാരാണ് സെലക്ട് ചെയ്യുന്നത്. ജനാധിപത്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ജനപ്രതിനിധികളെ നോക്കുകുത്തികളാക്കി ഉദ്യോഗസ്ഥന്മാരിലേയ്ക്ക് ഇന്ന് ഈ സമ്പ്രദായം കൊണ്ടെത്തിക്കുമ്പോൾ അവിടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും ഗ്രാമസഭകളും നോക്കുകുത്തികളാകുന്നു. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയില്ല. മറ്റൊന്ന്, പഞ്ചായത്തുകളിലെ ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണം. മുനിസിപ്പാലിറ്റിയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയിൽ ഇന്ന് ക്ഷീരകർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. രാവും പകലും ഒത്തിരി കഷ്ടപ്പെടുന്നവരാണ് പഞ്ചായത്തുകളിലെ ക്ഷീരകർഷകർ. അവരെയുംകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാഹചര്യമുണ്ടാക്കണമെന്ന് പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രിയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. കാരണം, അവർ

അത്രമാത്രം കഷ്ടപ്പെടുന്നുണ്ട്. കേരള ഹൈക്കോടതി ആലുവയിൽ ഒരു കുടുംബകോടതി അനുവദിച്ചിട്ടുണ്ട്. ഇനി വേണ്ടത് സാമ്പത്തികാനുമതിയാണ്. പ്രിയങ്കരനായ മന്ത്രി, ആലുവ കോടതി എന്നുപറയുമ്പോൾ വർഷങ്ങളായി പഴക്കമുള്ള കോടതിയാണ്. ഏകദേശം 80 വർഷത്തോളം പഴക്കമുണ്ട്. എനിക്ക് തോന്നുന്നു, 1811-ൽ അഞ്ച് കോടതികൾ കേരളത്തിൽ രൂപീകരിച്ചപ്പോൾ അന്നുണ്ടായ കോടതിയാണ് ആലുവ കോടതി. അതുകൊണ്ട് ആലുവ കോടതിയിൽ കുടുംബകോടതി അനുവദിക്കാൻവേണ്ടി സാമ്പത്തികാനുമതി നൽകണം. ഇക്കാര്യം നിയമ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനും ഞാൻ ആഗ്രഹിക്കുകയാണ്. ആ രീതിയിൽ ഉൾപ്പെടുത്തിയാൽ ആ പ്രദേശത്തുള്ള ആളുകൾക്ക് വലിയ നേട്ടമായിരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നിർഭയ പദ്ധതി അനുസരിച്ച് നിർഭയമായി പോലീസ് സ്റ്റേഷനിൽ കയറി ചെല്ലാമെന്നാണ് ഈ ഗവൺമെന്റും പോലീസും പറയുന്നത്. പക്ഷേ, അവിടെ ഭയത്തോടുകൂടിയാണ് പരാതിക്കാർ പുറത്തേയ്ക്ക് വരുന്നത്. എനിക്കറിയാവുന്ന ഒരനുഭവം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഇത് ഇവരെല്ലാവരും ശ്രദ്ധിച്ചതാണ്. മോഫിയ പർവീൺ എന്ന ഒരു പെൺകുട്ടി

പരാതിയുമായി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ അവിടെയുണ്ടായ ദുരവസ്ഥയും പിന്നീടവർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യവുമുണ്ടായി. സി.ഐ.-യുടെ ഭാഗത്തുനിന്നുമുണ്ടായ മോശമായ പ്രവർത്തിയാണ് ആ കുട്ടിയെ ആത്മഹത്യയിലേയ്ക്ക് നയിച്ചത്. പിന്നീട് ആ സി.ഐ.-യെ സസ്പെന്റ് ചെയ്തു. വലിയ സമരങ്ങളിലേയ്ക്ക് പോകേണ്ട, പോലീസ് സ്റ്റേഷന്റെ മുമ്പിൽ കുത്തിയിരിക്കേണ്ട രാഷ്ട്രീയ സാഹചര്യത്തിലേയ്ക്ക് ഈ ഗവൺമെന്റും  പോലീസും ഞങ്ങളെ വലിച്ചിറക്കേണ്ട സാഹചര്യമുണ്ടായി. അന്ന് നിർഭയമായി ചെന്ന കുട്ടി പിന്നീട് ആത്മഹത്യ ചെയ്തു. ഇന്നും ആ സി.ഐ.-യ്ക്കെതിരെ കേസെടുക്കാത്ത ഒരു സമീപനമാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിരിക്കുന്നത്. സ്ത്രീ സുരക്ഷയെക്കുറിച്ച് പറയുന്ന ഇവിടെയുള്ള ഗവൺമെന്റ് എന്ത് സ്ത്രീ സുരക്ഷയാണ് കൊടുക്കുന്നത്? കഴിഞ്ഞ ദിവസം സഫ്ന യാക്കുബ് എന്ന കെ.എസ്.യു. വനിതാ വിദ്യാർത്ഥിനേതാവിനെ അതിക്രൂരമായാണ് ഇവിടെയുള്ള എസ്.എഫ്.ഐ.-ക്കാർ തല്ലിചതച്ചത്. ഇതുവരെയും ആ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്യാൻ തയ്യാറായില്ല. എ.ഐ.വൈ.എഫ്.ഐ. നേതാക്കളെപ്പോലും ക്രൂരമായി മർദ്ദിച്ച എസ്.എഫ്.ഐ.-കാർക്കെതിരെ

ചെറുവിരൽതുമ്പുപോലും അനക്കാൻ കേരളത്തിലെ സ്ത്രീ സുരക്ഷയെക്കുറിച്ച് പറയുന്ന ഇവിടെയുള്ള വനിതാ നേതാക്കൻമാർക്ക് കഴിഞ്ഞിട്ടുണ്ടോ? അതാണ് ഞങ്ങൾ പറഞ്ഞത്. കേരളത്തിലെ പോലീസ് ഇന്ന് ജനപക്ഷത്തല്ല, ഇവിടെയുള്ള ഗുണ്ടകളുടെയും കൊള്ളക്കാരുടെയും ഒപ്പമാണ്. അതിൽ ശക്തമായ പ്രതിഷേധം കേരളത്തിലെ ജനങ്ങൾക്കുണ്ട്. അത് ഒരുകാരണവശാലും അനുവദിക്കാൻ സാധിക്കില്ല. കെ.എസ്.യു.-ലെ വനിതാ നേതാക്കളെ ക്രൂരമായി മർദ്ദിച്ചതിന് ശക്തമായ പ്രതിക്ഷേധം രേഖപ്പെടുത്തികൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളെയും ഒരിക്കൽകൂടി എതിർക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ ഈ അധിക ധനാഭ്യർത്ഥനയെയും ഉപധനാഭ്യർത്ഥനയെയും പിന്തുണയ്ക്കുന്നു. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ആലുവ അംഗം ശ്രീ. അൻവർ സാദത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത്, നമ്മുടെ നാട്ടിലൊരു പദപ്രയോഗമുണ്ട്, 'XXXXXXXXXXX+' എന്ന്. ഇത് അതിനുമപ്പുറത്ത്, XXXXXXX+ എനിക്ക് തോന്നുന്നത്. ഞാൻ ബഡ്ജറ്റ് പ്രസംഗത്തിലെ ചില ഹെഡ്ഡിംഗുകൾ മാത്രം വായിക്കാം. വിജ്ഞാന സമ്പദ്ഘടനയും

+ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.
+

നൈപുണ്യവികസനവും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ......

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: ശരി. എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, രണ്ട് കാര്യങ്ങളാണ്. ശ്രീ. അൻവർ സാദത്തിന്റെ പ്രസംഗം ഒരു പ്രയോഗത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. ആ പ്രയോഗംതന്നെ പൊളിറ്റിക്കലി കറക്ടല്ല. ഇപ്പോൾ ആരും അങ്ങനെ പറയാറില്ല. അതുകൊണ്ടാണ് ഞാൻ ആ പ്രയോഗം ആവർത്തിക്കാത്തത്. ആ പ്രയോഗം പൊളിറ്റിക്കലി കറക്ടല്ല, ശ്രീ. അൻവർ സാദത്തിനെക്കുറിച്ച് പറഞ്ഞ പരാമർശവും രേഖയിലുണ്ടാൻ പാടില്ല.+

മി. ചെയർമാൻ: അക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.+

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, അക്കാര്യം ശ്രീ. അൻവർ സാദത്ത് പറയട്ടെ. ഞാൻ എന്റെ പരാമർശത്തിൽ ഉറച്ചുനിൽക്കുന്നു. നാട്ടിലുള്ളൊരു പ്രയോഗത്തെ അതിനേക്കാൾ തെറ്റായ രീതിയിൽ ഇവിടെ പറഞ്ഞതുകൊണ്ടാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ, കേരള ജിനോമിക്സ് ഡാറ്റാ സെന്റർ, മെഡിക്കൽ ടെക്നോളജി കൺസോർഷ്യം,

+ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.

+

മൈക്രോബയോമുകളിലെ മികവിന്റെ കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കൽസിൽ മികവിന്റെ കേന്ദ്രം, ഗ്രാഫീൻ എന്നിവയടക്കം ഭാവി തലമുറയെ മുന്നിൽക്കണ്ടുകൊണ്ട് 25 വർഷത്തെ ദിശാബോധത്തോടുകൂടി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഇത്ര വികലമായി ചിത്രീകരിച്ചതുകൊണ്ടാണ് അങ്ങനെയൊരു പരാമർശത്തിലേയ്ക്ക് പോയത്. എന്റെ സമയം വല്ലാതെ കളഞ്ഞു. അൽപ്പം സമയം കൂടുതൽ തരണം.

ഒന്നുരണ്ട് കാര്യം മാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, ഇവിടെ രണ്ട് ബഡ്ജറ്റുകൾ... രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കം സംസാരിച്ചപ്പോൾ വലതുപക്ഷ നയ വ്യതിയാനത്തെ കുറിച്ച് വാചാലമായി പറയുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് മാത്രം സൂചിപ്പിക്കാൻ ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് അധിക നാളായിട്ടില്ല. ആ ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റുമായി ചുരുക്കം ചില തലങ്ങളിൽ ഒരു താരതമ്യം മാത്രം നടത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേന്ദ്ര ബഡ്ജറ്റിൽ ജി.ഡി.പി. ഗ്രോത്ത് 9 ശതമാനമാണ് പറഞ്ഞിരിക്കുന്നതെങ്കിൽ അടിസ്ഥാന മേഖലയായ കാർഷിക മേഖലയ്ക്ക് ഒരു പ്രാതിനിധ്യവും പ്രസ്തുത ബഡ്ജറ്റിൽ

പരാമർശിച്ചിട്ടില്ല. സെൻട്രലി സ്പോൺസേർഡ് സ്കീമുകൾക്ക് തൊട്ടുമുൻപത്തെ ബഡ്ജറ്റിൽ 17,408 കോടി രൂപയാണ് വകയിരുത്തിയതെങ്കിൽ ഇത്തവണത്തെ ബഡ്ജറ്റിൽ 10,889 കോടി രൂപ. 7,000 കോടി രൂപയുടെ കുറവാണ് അടിസ്ഥാന സൗകര്യ വികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായുള്ള കാര്യത്തിൽ വന്നത്. കാർഷിക ലോണുകളുടെ പലിശ സബ്സിഡി പൂർണ്ണമായും നിർത്തലാക്കി. വിള ഇൻഷുറൻസിന് 16,000 കോടി രൂപ വകയിരുത്തിയിരുന്നത് 15,500 കോടി രൂപയായി കുറവുചെയ്തു. കർഷക ക്ഷേമ പദ്ധതികൾക്ക് മുമ്പ് 300 കോടി രൂപയുണ്ടായിരുന്നത് കേവലം 9 കോടി രൂപയായി കുറച്ചു. ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകളുമായി ബന്ധപ്പെട്ട സബ്സിഡിക്ക് 200 കോടി രൂപയുടെ കുറവുവന്നു. എന്തിന്, ഭക്ഷ്യസുരക്ഷാ മിഷനുവരെ 300 കോടി രൂപയുടെ....

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, (...മൈക്ക് ഓഫ്...)

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ വഴങ്ങുന്നില്ല. കേന്ദ്ര ഗവൺമെന്റിനെ സംരക്ഷിക്കാൻ ശ്രമിക്കുന്നതിന് വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. സനീഷ് കുമാർ ജോസഫിന്റെ ഇടപെടൽ കോൺഗ്രസ്സിന്റെ നയത്തിന്റെ

തെളിവാണ് എന്നതുകൊണ്ട് ഞാനിവിടെ വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല.

25 വർഷത്തെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ബഡ്ജറ്റ് അവതരിപ്പിച്ചത് ഞാൻ പറഞ്ഞു. കോവിഡ് ആഘാതത്തെയും വരുമാന നഷ്ടത്തെയും തൊഴിൽ നഷ്ടത്തെയുമൊക്കെ പരിഹരിക്കാനുള്ള ലക്ഷ്യത്തോടെയുള്ള ബഡ്ജറ്റ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുമാത്രം റബ്ബർ സബ്സിഡിക്ക് 500 കോടി രൂപ. അതിലുപരി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി റോഡ് റബ്ബറൈസേഷൻ ഒരു നയമായി പ്രഖ്യാപിച്ചു. റബ്ബർ മേഖലയിൽനിന്നുള്ളൊരു ജനപ്രതിനിധി എന്നുള്ള നിലയിൽ ഇക്കാര്യത്തിൽ ഞാൻ അഭിമാനിക്കുന്നു. അതുപോലെത്തന്നെ കേരളാ റബ്ബർ കമ്പനി. സിയാൽ മോഡൽ റബ്ബർ കമ്പനിക്കുവേണ്ടിയുള്ള പദ്ധതി പ്രവർത്തനത്തിലേയ്ക്ക് ആരംഭിച്ചിരിക്കുന്നു. അഗ്രി ഫെസിലിറ്റേറ്റീവ് സെന്ററുകളും ഫുട്ട്പാർക്കുകളും - 275 കോടി രൂപ. കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സ്ട്രാറ്റജിക്കുവേണ്ടി 100 കോടി രൂപ. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചു. നെല്ല് ഉല്പാദനത്തിന്റെ വർദ്ധനവിന് 10 കോടി രൂപ. പച്ചക്കറി കൃഷി, കശുവണ്ടി, നാളികേര കൃഷിക്കാർക്കുവേണ്ടി കയർ മേഖല. എല്ലാത്തിനേയും സംരക്ഷിച്ച ഒരു

ബഡ്ജറ്റ്. ഇതുതമ്മിൽ താരതമ്യപ്പെടുത്തിയിട്ട്... നയവ്യതിയാനത്തെ കുറിച്ചുകൂടി ഒരുവാക്ക് പറയാം. ആരാണ് ഈ രാജ്യത്ത് ഞാൻ മുമ്പ് പരാമർശിച്ച കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്ക് തുടക്കം കുറിച്ചത്? ഗാട്ട് ഡങ്കൽ കരാർ, ആസിയാൻ കരാർ, ട്രിപ്സ് കരാർ, ആണവക്കരാർ, ജി.-7. ആരാണ് ഇതിനൊക്കെ തുടക്കം കുറിച്ചത്? ഇന്ധനവില നിയന്ത്രിക്കുവാനുള്ള അധികാരം എണ്ണക്കമ്പനികൾക്ക് കൊടുത്തത് ആരാണ്; റബ്ബർ ഇറക്കുമതിക്ക് തുടക്കം കുറിച്ചതാരാണ്; ഇറക്കുമതി ചുങ്കം എടുത്തുകളഞ്ഞതാരാണ്? നിങ്ങൾ തെളിച്ച വഴി. നിങ്ങൾ നട്ടുനനച്ചത് ബി.ജെ.പി. ഫലം കൊയ്യുമ്പോൾ അസഹിഷ്ണുത പ്രകടിപ്പിച്ചിട്ട് കാര്യമില്ല. നിങ്ങളാണ് ഇതിന് തുടക്കം കുറിച്ചവരെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റും ഈ ധനകാര്യ നയവും പ്രതീക്ഷയുടെ തുരുത്താണ് ഇന്ത്യയ്ക്ക് നൽകുന്നത്. ഈ നയം ഭാരതത്തിന് ദിശാസൂചികയാണ്. അതൊരിക്കലും വലതുപക്ഷ നയവ്യതിയാനമല്ല, ഇടതുപക്ഷ നയത്തിലധിഷ്ഠിതമായി ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിനുപകരിക്കുന്ന, ജനങ്ങളെ ചേർത്തുപിടിക്കുന്നതാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾക്ക് എല്ലാ പിന്തുണയും

നൽകിക്കൊണ്ട് ഒന്നുരണ്ട് ചെറിയ സജഷനുകളുള്ളത്, റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കി വർദ്ധിപ്പിക്കണം. സാമ്പത്തികനില അനുകൂലമാകുന്ന ഘട്ടത്തിലെങ്കിലും അത് പരിഗണിക്കണം. വന്യജീവി-മനുഷ്യ സംഘർഷവുമായി ബന്ധപ്പെട്ട് വകയിരുത്തിയിരിക്കുന്ന തുക ആശ്വാസകരമാണെങ്കിലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അത് കൂടുതൽ വർദ്ധിപ്പിക്കണം തുടങ്ങിയ ചില കർഷക ക്ഷേമ അനുകൂല നടപടികൾ കൂടുതൽ ഉദ്ദീപിപ്പിക്കുന്ന കാര്യങ്ങൾകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ അധിക ധനാഭ്യർത്ഥനയെയും ഉപധനാഭ്യർത്ഥനകളെയും പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയെയും അധിക ധനാഭ്യർത്ഥനയെയും ഞാൻ പിന്തുണയ്ക്കുന്നു.

ആവർത്തിച്ചുപെയ്ത പെരുമഴയും പ്രളയവും ഓഖിയും തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെയും കേന്ദ്ര സർക്കാർ സൃഷ്ടിച്ച ജി.എസ്.റ്റി., നോട്ട് നിരോധനം

എന്നീ സാമ്പത്തിക വിപത്തുകളെയുമെല്ലാം അതിജീവിച്ച് കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ലോകത്തിനാകെ മാതൃകയായി പ്രതിസന്ധികളെ അതിജീവിച്ച് നമ്മുടെ സംസ്ഥാനത്തെ വികസിത രാജ്യങ്ങൾക്കൊപ്പം എത്തിക്കുന്നതിന് ദിശാബോധം പകരുന്ന വികസന രേഖയാണ് ഈ ബഡ്ജറ്റെന്നത് തർക്കമില്ലാത്ത കാര്യമാണ്.

വരുന്ന 25 വർഷത്തേയ്ക്ക് ഈ കേരളം രൂപപ്പെടുത്തിയെടുക്കേണ്ടതിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളുമെല്ലാം ഈ ബഡ്ജറ്റിലുടനീളം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം വലിയ മെച്ചപ്പെടലുണ്ടാക്കി. പ്രത്യേകിച്ച് പൊതുവിദ്യാഭ്യാസ മേഖല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 10 ലക്ഷം വിദ്യാർത്ഥികൾ ഒന്നാം ക്ലാസ്സിലേയ്ക്ക് ഒഴുകിയെത്തുന്ന കാഴ്ച ഈ കേരളത്തിലുണ്ടായി. പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 1,016 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ ആർജ്ജിച്ചെടുത്ത മുന്നേറ്റത്തോടൊപ്പംതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഫോക്കസ് ചെയ്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളും ഈ ബഡ്ജറ്റിൽ

നമുക്ക് കാണാൻ സാധിക്കും. 698 കോടി രൂപ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മാറ്റിവച്ചു. കേരളത്തിലെ സർവ്വകലാശാലകൾക്ക് 200 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ മാറ്റി വച്ചിട്ടുള്ളത്. സർവ്വകലാശാലാ ക്യാമ്പസ്സിൽ 1,500 പുതിയ ഹോസ്റ്റൽ മുറികൾ സൃഷ്ടിക്കുന്നു. ഏതാണ്ട് 250-ഓളം വരുന്ന ഇന്റർനാഷണൽ ഹോസ്റ്റൽ മുറികൾ. ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദേശ വിദ്യാർത്ഥികളെവരെ ആകർഷിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് വിദ്യാഭ്യാസ മേഖലയ്ക്കകത്ത് മാറ്റം നമുക്ക് കണ്ടെത്താൻ സാധിക്കും.

ഗ്രാഫീൻ, നാളെയുടെ അത്ഭുത പദാർത്ഥമാണ്. ഈ കൊച്ചുസംസ്ഥാനം എങ്ങനെയാണ് ശാസ്ത്രലോകത്ത് വളരെ പുതിയൊരു പ്രതിഭാസമായി കാണുന്ന ഗ്രാഫീനിന്റെ സാധ്യതയെ, അതിന്റെ ഗവേഷണ താൽപര്യത്തിനുവേണ്ടി ഈ ബഡ്ജറ്റിൽ മാറ്റി വയ്ക്കുന്നത്. 15 കോടി രൂപയാണ് ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ എന്ന പദ്ധതിക്ക് മാറ്റിവച്ചതെന്ന് നമുക്ക് കാണാൻ സാധിക്കും. ഐ.റ്റി. ഡിജിറ്റൽ മേഖലയിൽ കേരളത്തിലുൾപ്പെടെ നല്ല മാറ്റം വരാൻ പോകുകയാണ്. ഇവിടെയാണ് കെ-ഫോണിന്റെ സാധ്യത ഈ ഗവൺമെന്റ് ഏറ്റവും നല്ല നിലയിൽ ആവിഷ്കരിക്കുന്നത്. ഡൽഹി കഴിഞ്ഞാൽ ഇന്റർനെറ്റ് മൊബൈൽ

വ്യാപനത്തിന് ഏറ്റവും വലിയ സാധ്യതയുള്ള രണ്ടാമത്തെ സംസ്ഥാനമാണ് കേരളം. ഒന്നാം പിണറായി സർക്കാർ തുടങ്ങിവച്ച ഒപ്റ്റിക്കൽ ഫൈബർ ശൃംഖല കേരളത്തിലെ സർക്കാർ ഓഫീസുകളിലാകെ വ്യാപിപ്പിച്ചിട്ടുണ്ട്. രണ്ടാം നൂറുദിന പദ്ധതിയുടെ ഭാഗമായി 20 ലക്ഷം കുടുംബങ്ങളിലേയ്ക്ക് ഇന്റർനെറ്റ് കണക്ഷൻ എത്തിക്കാനാവശ്യമായ നടപടിക്രമങ്ങൾ രണ്ടാം പിണറായി സർക്കാർ നടപ്പിലാക്കി. കേരളത്തിലെ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും കെ-ഫോൺ കമ്മീഷൻ ചെയ്യാനാവശ്യമായ നിലയിലേയ്ക്കുള്ള പ്രഖ്യാപനങ്ങളാകെ വരാൻ പോകുകയാണ്. ഈ നാലര വർഷങ്ങൾകൊണ്ട് കേരളത്തിലെ വ്യവസായ മേഖലയിൽ വലിയ മാറ്റങ്ങൾ വരാൻ പോകുകയാണ്. കൊച്ചി-പാലക്കാട് ഹൈടെക് വ്യാവസായിക ഇടനാഴി. ആ വ്യവസായ ഇടനാഴിയിലുള്ളൊരു പ്രദേശം എന്റെ അസംബ്ലി മണ്ഡലത്തിലുണ്ട്. കണ്ണമ്പ്രയിലെ വ്യവസായ പാർക്ക്. ഉടമകൾക്ക് പൊന്നുംവില കൊടുത്ത് 270 ഏക്കർ ഭൂമി ഈ സർക്കാർ ഏറ്റെടുത്തു. ഹൈടെക് വ്യവസായ ഇടനാഴിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ട്രേഡ് (ഗിഫ്റ്റ്) സിറ്റി, അതോടൊപ്പം ഇൻഡസ്ട്രിയൽ മാനുഫാക്ചറിംഗ് ക്ലസ്റ്റർ ഉൾപ്പെടെ രൂപപ്പെടാൻ പോകുകയാണ്. തീർച്ചയായും

വരുംവർഷങ്ങളിൽ 22000 പേർക്ക് നേരിട്ടും 80000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന നിലയിലേയ്ക്ക് കേരളത്തിന്റെ വ്യവസായ മേഖല മാറാൻ പോകുകയാണ്.

കാർഷിക മേഖല. ഈ സർക്കാർ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കൃഷി ജീവിതത്തിന്റെ ഒരു സംസ്കാരമാണെന്ന നല്ല നിലയിലേയ്ക്കുള്ള മുന്നേറ്റം കാർഷിക മേഖലയിൽ കൊണ്ടുവന്നിട്ടുണ്ട്. ബഡ്ജറ്റിന്റെ ഭാഗമായി കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ വരുന്നത് കാണാം. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നൊരു ജനകീയമായ പ്രചരണ പരിപാടിക്ക് കാർഷിക മേഖലയിൽ തുടക്കംകുറിക്കാൻ പോകുകയാണ്. നെല്ലിന്റെ താങ്ങുവില 28.20 രൂപ എന്ന നിലയിലേയ്ക്ക് വർദ്ധിപ്പിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുന്ന അവരുടെ കയറ്റിറക്ക് കൂലി ഉൾപ്പെടെ വർദ്ധിപ്പിക്കണമെന്ന്, തൊഴിലാളികൾക്ക് നൽകുന്ന കയറ്റിറക്ക് കൂലി ഉൾപ്പെടെ കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് ഇവിടെ ആവശ്യപ്പെടുകയാണ് (Handling charge). കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വലിയ സ്വീകാര്യതയും സാധ്യതയും ഈവരും വർഷങ്ങളിൽ വരാൻ പോകുകയാണ്. പാലക്കാടൻ മട്ട, ബ്രാൻഡ്

ചെയ്യപ്പെടുന്ന പ്രധാനപ്പെട്ടൊരു ഉൽപ്പന്നമാണ്. കുട്ടികളായാലും യാത്രക്കാർ ആയാലും കഴിക്കുന്ന ബിസ്കറ്റുകൾ പലപ്പോഴും മൈദ കൊണ്ടുണ്ടാക്കിയ ബിസ്കറ്റുകളാണ്. നമുക്ക് അരിയിൽ നിന്ന് ബിസ്കറ്റുൾപ്പെടെ രൂപപ്പെടുത്തിയെടുക്കാൻ സാധിക്കുന്ന തരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ.... ഈ മേഖലയിൽ മാത്രമല്ല മറ്റെല്ലാ മേഖലകളിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധിക്കണം. കർഷകരെ സദസ്സിലില്ല, മറിച്ച് അവരെ വേദിയിൽ ഇരുത്തുന്ന പരിപാടികൾ കാണാൻ സാധിക്കും. കർഷകർക്ക് വ്യത്യസ്ഥ കൃഷി രീതികൾ പരിചയപ്പെടുന്നതിനുവേണ്ടി ഇന്ത്യയിലും അതോടൊപ്പം വിദേശത്തും അയയ്ക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി വരുന്നത് സ്വാഗതം ചെയ്യപ്പെടേണ്ടതുതന്നെയാണ്.

ബഡ്ജറ്റിൽ പട്ടികജാതി മേഖലയുടെ മികച്ച മുന്നേറ്റത്തിന് തുടക്കം കുറിക്കുന്നതിനാവശ്യമായ തുക മാറ്റിവച്ചിട്ടുണ്ട്. പട്ടികജാതി മേഖലയുമായി ബന്ധപ്പെട്ട് ഭൂമി, പാർപ്പിടം മറ്റ് വികസന പദ്ധതികൾക്കായി 1935 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടകാര്യം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ

വിവാഹ ധനസഹായവുമായി ബന്ധപ്പെട്ട കാര്യമാണ്. കേരളത്തിൽ സാധാരണ ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ മക്കളുടെ വിവാഹാവശ്യത്തിനായി സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ വാങ്ങുന്ന സ്ഥിതിയായിരുന്നു കഴിഞ്ഞ കുറേ വർഷങ്ങളായി കണ്ടുവന്നിരുന്നത്. അതിനൊരു ആശ്വാസമെന്ന നിലയിലേയ്ക്ക് ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹ ധനസഹായമായി 1,25,000 രൂപ വരെ നൽകുമെന്ന് ബഡ്ജറ്റിൽ പറയുന്നത് ഏറെ സ്വാഗതാർഹമാണ്.

പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 70 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. കേരളത്തിലെ റെസ്റ്റ് ഹൗസുകളിൽ വലിയ മാറ്റം വരികയാണ്. 2021 നവംബർ 1 മുതൽ സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്ക് താമസസൗകര്യത്തിന് നൽകുന്ന ഏറ്റവും ധീരമായ തീരുമാനമുണ്ടായി. അതിനായി ഓൺലൈൻ ബുക്കിംഗ് ഉൾപ്പെടെ സൗകര്യങ്ങൾ ഒരുക്കി. ആദ്യം മാസം 4604 ബുക്കിംഗിലൂടെ 27,84,213 രൂപ ലഭിച്ചു. മൂന്ന് മാസം കൊണ്ട് ഒരു കോടി രൂപയിലേറെ വരുമാനം ആ

മേഖലയിൽനിന്നും കിട്ടുന്ന സാഹചര്യമുണ്ടായി. രണ്ടാം പിണറായി സർക്കാർ അധികാരത്തിലെത്തിയതിനുശേഷം 1,71,733 പുതിയ റേഷൻ കാർഡുകളാണ് അനുവദിച്ചത്. ജനുവരി 31 വരെ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നല്ല നിലയിൽ കാർഡുകൾ ജനങ്ങൾക്ക് നൽകാൻ സാധിച്ചു. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്. അത് നടപ്പിലായാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുൾപ്പെടെ റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്താൻ സാധിക്കുന്ന രൂപത്തിലേയ്ക്ക് വരും. കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 'വിശപ്പുരഹിത ബാല്യം 'എന്ന സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കാൻ അങ്കണവാടി മെനുവിൽ ആഴ്ചയിൽ രണ്ട് ദിവസം പാലും രണ്ടുദിവസം കോഴിമുട്ടയും ഉൾപ്പെടുത്താൻ തീരുമാനിച്ചതും ഏറെ സ്വാഗതാർഹമാണ്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് നല്ല നിലയിലുള്ള മുന്നേറ്റം കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് ഉണ്ടായി. ഇത്തവണ 1,06,000 വീടുകൾ നിർമ്മിക്കുമെന്ന് ഈ ഗവൺമെന്റ് ബഡ്ജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ചിരിക്കുന്നു. കഴിഞ്ഞ ഒന്നുരണ്ട്

മാസമായി തദ്ദേശസ്വയംഭരണ വകുപ്പ് 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ ഏറ്റവും നല്ല നിലയിൽ നടപ്പിലാക്കി വരികയാണ്. പ്രസിദ്ധ സംവിധായകൻ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, മനസ്സോടിത്തിരി മണ്ണ് എന്ന ക്യാമ്പയിന്റെ ഭാഗമായി ഭൂരഹിതർക്കുവേണ്ടി പതിമൂന്നര സെന്റ് സ്ഥലം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി. കേരളത്തിലെ ഫെഡറൽ ബാങ്ക് ഏകദേശം ഒന്നര ഏക്കർ ഭൂമി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൊടുത്തു. ഏപ്രിൽ മാസത്തോടുകൂടി കേരളത്തിലാകെ ഈ പദ്ധതി നല്ല നിലയിൽ വരാൻ പോകുകയാണ്. അത്തരം ഉജ്ജ്വലമായ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ പോകുകയാണ്.

എനിക്കുമുൻപ് ചർച്ചയുടെ ഭാഗമായി സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് 'എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. നേതാക്കന്മാരുടെ പല്ലും നഖവും പോയിക്കൊണ്ടിരിക്കുകയാണ്" എന്ന് പറഞ്ഞു. കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി കേരളത്തിന്റെ തെരുവോരങ്ങളിൽ അതിശക്തമായ സമരങ്ങളും പോരാട്ടങ്ങളും നടത്തിയ സംഘടനകളാണ് എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐ.യും. കേരളത്തിലെ ഏറ്റവും വലിയ യുവജനസംഘടന ഏതെന്ന് ചോദിച്ചാൽ

ഡി.വൈ.എഫ്.ഐ.യാണ്. കേരളത്തിലെ ഏറ്റവും വലിയ വിദ്യാർത്ഥി സംഘടന ഏതെന്ന് ചോദിച്ചാൽ എസ്.എഫ്.ഐ. ആണ്. അങ്ങനെ ഈ കേരളത്തിൽ സമാനതകളില്ലാത്ത സമരങ്ങളിലൂടെ പോരാട്ടങ്ങളിലൂടെ വളർന്നുവന്ന സംഘടനകളാണ് എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐ.യും. എന്നാൽ കേരളത്തിലെ യൂത്ത് കോൺഗ്രസ്സ് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ്. കെ.എസ്.യു.-ന്റെ സ്ഥിതിയും സമാന സ്ഥിതിയിലാണ്. ആ നിലയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷ യുവജന സംഘടനകളും വിദ്യാർത്ഥി സംഘടനകളും മാറുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. ഒരിക്കൽക്കൂടി അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഉപധനാഭ്യർത്ഥനകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിഷമിക്കുന്ന രണ്ട് വിഭാഗങ്ങളുടെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ബഡ്ജറ്റിൽ പരിഗണന ലഭിക്കാതെ പോയ രണ്ട് പ്രധാനപ്പെട്ട വിഭാഗങ്ങളാണ് വിധവകളും

ഭിന്നശേഷിക്കാരും. മരുന്ന് വാങ്ങാൻപോലും വിഷമിക്കുന്ന ഈ രണ്ട് വിഭാഗങ്ങൾക്ക് പ്രതിമാസം 2500 രൂപയെങ്കിലും കൊടുക്കാനുള്ള പ്രത്യേക ധനസഹായം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ കാലഘട്ടത്തിൽ, പ്രത്യേകിച്ചും കോവിഡ് സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ പരിഗണന കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഉൾപ്പെടെ ഈ വിഷയത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കാൻ അക്ഷയ കേന്ദ്രങ്ങളെ സമീപിക്കുമ്പോൾ ഗവൺമെന്റ് അനുവാദം തന്നിട്ടില്ലെന്ന് പറഞ്ഞ് പൊതുജനങ്ങളെ പറഞ്ഞുവിടുകയാണ്. ഇതുമൂലം ആയിരക്കണക്കിന് രോഗികൾക്ക് ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. ഈ പ്രശ്നം വളരെ ഗൗരവമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആരോഗ്യ ഇൻഷ്വറൻസ് കാർഡുകൾ പുതുക്കുന്നതിനുള്ള ഒരു അവസരംകൂടി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം, അതിനാവശ്യമായ ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിക്കാരുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ

ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്, റബ്ബർ വിലസ്ഥിരതാ ഫണ്ട് 280 രൂപ ആക്കുകയെന്ന ആവശ്യമാണ് കർഷകർ മുഴുവൻ ഉന്നയിക്കുന്നത്. ബഡ്ജറ്റിൽ അങ്ങ് പഴയ നിരക്കുതന്നെ നിലനിർത്തിയിരിക്കുകയാണ്. 500 കോടി രൂപ മാറ്റിവച്ചുവെന്ന് പറഞ്ഞത്, കേൾക്കുമ്പോൾ 500 കോടി രൂപ ഉണ്ടല്ലോയെന്ന് തോന്നും എന്നാൽ ഒരു രൂപ പോലും ഗവൺമെന്റിന് നഷ്ടം വരുന്നില്ലെന്നുള്ളതാണ് സത്യം. കാരണം വിലസ്ഥിരതാ ഫണ്ട് 170 രൂപയിൽ നിൽക്കുമ്പോൾ മാർക്കറ്റിൽ 170.50 രൂപ ഇപ്പോൾ റബ്ബറിന് ലഭിക്കുന്നുണ്ട്. അപ്പോൾ ഗവൺമെന്റിന് പണം പോകുന്നില്ല, എപ്പോഴെങ്കിലും വില കുറഞ്ഞാലേയുള്ളൂ. യു.ഡി.എഫ്.-ന്റെ സമയത്ത് ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ കെ. എം. മാണി ആദ്യം റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിക്കുന്ന സമയത്ത് മാർക്കറ്റിൽ 60 രൂപയാണുണ്ടായിരുന്നത്. 180 രൂപ പ്രഖ്യാപിച്ചപ്പോൾ 90 രൂപ ഗവൺമെന്റ് കൊടുക്കുകയാണ്. ഇവിടെ 280 രൂപ ആക്കുകയാണെങ്കിൽ ഗവൺമെന്റിന് അത്രയും ചെലവ് വരുന്നില്ല. അതുകൊണ്ട് 280 കഴിയുന്നില്ലെങ്കിൽ 200 രൂപയെങ്കിലുമാക്കി മാറ്റാനുള്ള പ്രത്യേകമായ പരിഗണന ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നൽകണം. ഈ

കാലഘട്ടത്തിലെ റബ്ബർ കർഷകർക്ക് അങ്ങനെയൊരു സപ്പോർട്ട് കൊടുക്കുന്നതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ട്, ക്ഷീരകർഷകരുടെ പ്രശ്നം. അക്കാര്യം പല ദിവസങ്ങളിലായി സഭയിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽനിന്നും കൃഷിക്കാർ പിന്നോട്ട് പോകുകയാണ്. കാരണം ക്ഷീരകർഷകരുടെ ഉൽപ്പാദനച്ചെലവ് 50 രൂപ വരുന്ന സാഹചര്യമാണ്. ഒരു ലിറ്റർ പാലിന് 45 രൂപയെങ്കിലും ക്ഷീരകർഷകർക്ക് ലഭിക്കുന്ന വിധത്തിൽ പാൽവില പുനഃക്രമീകരിക്കാൻ കഴിയുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടത് ഏറ്റവും അത്യന്താപേക്ഷിതമാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവുകാരണം വലിയ പ്രതിസന്ധി നേരിടുകയാണ്. അതിനാൽ കാലിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം പരിശോധിക്കേണ്ട വിഷയമാണ്. കേരളത്തിലെ ക്ഷീരകാർഷിക മേഖല തകരുന്നൊരു സ്ഥിതിയിലേയ്ക്ക് പോയാൽ പാലിന്റെ കാര്യത്തിൽപോലും നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരും. 2019-ലെ പാൽവില പുതുക്കി നിശ്ചയിച്ചിട്ടില്ല. അതിനുകഴിയുന്ന വിധത്തിലുള്ള ഒരു സാഹചര്യം

ഉറപ്പുവരുത്തണം. ഇപ്പോൾ പുല്ല് കിട്ടാനില്ല, വൈക്കോൽ കിട്ടാനില്ല, കാലിത്തീറ്റയുടെ വില വർദ്ധനവ് എന്നീ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ക്ഷീരകർഷകരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റ് പാൽ വില പുനക്രമീകരിച്ചുകൊണ്ട് സഹായിക്കണം എന്നതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

അതുപോലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, മാർച്ച് 31 കണക്കാക്കി സർവ്വ ബാങ്കുകാരും ഇറങ്ങിയിരിക്കുകയാണ്. ഇവിടെ മൊറട്ടോറിയമുണ്ടെന്ന് ഗവൺമെന്റ് പറയുന്നു. മൊറട്ടോറിയം എവിടെയാണുള്ളത്? ബാങ്കുകാർ നോട്ടീസുമായി സർവ്വ വീടുകളിലും കയറിയിറങ്ങുകയാണ്. കേരള ബാങ്ക് പോലും ഒരു മനസാക്ഷിയില്ലാതെ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. പാവപ്പെട്ട ആളുകൾ ആത്മഹത്യയുടെ വക്കിലാണ്. എവിടെ പോയി പണം നേടാനാണ്, ആർക്കും ഒരു രക്ഷയുമില്ല. കേരള ബാങ്ക് അടക്കം, അതുപോലെ മറ്റ് ബാങ്കുകളുടെ കാര്യത്തിലും ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ വിഷയത്തിൽ ഒരു വർഷത്തേക്കുകൂടി മൊറട്ടോറിയം പ്രഖ്യാപിക്കാൻ തയ്യാറാകണം, ഇപ്പോഴുള്ള ഈ ജപ്തിനടപടികൾ നിർത്തിവയ്ക്കണമെന്നുള്ളത്

പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള സാഹചര്യം ഗവൺമെന്റ് ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനകാര്യം, നിർമ്മാണമേഖലയുടെ പ്രതിസന്ധിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിവിധ ചർച്ചകൾ ഈ വിഷയത്തിൽ നടത്തിയിട്ടുണ്ട്. പക്ഷെ അതിന് റിസൽറ്റുണ്ടായിട്ടില്ല. അക്കാര്യത്തിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിന്റെ വികസന കാര്യങ്ങൾ സ്തംഭിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. കാരണം എസ്റ്റിമേറ്റ് റേറ്റ് പ്രകാരം ഒരു ബാരൽ ടാറിന്റെ വില 6000 രൂപയായിട്ടാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഇന്ന് യഥാർത്ഥത്തിൽ ഒരു ബാരൽ ടാർ കിട്ടണമെങ്കിൽ 11000 രൂപ കൊടുക്കണം. 11000 രൂപ കൊടുത്ത് ടാർ വാങ്ങി ഗവൺമെന്റ് റേറ്റായ 6000 രൂപയ്ക്ക് ഏത് കോൺട്രാക്ടർ പണി ചെയ്യും? കോസ്റ്റ് ഡിഫറൻസ് കൊടുത്തൊരു ചരിത്രം കേരളത്തിനുണ്ട്, അത് ഗവൺമെന്റ് പരിശോധിക്കേണ്ടതായിട്ടുണ്ട്. കമ്പി, സിമന്റ് എന്നിവയുടെ വില വർദ്ധനവ്, ഇതുമുഴുവൻ വളരെ രൂക്ഷമായ നിലയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നിർമ്മാണ സാമഗ്രികളുടെ രൂക്ഷമായ വിലക്കയറ്റംമൂലം കേരളത്തിന്റെ

നിർമ്മാണരംഗത്തുണ്ടാകുന്ന പ്രതിസന്ധി ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കാൻ തയ്യാറാകണം. അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കണം. ആ നടപടികളിലേയ്ക്ക് വരുന്നതിന് പൊതുമരാമത്ത്, പഞ്ചായത്ത്, ജലവിഭവം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേതൃത്വം കൊടുത്തുകൊണ്ട് ഈ പ്രശ്നങ്ങളിൽ ഇടപെടൽ നടത്തിയാൽ മാത്രമേ ഈ പ്രതിസന്ധിയെ അതിജീവിച്ച് നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

കെ-റെയിൽ വിഷയം നമ്മൾ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. അതിന് ഈ ബഡ്ജറ്റിൽ വലിയ പരിഗണന കൊടുത്തു. കേരളത്തിലെ സിൽവർ ലൈൻ പദ്ധതിയുടെ പാരിസ്ഥിതിക-സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ച് വ്യക്തത വരാതെ മുമ്പോട്ടുള്ള അനുമതി നൽകാനാവില്ലെന്ന് ഇന്നലെ കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. അശ്വനി വൈഷ്ണവ് പാർലമെന്റിൽ പറഞ്ഞത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. കെ-റെയിൽ/സിൽവർ ലൈൻ പദ്ധതി ഇതുവരെ റെയിൽവേ അംഗീകരിച്ചിട്ടില്ല. സിൽവർ ലൈൻ സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന

ആശങ്കകൾ വസ്തുതാപരമാണെന്ന് ലോകസഭയിലെ ചോദ്യോത്തരവേളയിലും കേന്ദ്രമന്ത്രി ആവർത്തിക്കുന്നു. പദ്ധതി ചെലവ് സംബന്ധിച്ച് കണക്കുകൾ യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിയുടെ വലിയ വിശദീകരണമാണ് വന്നിരിക്കുന്നത്. അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് കേന്ദ്രറെയിൽവേ മന്ത്രാലയം അംഗീകരിച്ചിട്ടില്ല, ഈ പദ്ധതികൾ മുഴുവൻ അയാഥാർത്ഥ്യമാകുമോയെന്ന് പരിശോധിക്കേണ്ട വിഷയമാണ്. കേന്ദ്ര റെയിൽവേ മന്ത്രി കേന്ദ്രസർക്കാരിനുവേണ്ടി വ്യക്തമാക്കിയ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കെ-റെയിൽ പദ്ധതിക്ക് ബദലായി ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള വിവിധ നിർദ്ദേശങ്ങൾ പരിശോധിക്കാൻ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഈ ഉപധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തെ ലോകത്തിന് മുമ്പിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പുതിയ കാഴ്ചപ്പാടുകളിൽ പഴയതിന്റെ തുടർച്ചകളെല്ലാം ഉൾക്കൊള്ളുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത് വളരെ മാതൃകാപരമായ ബഡ്ജറ്റാണ്. അതിന്റെ സാമ്പത്തിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയിട്ടുള്ള ധനാഭ്യർത്ഥനയാണ് ഈ സഭയുടെ മുമ്പിൽ വന്നിട്ടുള്ളത്. ആഗോളതലത്തിൽ ചിന്തിക്കുകയും പ്രാദേശിക തലത്തിൽ പ്രവർത്തിക്കുകയും അതിനനുസൃതമായി ശാസ്ത്രീയമായ ആസൂത്രണ വഴിയിലൂടെ കേരളത്തെ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുക എന്നുള്ളതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ആ കാഴ്ചപ്പാട് സമ്പൂർണ്ണമായി ഉൾക്കൊള്ളുന്നതാണ് ഈ ബഡ്ജറ്റ് എന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. ഗവൺമെന്റിന്റെ കാഴ്ചപ്പാടുകളെ വ്ലാഡിമർ ലെനിനെ ഉദ്ധരിച്ചുകൊണ്ട് ഏതെങ്കിലും തരത്തിൽ ക്ഷീണിപ്പിക്കാൻ പറ്റുമോ എന്നുള്ള ശ്രമം ഡോ. എം. കെ. മുനീർ നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ലെനിൻ ഭക്ഷണം കൊടുക്കുന്ന ആളാണെന്നാണ്. ലോകത്തിൽ സോഷ്യലിസ്റ്റ് വഴികളിലൂടെ സോവിയേറ്റ് യൂണിയനെ നടത്തി എല്ലാവർക്കും അതിശയം വരുത്തുന്നമാറ്റങ്ങൾ സാമൂഹ്യജീവിതത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒരു രാജ്യം ആയിരുന്നു സോവിയറ്റ് യൂണിയൻ. എല്ലാവർക്കും ഭക്ഷണവും സമ്പൂർണ്ണ പരിരക്ഷയും നൽകുന്ന സോഷ്യലിസത്തിന്റെ വഴിയിലൂടെ ഒരു

രാജ്യത്തെ ഉയർത്തിപ്പിടിച്ച് ലോകത്തിന് അത്ഭുതവും മാതൃകയുമാക്കി തീർത്തിട്ടുള്ളത് ലെനിന്റെ സാമ്പത്തിക നിലപാടുകളും കാഴ്ചപ്പാടുകളും കൊണ്ടാണ്. അത്രയൊന്നും എത്താൻ കേരളത്തിന് സാധിച്ചിട്ടില്ല. പക്ഷെ നമുക്കറിയാം എല്ലാ പ്രയാസങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയിലും കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസം നൽകാൻ സാധിക്കുന്ന നിലയിൽ നല്ല നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നത് ഡോ. എം. കെ. മുനീർ തന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. അദ്ദേഹം നല്ല ഡോക്ടർ ആണ്, അല്ലെങ്കിൽ നല്ല ഡോക്ടർ ആകണം. എൽ.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ ഇതെല്ലാം നിഷ്കളങ്കമായി അംഗീകരിച്ച് പോകുകയാണെന്നും സഖാവ് പിണറായിയെ ദൈവമായി കാണുന്നുവെന്നും പറഞ്ഞു. ഞങ്ങൾ ദൈവമായിട്ട് കാണുകയല്ല, ഏറ്റവും മനുഷ്യസ്നേഹിയായ കേരളത്തിന്റെ ഭാവിയെ ഉറ്റുനോക്കുന്ന, അതിന് വഴിക്കാട്ടിയായി നിൽക്കുന്ന, കേരളത്തിന്റെ അഭിമാനമായിട്ടുള്ള മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ എന്നതിൽ ഞങ്ങൾ അഭിമാനംകൊള്ളുന്നു. ഞങ്ങളുടെ മനസ്സിൽ ഒരു കാപട്യവുമില്ല. അതുകൊണ്ട് സഖാവ് പിണറായി വിജയനെ അങ്ങനെ

കാണുന്നതിൽ ഞങ്ങൾക്ക് ഒരു മടിയുമില്ല. ഡോ. എം. കെ. മുനീർ ബുദ്ധിമുട്ടിയിട്ട് ഒരു കാര്യവുമില്ല. നിങ്ങളുടെ കാര്യം എല്ലാം കുറച്ച് ബുദ്ധിമുട്ടിലാണ് എന്നുള്ളത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഈ ബഡ്ജറ്റിലെ കാര്യങ്ങളെല്ലാം ലോൺട്രിയിൽ എത്തിക്കേണ്ട കാര്യമാണെന്നാണ് നിങ്ങൾ പറഞ്ഞത്. നിങ്ങൾ ആലോചിച്ച് നോക്കണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ അഞ്ച് കൊല്ലംകൊണ്ട് നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുള്ളത് 600 കാര്യങ്ങളാണ്. അതിൽ 580 കാര്യങ്ങൾ പൂർത്തീകരിച്ചു. 20 കാര്യങ്ങൾ പൂർത്തീകരണത്തിന്റെ പാതയിലാണ്. അതിന്റെ സമ്പൂർണ്ണ രേഖകൾ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. അത് ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് വേണ്ടി ജനങ്ങളോട് തുറന്ന സംവാദത്തിന് സന്നദ്ധമായിട്ടുള്ള ഒരു മുന്നണിയാണ് കഴിഞ്ഞ അഞ്ച് വർഷം കേരളത്തെ നയിച്ചിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഈ പ്രാവശ്യത്തെ പ്രകടന പത്രികയിൽ 900-ലധികം കാര്യങ്ങൾ ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുണ്ട്. ആ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിന് യാതൊരു മടിയും ആശങ്കയും പ്രതിബന്ധവും ഞങ്ങളുടെ മുമ്പിലില്ല എന്ന് ആത്മവിശ്വാസത്തോടുകൂടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ച്

എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ലോൺട്രിയിൽ നിങ്ങൾ ചെന്നുവീഴും എന്നുള്ളതിൽ ഒരു സംശയവുമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ അത് പഠിപ്പിച്ചിട്ടുണ്ട്. ഇനിയും മനസ്സിലാക്കുന്നില്ലെങ്കിൽ നിങ്ങൾ ആ വഴിയിൽ തന്നെ എത്തും എന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. എന്റെ ഓർമ്മയിൽ വരുന്നത് സന്തോഷ് ഏച്ചിക്കാനം എന്ന പ്രസിദ്ധ കഥാകൃത്ത് എഴുതിയിട്ടുള്ള 'സുഖവിരേചനം' എന്ന കഥയാണ്. കഥയൊന്നും തികച്ച് പറയുന്നില്ല, കൊച്ചി കോർപ്പറേഷനിലെ മുമ്പത്തെ ഭരണകാലത്തെ ഒരു വലതുപക്ഷ പ്രതിനിധിയുടെ അടുത്ത് സാധാരണഗതിയിൽ ആവശ്യങ്ങളുമായി ധാരാളം ജനങ്ങൾ വരും. ഒരു ഘട്ടം കഴിഞ്ഞു ജനങ്ങളുടെ ചില പ്രശ്നങ്ങൾ പരിഹരിച്ചുകൊടുത്തപ്പോൾ ജനങ്ങളൊന്നും അദ്ദേഹത്തെ കാണാൻ വരാതെയായി. അതിൽ ഏറ്റവും പ്രധാനം സ്ട്രീറ്റ് ലൈറ്റ് ആയിരുന്നു. ജനങ്ങൾ വരാത്തതിന്റെ വേവലാതിയിൽ ആ സ്ട്രീറ്റ് ലൈറ്റ് എറിഞ്ഞുപൊളിച്ച് അതിന്റെ ചിൽ കഷ്ണങ്ങൾ പോക്കറ്റിലിട്ട് അദ്ദേഹം വീട്ടിൽ ജനങ്ങൾ വരുന്നുണ്ടോ എന്ന് നോക്കി ഇരുന്നു.  വെളിച്ചം കെടുത്തുന്ന നിലപാട് സ്വീകരിക്കുന്നവരുടെ അടുത്തേയ്ക്ക് ഒരാളും തിരിഞ്ഞുനോക്കില്ലെന്ന് വ്യക്തമാക്കുന്നതാണ് കേരളത്തിന്റെ അനുഭവങ്ങൾ. യു.ഡി.എഫ്. രാഷ്ട്രീയം

അത്രമാത്രം ഗതികെട്ടനിലയിലേയ്ക്ക് ചെന്നെത്തിയിരിക്കുന്നു എന്നുള്ളതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. എ.ഐ.സി.സി.-യുടെ ഏറ്റവും പ്രധാനപ്പെട്ട നേതാവ് ശ്രീ. കബിൽ സിബൽ ഞങ്ങളുടെ നേതാവല്ലല്ലോ? മുൻ കേന്ദ്രമന്ത്രിസഭയിലെ ഏറ്റവും പ്രധാനപ്പെട്ട മന്ത്രിയായിരുന്നു അദ്ദേഹം. അദ്ദേഹം രണ്ട് ദിവസം മുമ്പ് എഴുതിയിട്ടുള്ള ലേഖനത്തിൽ പറഞ്ഞു, 2014-ലിനുശേഷം 177 എം.പി.-മാരും എം.എൽ.എ.-മാരും കോൺഗ്രസ് വിട്ടുപോയിയെന്ന്. ആരാണ് കാരണക്കാർ? കുടുംബവാഴ്ചയുടെ ഫലമായിട്ടാണെന്നാണ് ശ്രീ. കബിൽ സിബൽ പറയുന്നത്. കോൺഗ്രസിന്റെ 222 സ്ഥാനാർത്ഥികൾ....... ഇപ്പോൾ യുക്രൈനിൽ ബങ്കറുകളിലാണ് ജനങ്ങൾ നിൽക്കുന്നതെന്ന് പറയുന്നുണ്ട്. കോൺഗ്രസ് (ഐ)-ക്കാർ സ്ഥാനാർത്ഥികളെ നിശ്ചയിച്ചുകഴിഞ്ഞാൽ അവരെ ബങ്കറുകളിൽ കൊണ്ടുപോയി സൂക്ഷിക്കേണ്ടിവരുന്ന രീതിയിലുള്ള ഒരു ഗതികെട്ട അവസ്ഥയിലേയ്ക്ക് കോൺഗ്രസ് അധഃപതിച്ചിരിക്കുന്നു. 222 സ്ഥാനാർത്ഥികൾ മറ്റ് പാർട്ടികളിലേയ്ക്ക് പോയി എന്നാണ് ശ്രീ. കബിൽ സിബൽ പറയുന്നത്. ഉത്തർപ്രദേശിൽ കോൺഗ്രസ് 399 സീറ്റിൽ മത്സരിച്ചുവെന്ന് വലിയരീതിയിൽ പറയുന്നുണ്ടല്ലോ; എത്ര സീറ്റിലാണ്

കെട്ടിവച്ച തുക ലഭിച്ചത്? 12 സീറ്റുകളിൽ കെട്ടിവച്ച തുക ലഭിച്ചെന്ന് ശ്രീ. കബിൽ സിബൽ ലേഖനത്തിൽ പറയുന്നുണ്ട്. ഇത്രമാത്രം ദേശാഭിമാന പ്രചോദിതരായിട്ടുള്ള പാർട്ടി ഉണ്ടെന്ന് പറയാൻ പറ്റുമോ, നാടിന്റെ ഖജനാവിലേയ്ക്ക് പണം സംഭാവന ചെയ്യുന്ന ഒരു പാർട്ടി. 2.4 ശതമാനം വോട്ടാണ് കോൺഗ്രസിന്റെ ആരൂഢത്തിൽ അവർക്ക് ഇന്ന് ബാക്കിയായി നിൽക്കുന്നത് എന്നുള്ള തിരിച്ചറിവ് ഉണ്ടാവേണ്ടതുണ്ട്. ഇവിടെനിന്ന് മുസ്ലീംലീഗും കുറച്ച് പഠിക്കണം. മുസ്ലീംലീഗ് ഇങ്ങനെ നടന്നിട്ട് വല്ലകാര്യവും ഉണ്ടോ? മുസ്ലീംലീഗുകാർ കെ-റെയിലിനെതിരായി പറയുന്നുണ്ട്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെയുണ്ട്. ഇന്ന് ശ്രീ. രമേശ് ചെന്നിത്തല എഴുതിയ ഒരു പുസ്തകം പുറത്തിറക്കി എന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പേര് 'ആർക്കും വേണ്ടത്ത കെ-റെയിൽ' എന്നാണ്. ഞങ്ങൾ വളരെ വിനയത്തോടുകൂടി പറയുന്നത്, സ്കൂളിൽ പോകാൻ പറഞ്ഞ കുട്ടി സ്കൂളിൽ പോകാതെ, പഠിക്കാതെ ഇങ്ങനെ അലഞ്ഞുതിരിഞ്ഞ് നടക്കുന്നതുപോലൊരു അവസ്ഥയിൽ വന്നാൽ ഒന്നും മനസ്സിലാകാത്ത ഒരു തലത്തിലേയ്ക്കെത്തും എന്നുള്ളതിന് ഒരു തർക്കവും വേണ്ട. ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദമായി കെ-റെയിലിനെക്കുറിച്ച് പറഞ്ഞു.

ഇനിയും എന്തെങ്കിലും സംശയമുണ്ടോ; നിങ്ങൾക്ക് ഒരു ക്ലാസ് തരാൻ ഇവിടെ തീരുമാനിച്ചില്ലേ; നിങ്ങളെ എല്ലാവരേയും ക്ഷണിച്ചില്ലേ; നിങ്ങൾ വന്ന് ആ ക്ലാസ്സിലിരുന്ന് ആ കാര്യങ്ങൾ ശ്രവിച്ചിരുന്നെങ്കിൽ ഇങ്ങനെ ഒരു പുസ്തകം 'ആർക്കും വേണ്ടാത്ത കെ-റെയിൽ', ആർക്ക് വേണ്ടാത്തതാണ്? നിങ്ങൾ ആലോചിക്കണം 99 ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗങ്ങൾ ഈ സഭയിലുണ്ട്. ഞങ്ങൾക്കെങ്കിലും വേണമെന്ന് പറയാൻ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് സാധിക്കണ്ടേ; മുൻപ്രതിപക്ഷ നേതാവല്ലേ നിങ്ങൾക്ക് സാധിക്കണ്ടേ? എന്റെ നിയോജകമണ്ഡലത്തിലൂടെ 12 കിലോമീറ്റർ കെ-റെയിൽ പോകുന്നുണ്ട്. ഒരു സ്ഥലത്തും കുഴിച്ചിട്ട കല്ല് പിഴുതുമാറ്റാൻ ആരും വന്നിട്ടില്ല. വന്നാൽ അക്കാര്യം കൈകാര്യം ചെയ്യുന്ന നിലയിലേയ്ക്ക് ജനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. കെ-റെയിൽ ഈ നാടിനുവേണ്ടിയുള്ളതാണ്. കാസർഗോഡുനിന്നും മഞ്ചേശ്വരത്തുനിന്നും വരുന്ന എം.എൽ.എ.-മാർ ഇവിടെ ഉണ്ടല്ലോ; ഞങ്ങൾ അവരോട് ചോദിച്ചു; 11 വർഷമായി എം.എൽ.എ.-യായി ഇരിക്കുന്ന ബഹുമാന്യനായ കാസർഗോഡ് എം.എൽ.എ.-യോട് ചോദിക്കുകയാണ് നിങ്ങളുടെ ജീവിതത്തിൽ എത്രകാലം ട്രെയിനിൽ കഴിയേണ്ടിവന്നിട്ടുണ്ടെന്ന് കണക്കുകൂട്ടി

നോട്ടിയിട്ടുണ്ടോ എന്ന്? കാസർഗോഡ് നിന്ന് 12 മണിക്കൂർ വേണം തിരുവനന്തപുരത്ത് എത്താൻ. 4 മണിക്കൂർ കൊണ്ട് തിരുവനന്തപുരത്തേയ്ക്ക് എത്താൻ സാധിക്കത്തക്ക വിധത്തിൽ ഈ സംവിധാനം ഉണ്ടാകുമ്പോൾ അവരുടെ ജീവിതത്തിൽ എത്ര സമയം ബാക്കി കിട്ടുമെന്നുള്ളത് അവർ ആലോചിക്കുന്നുണ്ടെന്നുതന്നെയാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഇവിടെ പറയാതെ പോകാൻ സാധിക്കില്ല, കാരണം യു.ഡി.എഫ്.-ന്റെ ഭാഗമാണ് മുസ്ലീംലീഗ്, നിങ്ങൾക്ക് വികസന വിരുദ്ധ കുപ്പായം ഇട്ടിട്ട് കോൺഗ്രസിന് മുമ്പിൽ നിൽക്കാതിരിക്കാൻ സാധിക്കില്ല. പക്ഷെ ആത്മാർത്ഥമായി എടുത്താൽ നിങ്ങൾക്ക് കെ-റെയിലിനെതിരായി സംസാരിക്കാൻ സാധിക്കുകയില്ല എന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. ആരെയും ബുദ്ധിമുട്ടിക്കാതിരിക്കാനാണ് അനുകൂലിക്കുന്നവരുടെ പേരുകൾ ഞാൻ പരാമർശിക്കാത്തത്. അനുകൂലിക്കുന്നവർക്ക് പ്രയാസമുണ്ടാകാൻ പാടില്ല. കാരണം മനസ് ഒരുപോലെയാണ്. അവർക്കും ഞങ്ങൾക്കും വേഗത്തിൽ തിരുവനന്തപുരത്ത് എത്തണം. ഞങ്ങൾ സഹചാരികളാണ്, തുല്യ ദുഃഖിതരാണ്. ഇവിടെ ആ പുസ്തകം പ്രകാശനം ചെയ്തത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അതും ആശ്ചര്യകരമായ കാര്യമാണ്. അതിവേഗ പാത

വേണമെന്ന് പറയുകയും അതിനായി നിലപാടെടുക്കുകയും ചെയ്ത അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിയ്ക്കുതന്നെ ഈ പുസ്തകം പ്രകാശനം ചെയ്യുന്നതിനുള്ള ചുമതല നൽകിയത് അദ്ദേഹത്തെ കരുതിക്കൂട്ടി അപമാനിക്കാനാണോയെന്ന് ഏതായാലും ഞങ്ങൾ സംശയിക്കുന്നില്ല, മറ്റാരെങ്കിലും സംശയിച്ചുപോയാൽ അത് തെറ്റാണെന്ന് പറയാൻ കഴിയില്ല. കോൺഗ്രസ് എങ്ങോട്ടാണ് പോകുന്നത്? ശ്രീ. കെ. സി. വേണിഗോപാലിനെക്കുറച്ച് ഞങ്ങളൊന്നും പറയുന്നില്ല. നിങ്ങൾ ഉപ്പ് വച്ച കലംപോലെ ആയിക്കൊണ്ടിരിക്കുന്നുവെന്ന് പറയാതെപോകാൻ കഴിയില്ല. ആ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുകയല്ലേ? അതുകൊണ്ടാണ് ജീവിതം മുഴുവനും ഞാൻ കോൺഗ്രസുകാരനായിരിക്കും എന്നുപറഞ്ഞ ഞങ്ങളുടെയൊക്ക പ്രിയപ്പെട്ട എഴുത്തുകാരനായ ടി. പദ്മനാഭൻ ഇങ്ങനെ പറഞ്ഞത്, " ഈ കോൺഗ്രസ് നാശത്തിന്റെ വഴിയിലാണ്. നിങ്ങളിനി ആരെയാണ് ഇറക്കാൻ ബാക്കിയുള്ളത്" . റോബർട്ട് വദ്രയെയല്ലാതെ നിങ്ങളിനി ആരെയാണ് ഇറക്കാൻ ബാക്കിയുള്ളതെന്ന് നിങ്ങളുടെ വേദിയിൽവന്നാണ് അദ്ദേഹം ചോദിച്ചത്.

ഈ ഉപധനാഭ്യർത്ഥനയിൽ വളരെ ശ്രദ്ധേയമായ ചില കാര്യങ്ങളുണ്ട്,

ഞങ്ങളതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഭക്ഷണം കൊടുക്കുന്നതിനും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനും നടപടിയെടുത്തിരിക്കുകയാണ്. കേരളമാണ് ഇന്ത്യയിൽ പട്ടിണിയില്ലാത്ത സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതെന്നകാര്യം കേന്ദ്രഗവൺമെന്റിലെ നീതിആയോഗിന്റെ കണക്കാണ്. 0.71% മാത്രമാണ് കേരളത്തിൽ പട്ടിണിയുള്ളത്. എന്നാൽ ഇതിൽ ഏറ്റവും അറ്റത്ത് നിൽക്കുന്ന ബീഹാറിൽ പട്ടിണി നിരക്ക് 51.9 ശതമാനവും രാജസ്ഥാനിൽ 45 ശതമാനവുമാണ്. അതായത് കേരളത്തിൽ പട്ടിണി ഒരു ശതമാനത്തിൽ താഴെമാത്രമാണ്. കേരളവും രാജസ്ഥാനും തമ്മിൽ താരതമ്യപ്പെടുത്തി പട്ടിണി എവിടെ നിൽക്കുന്നുവെന്ന് പറയാൻ കോൺഗ്രസ് (ഐ) സ്നേഹിതന്മാർക്ക് സാധിക്കുമോ? ഞാൻ അവസാനിപ്പിക്കുകയാണ്, സ്വന്തം ശരീരം സഹജീവികളുടെ ജീവിതത്തിലേയ്ക്കുള്ള ചവിട്ടുപടിയായി സമർപ്പിച്ച മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ സൈന്യമാണ്. മത്സ്യം എന്ന ഡിമാന്റിൽ 233.26 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണുള്ളത്. കാലാവസ്ഥ പ്രതികൂലമാകുന്നതുകാരണം കടലിൽ പോകാൻ കഴിയാത്തവർക്ക് 47.84 കോടി രൂപ അനുവദിക്കുന്നതിനായി ഗവൺമെന്റ്

മുമ്പോട്ടുവന്നിരിക്കുകയാണ്. അതിദാരിദ്ര്യമില്ലാത്ത കേരളമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ലക്ഷ്യം വയ്ക്കുന്നത്.....

മി.ചെയർമാൻ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. ടി. ഐ. മധുസൂദനൻ: വിജ്ഞാന മേഖലയിലും ആരോഗ്യ പരിപാലനത്തിലും കേരളം ഒന്നാം സ്ഥാനത്താണ്. ഞാൻ അവസാനിപ്പിക്കുകയാണ്, ക്രമസമാധാനത്തിൽ ഇന്ത്യയിൽ കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിന് വെളിച്ചമായി, വഴികാട്ടിയായി ഈ ഗവൺമെന്റ് മുന്നിൽ നിൽക്കുമ്പോൾ കേരളം ഒറ്റക്കെട്ടായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് പിന്നിലുണ്ടാകുമെന്നതിൽ ഞങ്ങൾക്ക് യാതൊരു സംശയമില്ല. അതിൽ വേവലാതികൾ നിങ്ങൾക്കുണ്ടാകും, ആ വേവലാതികളെങ്കിലും നിങ്ങളെ കാര്യം പഠിപ്പിക്കാൻ സഹായിക്കുമെങ്കിൽ വളരെ നല്ലത് എന്നുസൂചിപ്പിച്ചുകൊണ്ട് നിർത്തുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കോൺഗ്രസിനെക്കുറിച്ച് വിമർശനാത്മകമായി ചില കാര്യങ്ങൾ ബഹുമാന്യനായ എഴുത്തുകാരൻ ടി. പത്മനാഭൻ പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട പയ്യന്നൂർ അംഗം ശ്രീ. ടി. ഐ. മധുസൂദനൻ ഇവിടെ

സൂചിപ്പിക്കുകയുണ്ടായി. ശരിയാണ് വിമർശനാത്മകമായ അദ്ദേഹത്തിന്റെ ചില നിലപാടുകളെ ഞങ്ങൾ വളരെ പോസിറ്റീവായിത്തന്നെയാണ് കാണുന്നത്. പക്ഷേ അദ്ദേഹം ഒരു കാര്യംകൂടി പറഞ്ഞിരുന്നത് " ഞാൻ എന്നും ഒരു കോൺഗ്രസുകാരനായിത്തന്നെ ജീവിക്കും" എന്നായിരുന്നു. ഇതുപോലെയുള്ള ലക്ഷക്കണക്കിന് പ്രവർത്തകരുടെ ആവേശമായി ഇന്നും കോൺഗ്രസ് നിലനിൽക്കുന്നുവെന്നത് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. പിണറായി ഗവൺമെന്റിന്റെ ഒന്നാം ബഡ്ജറ്റായി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ 67 പേജുള്ള പ്രസംഗം വെറും പ്രസംഗമായിത്തന്നെ ഇന്നും നിലനിൽക്കുകയാണ്. അന്ന് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുന്നതിൽ ഗൗരവമായ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്. നമുക്കറിയാം കാലാകാലങ്ങളിൽ സംസ്ഥാനവും ജനസമൂഹവും നേരിടുന്ന പ്രയാസങ്ങളും വെല്ലുവിളികളും ലഘൂകരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ നേടുന്നതിനുംവേണ്ടിയുള്ള ക്രിയാത്മകമായ ഒരു ഉപകരണമാണ് ബഡ്ജറ്റ്. അതുകൊണ്ടുതന്നെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഒരു വ്യക്തത അനിവാര്യമാണ്. നമ്മുടെ സംസ്ഥാനം ഇപ്പോൾ കടക്കെണിയിൽ

പെട്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി തകർന്ന് തരിപ്പണമായി നിൽക്കുകയാണ്. കേരളം രൂപംകൊണ്ട നാൾമുതൽ പിണറായി സർക്കാർ അധികാരമേറ്റെടുക്കുന്ന 2016 ഏപ്രിൽ മാസംവരെ ഉണ്ടായിരുന്ന പൊതുകടം 1,57,370 കോടി രൂപയായിരുന്നു. എന്നാൽ ഒന്നാം പിണറായി സർക്കാരിന്റെ ഭരണം കഴിയുമ്പോൾ, അതായത്, 2021 മേയ് മാസംവരെ ആകുമ്പോഴേയ്ക്കും കടം 3,01,642 കോടി രൂപയായി വർദ്ധിച്ചു. അതായത് 59 വർഷം കൊണ്ടുണ്ടായ കടം 1,57,370 കോടി രൂപയായിരുന്നുവെങ്കിൽ പിന്നീടുള്ള 5 വർഷം കൊണ്ട് 1,40,000 കോടി രൂപയിൽക്കൂടുതൽ വർദ്ധിച്ചുവെന്നാണ് ഇതിനർത്ഥം. മറ്റൊരുതരത്തിൽപ്പറഞ്ഞാൽ രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ കയറുമ്പോൾ ഓരോ കേരളീയനും 55,000 രൂപയുടെ കടക്കാരനായി മാറിയിരിക്കുന്നു. ഇപ്പോഴത് വീണ്ടും വർദ്ധിക്കുകയാണ്. ഇതിനിടയിലാണ് കെ-റെയിൽ പദ്ധതിക്കുവേണ്ടി വായ്പയെടുക്കാൻ പോകുന്നത്. കടമെടുക്കുന്നതിലെ ശരി കണക്കാക്കപ്പെടുന്നത് തിരിച്ചടയ്ക്കാനുള്ള കെൽപ്പുണ്ടോ എന്നുനോക്കിയാണെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. എം. തോമസ് ഐസക് പറഞ്ഞിട്ടുണ്ട്. എങ്കിലും

നമ്മുടെ മുമ്പിലുള്ള യാഥാർത്ഥ്യം കടം തിരിച്ചടയ്ക്കുന്നതിനും നമ്മൾ കടമെടുക്കേണ്ടി വരുന്നുവെന്നതാണ്. ഇങ്ങനെ ചെയ്യുന്നത് കൂടുതൽ കടത്തിലേയ്ക്ക് നയിക്കുന്നു. പ്രതിദിനം ഏകദേശം ശരാശരി 100 കോടി രൂപ കടമെടുത്ത് കാര്യങ്ങൾ തള്ളിനീക്കേണ്ട അവസ്ഥയിലാണ് ഇന്ന് കേരളം. സംസ്ഥാനത്തിന്റെ കടവും ജി.എസ്.ഡി.പി. -യും തമ്മിലുള്ള അനുപാതം 36.98 ശതമാനമാണ്. ധനകമ്മിയാകട്ടെ, 4.1 ശതമാനമാണ്. ഇത് രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളേക്കാളും കൂടുതലാണ്. സംസ്ഥാനം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. വായ്പ ഒഴികെയുള്ള വരുമാനവും ചെലവും തമ്മിലുള്ള അന്തരം അനുദിനം വർദ്ധിക്കുകയാണ്. 2011 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഇത് 19 ശതമാനമാണ്. ഇപ്പോഴത് 48 ശതമാനമായി ഉയരുന്നു. ഈ അന്തരം നികത്താനാണ് സർക്കാർ കൂടുതലായി വായ്പയെടുക്കുന്നത്. വായ്പയിൽത്തന്നെ വലിയൊരു തുക പലിശയടയടയ്ക്കാനും കാലാവധി കഴിഞ്ഞ വായ്പകൾ തീർക്കാനുമാണ് ഉപയോഗിക്കുന്നത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വൻപദ്ധതികളെല്ലാം ഇന്ന് താളംതെറ്റി നിൽക്കുകയാണ്. ലൈഫ് പദ്ധതിയായാലും കെ-ഫോൺ പദ്ധതിയായാലും റീബിൽഡ് പദ്ധതിയായാലും എല്ലാംതന്നെ പ്രവർത്തനം

നിലച്ചിരിക്കുന്ന സാഹചര്യത്തിലൂടെയാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. 2021 അവസാനത്തോടെ ഭവനരഹിതരില്ലാത്ത കേരളം എന്നതായിരുന്നു ലൈഫ് പദ്ധതിയുടെ ലക്ഷ്യം. ഏറ്റവും അവസാനം 2020 ജൂലൈ 1-ന് അപേക്ഷ നൽകിയ 9,20,261 അപേക്ഷകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കാൻപോലും സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല. 06-01-2021 -വരെ 5,83,676 അപേക്ഷകൾ മാത്രമാണ് സർക്കാരിന് പരിശോധിക്കാൻ സാധിച്ചത്. അതിൽ 3,76,701 പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വീടും സ്ഥലവും ഇല്ലാത്തവർക്ക് ഭവനം ഉണ്ടാക്കിക്കൊടുക്കുമെന്ന് പറഞ്ഞ ലൈഫ് മിഷന്റെ എല്ലാ പദ്ധതികളും പാളിനിൽക്കുകയാണ്. സർക്കാർ കൊട്ടിഘോഷിച്ച് തുടങ്ങിയ 36 ഭവനസമുച്ചയങ്ങളിൽ ഒരു ഫ്ലാറ്റ്പോലും ഇതുവരെ കൈമാറാൻ കഴിഞ്ഞിട്ടില്ലെന്നാണ് വിവരാവകാശ നിയമപ്രകാരം ലഭിച്ചിട്ടുള്ള മറുപടി. ഉദാഹരണത്തിന് കൊച്ചി നഗരത്തിൽ 12000 പേരാണ് വീടും സ്ഥലവും ഇല്ലാത്തവരായി അപേക്ഷ കൊടുത്തിട്ടുള്ളത്. 2017-ൽ 5380 പേരും 2020-ൽ 3375 പേരും ഉൾപ്പെടെ ഏകദേശം 9000 അപേക്ഷകളാണ് അർഹരായി കണ്ടെത്തിയത്. നഗരസഭയിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന്

അഞ്ചേകാൽ ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് രണ്ടേമുക്കാൽ ലക്ഷം രൂപയും പഞ്ചായത്തുകളിൽ സ്ഥലം വാങ്ങുന്നതിനായി രണ്ട് ലക്ഷം രൂപയുമാണ് ലൈഫ് പദ്ധതിയിലൂടെ നൽകുന്നത്. എറണാകുളം പോലെയുള്ള പ്രദേശത്ത് ഈ പദ്ധതി എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ; അതുകൊണ്ടുതന്നെ ഈ പദ്ധതി പ്രായോഗികമായി നടപ്പിലാക്കണമെങ്കിൽ നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ഭൂമി വാങ്ങുന്നതിനുള്ള മൂന്ന് സെന്റ് എന്നുള്ളത് ഒന്നര സെന്റായി കുറയ്ക്കാൻ സർക്കാർ തയ്യാറാകണം. അതോടൊപ്പം ഭൂമിയുടെ വില വർദ്ധിപ്പിച്ചു നൽകിയാൽ മാത്രമെ ഇത് പ്രായോഗികമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. സ്വന്തമായി സ്ഥലമുള്ളവരായി, കൊച്ചി നഗരസഭയിൽമാത്രം പി.എം.എ.വൈ. പദ്ധതിയിലുൾപ്പെടെ 9051 അപേക്ഷകളാണുള്ളത്. ഇതിൽ 3000 പേർക്കുമാത്രമെ നാലുലക്ഷം രൂപവച്ച് നൽകാൻ കഴിഞ്ഞിട്ടുള്ളൂ. യഥാർത്ഥത്തിൽ നാലുലക്ഷം രൂപ കൊടുക്കുമ്പോൾ ഒന്നര ലക്ഷം രൂപ കേന്ദ്രഗവൺമെന്റും അൻപതിനായിരം രൂപ സംസ്ഥാന ഗവൺമെന്റും രണ്ട് ലക്ഷം രൂപ നഗരസഭ വായ്പ എടുത്തുമാണ് നൽകുന്നത്.

കൊച്ചി നഗരസഭയിൽ ഇത് മുവായിരം പേർക്ക് കൊടുക്കുമ്പോൾ 81 കോടി 58 ലക്ഷം രൂപ ഹഡ്കോയിൽനിന്ന് കൊച്ചി നഗരസഭ വായ്പയെടുത്താണ് നൽകിയിട്ടുള്ളത്. ഇതിൽ കേന്ദ്ര വിഹിതമായ 23 കോടി രൂപയും സംസ്ഥാന വിഹിതമായ 7 കോടി രൂപയും ഉൾപ്പെടെ 31.56 കോടി രൂപ കഴിഞ്ഞ അഞ്ച് മാസക്കാലമായി സംസ്ഥാന സർക്കാർ നൽകിയിട്ടില്ലായെന്ന കാരണത്താൽ ഈ പദ്ധതി നിർത്തിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊച്ചിയിൽവന്ന് പൗരപ്രമുഖരെ കണ്ടപ്പോൾ അന്നവിടെ മേയറും ഞാനുമൊക്കെ പറഞ്ഞൊരു കാര്യമുണ്ട്, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന്. ബഹുമാനപ്പെട്ട മന്ത്രി അന്ന് ഉറപ്പുനൽകി. ഈ ബഡ്ജറ്റിൽ അത് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. നിർഭാഗ്യവശാൽ ഈ ബഡ്ജറ്റിൽ കേവലം 100 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ഇടപ്പെട്ട് ഇതിനൊരു പരിഹാരമുണ്ടാക്കി നഗരത്തിന്റെ മുഖമായ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനുള്ള നടപടി ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ

ഉപധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ എറണാകുളം അംഗം സംസാരിക്കുന്നതിനിടയിൽ സൂചിപ്പിച്ചകാര്യം, 2016 മുതൽ 2021 വരെയുള്ള പൊതുകടത്തെക്കുറിച്ചാണ്. 2011-ൽ 78,673 കോടി രൂപ പൊതുകടമുണ്ടായിരുന്ന കേരളത്തിൽ, ഉമ്മൻചാണ്ടി സർക്കാരിന്റെ അഞ്ച് വർഷംകൊണ്ട് 2016-ൽ 1,57,370 കോടി രൂപയുടെ കടത്തിലേയ്ക്ക് എങ്ങനെ വന്നുയെന്നുകൂടി സൂചിപ്പിക്കുന്നത് നന്നാകും. 600 രൂപയുണ്ടായിരുന്ന ക്ഷേമപെൻഷൻപോലും കൃത്യമായി നിങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. എൽ.പി. സ്കൂളുകളിലും യു.പി. സ്കൂളുകളിലും പഠിക്കുന്ന കുട്ടികളുടെ പാഠപുസ്തകങ്ങൾ കൃത്യമായി അച്ചടിച്ചു നൽകാൻ നിങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. ഒരു പ്രതിസന്ധിയും ഉണ്ടായിരുന്നില്ല. എന്നിട്ടും എങ്ങനെയാണ് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് പൊതുകടം ഇങ്ങനെ വർദ്ധിച്ചതെന്ന് സൂചിപ്പിക്കുന്നത് നന്നായിരിക്കും. നവകേരളത്തെ മുന്നിൽനിന്ന് നയിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നാടിന്റെ വികസനത്തിന് ഉല്പാദനത്തെയും

വിജ്ഞാനത്തെയും ബന്ധിപ്പിക്കുയാണ് ബഡ്ജറ്റ്. ഉല്പാദന മേഖലയും സമഗ്ര വളർച്ചയുമാണ് ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്. കിഫ്ബി നാടിന്റെ പശ്ചാത്തലമേഖലയിൽ വലിയ രൂപത്തിലുള്ള കുതിച്ചുചാട്ടമാണ് നടത്തിയത്. കിഫ്ബിയെ എതിർത്തവരാണ് പ്രതിപക്ഷ നിരയിലുള്ളത്. കിഫ്ബി വേണ്ടെന്ന നിലപാട് സ്വീകരിച്ച യു.ഡി.എഫ്. അംഗങ്ങൾ ഇപ്പോൾ കിഫ്ബിയുടെ ഫണ്ടിനുവേണ്ടി പുറകെ നടക്കുന്നവരായി മാറുന്നുണ്ടെന്ന് ഓർമ്മപ്പെടുത്തുകയാണ്. കാർഷിക മേഖലയിലെ അംഗമെന്ന നിലയിൽ തിരുവമ്പാടിപോലെ മലയോര മേഖലയെ, കാർഷികമേഖലയെ മാത്രം ആശ്രയിച്ചുജീവിക്കുന്ന ആളുകളുള്ള ഒരു മണ്ഡലമെന്ന നിലയിൽ, ഈ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ബൃഹത്തായ പദ്ധതികൾ നമ്മുടെ നാടിന്റ മുഖം മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. എല്ലാകാർഷിക പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിന് ദിശാബോധത്തോടെയുള്ള പദ്ധതികൾ ബഡ്ജറ്റിന്റെ ഭാഗമായി ഉൾക്കൊള്ളിക്കാൻ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ വലിയ തകർച്ചയുണ്ടായ ഒരു കാലഘട്ടംകൂടിയാണിത്. ഫോറസ്റ്റ് അതിർത്തി

പങ്കിടുന്ന മേഖലകളിൽ വന്യമൃഗങ്ങളുടെ ശല്യം, കാർഷികമേഖലയിലെ വിളക്കുറവ്, കേന്ദ്ര സർക്കാരിന്റെ സമീപനങ്ങളുടെ ഭാഗമായി വിളകൾക്ക് കൃത്യമായി വില ലഭിക്കാത്ത പ്രശ്നം, ആസിയാൻ കരാറിന്റെ ഭാഗമായുണ്ടായ പ്രതിസന്ധികൾ എന്നിങ്ങനെ നിരവധി പ്രതിസന്ധികൾ കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, കാർഷിക മേഖലയെ കൈപിടിച്ച് ഉയർത്തുന്നതിനുള്ള വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കുകയാണ്. ഫാം ടൂറിസത്തിന്റെ സാധ്യതകളുമായി ബന്ധപ്പെട്ടുകൊണ്ട് എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സന്ദർശനം നടത്തി. കാർഷിക മേഖലയിൽ നൂതനമായ ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഒരുപാട് കർഷകർ എന്റെ നാട്ടിലുണ്ട്. അവരുടെ ഉല്പന്നങ്ങൾ ഏത് രൂപത്തിലാണ് മാർക്കറ്റ് ചെയ്യേണ്ടതെന്ന് അറിയാത്ത ഒരുപാട് ആളുകളുമുണ്ട്. അവർക്ക് ഏറ്റവും വലിയ സ്വപ്ന തുല്യമായ പ്രതീക്ഷകൾ ഈ ബഡ്ജറ്റ് നൽകുകയാണ്. കാരണം താൻ ഉല്പാദിപ്പിക്കുന്ന ഉല്പന്നം മൂല്യവർദ്ധിത ഉല്പന്നമാക്കി എങ്ങനെ മാറ്റാൻ കഴിയും; അതെങ്ങനെയാണ് വിപണനം ചെയ്യേണ്ടത്; അതിന് എങ്ങനെ മാർക്കറ്റ് കണ്ടുപിടിക്കാൻ കഴിയും; അധികമായി വരുന്ന ഉല്പന്നം

എങ്ങനെയാണ് സംഭരിച്ച് വയ്ക്കാൻ കഴിയുക എന്നീ കാര്യങ്ങളെല്ലാം ഇക്കഴിഞ്ഞ നാൾവരെ നമുക്കൊരു മായാജാലമായി നിൽക്കുകയായിരുന്നു. എന്നാൽ ഇതിനെല്ലാം കൃത്യമായി ഈ ബഡ്ജറ്റിലൂടെ ഉത്തരം നൽകുകയാണ്. ഒരു മാങ്ങ വില്പനയ്ക്ക് മുന്നോട്ടുവച്ചാൽ അതിന് അഞ്ച് രൂപയാണ് കിട്ടുന്നത്. പക്ഷെ മാങ്ങമുറിച്ച് ഉപ്പിലിട്ട് അത് വിൽക്കുമ്പോൾ, ആ മാങ്ങയുടെ ചെറിയൊരു പീസിന് പത്ത് രൂപകിട്ടും. ഇത് അടിസ്ഥാനപരമായ സത്യമാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങളെ എങ്ങനെ ഉണ്ടാക്കിയെടുക്കുക എന്നതിലേയ്ക്കുവേണ്ടിയാണ് കേരളത്തിലെ 140 നിയമസഭാമണ്ഡലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കാനുള്ള തീരുമാനം ഇതിന്റെ ഭാഗമായുണ്ടായത്. ഓരോ മണ്ഡലത്തിലും സ്കിൽ കോഴ്സുകളുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുകയാണ്. എന്താണ് അവിടെ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്നത്; ആ ഉല്പാദനത്തെ നല്ലൊരു ഉല്പന്നമാക്കി മാറ്റി, വാല്യൂ ആഡഡ് പ്രോഡക്ടാക്കി മാറ്റി അതിനെ വില്ക്കാനുള്ള ഒരു ശ്രമമുണ്ടാവുകയാണ്. പലവിധ വസ്തുക്കളുള്ള ഒരു മേഖലയാണ് എന്റെ മണ്ഡലം. അവിടെ പാഷൻ ഫ്രൂട്ടിൽനിന്ന് ജ്യൂസ്, സ്ക്വാഷ് എന്നിവ

ഉണ്ടാക്കാനും അതിൽനിന്ന് വ്യത്യസ്തമായ ഉല്പന്നങ്ങൾ ഉണ്ടാക്കാനും ജാതിക്കയിൽനിന്ന് വ്യത്യസ്തമായ ഉല്പന്നങ്ങളുണ്ടാക്കാനും കാപ്പിക്കുരു പൊടിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനും ബ്രാൻഡാക്കി മാറ്റാനും മാർക്കറ്റിംഗിനുവേണ്ടിയുള്ള കമ്പനികളും വരികയാണ്. ഇത് പഠിപ്പിക്കാനാവശ്യമായ സഹായം ഇതിന്റെ ഭാഗമായി കൊടുക്കുകയാണ്. അങ്ങനെ കാർഷിക മേഖലയിൽ മുന്നോട്ട് കുതിക്കാൻ വേണ്ടി കഴിയുന്ന നിലയിലുള്ള വലിയ പദ്ധതികൾ ഉണ്ടാവുകയാണ്. എന്റെ മണ്ഡലത്തിലെ പുതുപ്പാടിയെന്ന പ്രദേശത്ത് സീഡ് ഫാമിന്റെ, കാർഷിക മേഖലയുടെ ഭാഗമായിതന്നെയുള്ള ഒരുപാട് സ്ഥലങ്ങളുണ്ട്. അവിടെ ഈ പദ്ധതികളെല്ലാം നടപ്പിലാക്കാൻ മാർക്കറ്റിംഗ് സൊസൈറ്റിയും സംഭരണ കേന്ദ്രങ്ങളുണ്ടാക്കിയെടുക്കാനും കോൾഡ് സ്റ്റോറേജുകൾ സ്ഥാപിക്കാനും ആവശ്യമായ നിലയിലുള്ള അനുഭാവപൂർണ്ണമായ പരിഗണന ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. എന്റെ മേഖല ധാരാളം റബ്ബർ കർഷകരുള്ള മേഖലയാണ്. ആ റബ്ബർ കർഷകർക്കുവേണ്ടി 500 കോടി രൂപ ഈ ബഡ്ജറ്റിൽ മാറ്റിവച്ചുയെന്നുള്ളത് വളരെ പ്രതീക്ഷ അർപ്പിക്കുന്ന ഒരു കാര്യമാണ്. ഏറ്റവും മികച്ച നിലയിൽ കർഷകരെ സഹായിക്കാനുള്ള

നിരവധി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്ന സാഹചര്യമാണ് ഈ ബഡ്ജറ്റിൽ കാണാൻ കഴിയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായി വലിയ രൂപത്തിലുള്ള സാമ്പത്തിക പ്രതിസന്ധി കേരളത്തിൽ ഉണ്ടാകുകയാണ്. കേരളത്തിനുവേണ്ടി അതിനെ ഏറ്റവും നന്നായി ഒരുമിച്ചുനിന്ന് പ്രതിരോധിക്കേണ്ട പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്രത്തിലേക്ക് പറഞ്ഞയച്ചിട്ടുള്ള 19 എം.പി.-മാരിൽ 18 എം.പി.-മാരും കേരളത്തിനൊന്നും നൽകേണ്ടതില്ലെന്ന നിലപാട് സ്വീകരിക്കുകയാണ്. നേരത്തെ കണ്ടില്ലേ; കെ-റെയിൽ, കെ-ഫോൺ, കിഫ്ബി, ഗെയിൽ പദ്ധതി എന്നിവ വരുമ്പോൾ അതുവേണ്ടായെന്ന സമീപനമാണ് സ്വീകരിക്കുന്നത്. അങ്ങനെയെല്ലാം വേണ്ടാ, വേണ്ടായെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കേരളത്തെ പടുകുഴിയിൽ തള്ളിയിടാനുള്ള ആലോചനയിൽ നിങ്ങൾ തിരുത്തൽ വരുത്തിയില്ലെങ്കിൽ അപകടകരമായ വിനാശം നിങ്ങൾക്കുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

കഴിഞ്ഞദിവസങ്ങളിലാണ് അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞടുപ്പ് ഫലം വന്നത്. തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ കോൺഗ്രസിന്

ഉത്തരേന്ത്യയിൽ വലിയ രീതിയിലുള്ള പരാജയമാണ് അനുഭവപ്പെട്ടത്. ഇവിടെനിന്ന് ജി-23 എന്നുപറഞ്ഞുകൊണ്ട് കുറച്ചുപേർ ശ്രീമതി സോണിയാ ഗാന്ധി ഉൾപ്പെടെയുള്ള ആളുകളെ കാണാൻ പോയി. ഞാൻ ആറാം തമ്പുരാൻ സിനിമ ഓർക്കുകയാണ്. ആറാം തമ്പുരാൻ സിനിമയിൽ അതിൽ ഉത്സവം നടത്താൻ വേണ്ടി കൊളപ്പുള്ളി എന്നുപറയുന്ന തറവാട്ടിൽനിന്ന് തിരുവാഭരണം ലഭിക്കേണ്ടതുണ്ട്. ആ തിരുവാഭരണം കൊണ്ടുപോകുന്നതിനുവേണ്ടി, സംഘാടകരായിട്ടുള്ള കുറച്ച് ആളുകൾ തിരുവാഭരണം വാങ്ങാൻവേണ്ടി പോകുന്നുണ്ട്. എന്നുപറഞ്ഞതുപോലെ ജി 23-ലെ കുറച്ച് ആളുകൾ കേന്ദ്രത്തിലേക്കുപോയി. അവിടെ പോയി കൊളപ്പുള്ളി അപ്പനും അപ്പന്റെ സഹോദരിയുമുള്ള സദസ്സിൽപോയി ചോദിക്കുകയാണ് 'ഞങ്ങൾക്ക് ആ തിരുവാഭരണം തരണം, തിരുവാഭരണം തന്നാലേ ഞങ്ങൾക്ക് ഉത്സവം നടത്താൻ പറ്റുള്ളൂവെന്ന്.' അപ്പോൾ അദ്ദേഹം പറയുന്നുണ്ട്, 'തിരുവാഭരണം തരാൻ പറ്റില്ല, തിരുവാഭരണം തരണമെങ്കിൽ ഞങ്ങളുടെ ട്രസ്റ്റ് തീരുമാനിക്കണം'. അപ്പോൾ ചോദിക്കുന്നുണ്ട് 'ആരാണ് ട്രസ്റ്റ്'; ട്രസ്റ്റ് എന്നുപറഞ്ഞാൽ 'ഞാനും അപ്പനും അപ്പന്റെ പെങ്ങൾ സുഭദ്രയും' എന്നുപറയുന്നതുപോലെ ഞാനും

എന്റെ കുടുംബവുമാണ് ഇവിടെയുള്ളത്. അതുകൊണ്ട് എന്താണ്; മറ്റ് മാറ്റങ്ങളൊന്നും ഉണ്ടാകില്ലെന്ന നിലപാട് സ്വീകരിക്കുകയാണ്. ജി-23 പറഞ്ഞത് പിൻവലിച്ച് തിരിച്ചുവരേണ്ട ഗതികേടിലേയ്ക്ക് മാറുകയാണ്. ഞാൻ കഴിഞ്ഞ ദിവസം മലയാള മനോരമ പത്രം വായിച്ചു. അതിൽ മൂന്നുദിവസത്തെ ഒരു ലേഖന പരമ്പരയുണ്ടായിരുന്നു, 'തെളിയുമോ കൈരേഖ'യെന്നാണ്. മലയാള മനോരമപോലും യു.ഡി.എഫ്.-നോട് ചൂണ്ടിക്കാണിക്കുകയാണ്, നിങ്ങളുടെ കൈരേഖ തെളിയുമോയെന്ന്. കൈരേഖ തെളിയണമെങ്കിൽ നിങ്ങളുടെ നയങ്ങളിൽ കാതലായ മാറ്റം വരണം. ഗാന്ധി കുടുംബമെന്നാണ് പറഞ്ഞത്. xxxxxxxxxxxxxxxxxxxxx+ പിന്നീടാണ് രാജീവ് ഗാന്ധി വരുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വളരെ സങ്കടമുണ്ട്. സംഘപരിവാർ വളരെക്കാലമായി കോൺഗ്രസ് നേതാക്കന്മാരെയും ഇന്ദിരാ ഗാന്ധിയെയും രാജീവ് ഗാന്ധിയെയുമൊക്കെ അധിക്ഷേപിക്കാൻ ഉപയോഗിക്കുന്നതിന്റെ ഭാഗമായിത് വരികയാണ്. ഫിറോസ് ഗാന്ധി മഹാത്മാ ഗാന്ധിയോടുള്ള

---

+ രേഖയിൽനിന്നും നീക്കം ചെയ്യേണ്ടതുണ്ടോയെന്നത് സംബന്ധിച്ച ഫയൽ ബഹു. സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.

സ്നേഹം കൊണ്ട്, ഇഷ്ടം കൊണ്ട്, ആരാധന കൊണ്ട് അദ്ദേഹത്തിന്റെ പേരിൽ... അദ്ദേഹത്തിന്റ പിതാവിന്റെ പേര് ഗാന്ധിയെന്നതന്നെയാണ്. പക്ഷേ മഹാത്മാ ഗാന്ധിയോടുള്ള ആരാധന കൊണ്ട്..... സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ആളാണ്. അങ്ങനെയാണ് ഇന്ദിരാ ഗാന്ധിയായത്. ഇന്ദിരാ ഗാന്ധിയുടെ മകൻ രാജീവ് ഗാന്ധി സോണിയാ ഗാന്ധിയെ കല്യാണം കഴിച്ചു. അങ്ങനെയാണ് സോണിയാ ഗാന്ധി. ഇതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. xxxxxxxxxxxxxxx+ ആ സംഘപരിവാറിന്റെ പ്രചാരവേല ഒരു ഡി.വൈ.എഫ്.ഐ.-ക്കാരൻ ഏറ്റെടുത്തതിൽ ലജ്ജിക്കുന്നു. .....(ബഹളം)....

<u>മി. ചെയർമാൻ</u>: അത് പരിശോധിച്ചശേഷം വേണ്ടത് ചെയ്യാം.+ Please carry on.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ സൂചിപ്പിച്ചത് ജവഹർലാൽ നെഹ്റുവിന്റെ മകളുടെ പേര് ഇന്ദിരാ പ്രിയദർശിനി നെഹ്റുവെന്നാണ്. xxxxxxxxxxxxxxxx+ ഗാന്ധി കുടുംബം, ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെ, യഥേഷ്ടം ഉപയോഗിക്കുകയെന്ന പൊളിറ്റിക്കൽ

---

\+ രേഖയിൽനിന്നും നീക്കം ചെയ്യേണ്ടതുണ്ടോയെന്നത് സംബന്ധിച്ച ഫയൽ ബഹു. സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.

\+ രേഖയിൽനിന്നും നീക്കം ചെയ്യേണ്ടതുണ്ടോയെന്നത് സംബന്ധിച്ച ഫയൽ ബഹു. സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.

\+ രേഖയിൽനിന്നും നീക്കം ചെയ്യേണ്ടതുണ്ടോയെന്നത് സംബന്ധിച്ച ഫയൽ ബഹു. സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.

തന്ത്രമാണ് കോൺഗ്രസ്സ് ഉപയോഗിക്കുന്നത്. ഇതിന് കാലം തിരിച്ച് ചോദിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കോൺഗ്രസ്സെന്ന രാഷ്ട്രീയ പ്രസ്ഥാനം മതനിരപേക്ഷതയ്ക്കുവേണ്ടി കാവൽ നിൽക്കേണ്ടവരാണെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ ഉത്തർപ്രദേശിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ അവിടെ 22 സീറ്റുകളിൽ എസ്.പി. (സമാജ്‍വാദി പാർട്ടി) തോറ്റത് കോൺഗ്രസ്സിന്റെ നിലപാടിന്റെ ഭാഗമായിട്ടാണ്. ഇവിടെ മുസ്ലീംലീഗുണ്ട്. Owaisi-യുടെ കൂടെനിന്ന് കോൺഗ്രസ്സിനൊപ്പം നിൽക്കാത്ത എസ്.പി. എന്നുപറഞ്ഞ ആ വലിയ സഖ്യത്തെ പരാജയപ്പെടുത്താനാവശ്യമായ മതനിരപേക്ഷ വോട്ടുകൾ ഭിന്നിപ്പിക്കാനാവശ്യമായ നിലപാടാണ് കോൺഗ്രസ് ഈ രാജ്യത്ത് സ്വീകരിച്ചത്. എങ്ങനെയാണ് കോൺഗ്രസ്സെന്നുപറയുന്ന രാഷ്ട്രീയ പ്രസ്ഥാനം പുറകോട്ടുപോയത്. എല്ലാ തെരഞ്ഞെടുപ്പുകളിലും ബി.ജെ.പി.-യെന്ന രാഷ്ട്രീയ പ്രസ്ഥാനം വിജയിച്ചുവരുന്നില്ല. എ.എ.പി. (ആം ആദ്മി പാർട്ടി) പഞ്ചാബിൽ വിജയിച്ചുവന്നു. എന്തുകൊണ്ടാണ് എ.എ.പി. വിജയിച്ചുവന്നത്? കോൺഗ്രസ് പ്രസ്ഥാനത്തെ വിശ്വസിക്കാൻ കഴിയാത്തതുകൊണ്ട് ആ നാട്ടിലെ ജനങ്ങൾ എ.എ.പി.-യെ തെരഞ്ഞെടുത്തതാണ്. ബി.ജെ.പി.-

ക്കെതിരായ നിലപാട് സ്വീകരിച്ച ഒരുപാട് സ്റ്റേറ്റുകൾ നമുക്കുണ്ട്. അരുണാചൽ പ്രദേശിൽ 60 സീറ്റിൽ 44 സീറ്റും നേടിയതാരാണ്? കോൺഗ്രസ്സാണ്. അവിടെ ബി.ജെ.പി. വേണ്ടായെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് കോൺഗ്രസ്സിനെ വിജയിപ്പിച്ചു. 43 പേരും ബി.ജെ.പി.-യോടൊപ്പം ചേർന്നു, ആ ഗവൺമെന്റ് താഴെപ്പോയി. 12 എം.എൽ.എ.-മാർ കൂറുമാറിയതിനുശേഷമാണ് ഗോവയിലെ ഭരണം പോയത്. അവിടെ ബി.ജെ.പി.-യെ പുറത്താക്കിയതാണ്. കർണ്ണാടകയിൽ കോൺഗ്രസ്സും ജനതാദൾ സഖ്യവുമായിരുന്നു ഇലക്ഷൻ റിസൾട്ട് വന്നപ്പോൾ ഏറ്റവും വലിയ സഖ്യം. എന്നാൽ കോൺഗ്രസ്സിലെ 17 എം.എൽ.എ.-മാർ രാജി വച്ചപ്പോൾ അല്ലെങ്കിൽ ബി.ജെ.പി.-യോടൊപ്പം ചേർന്നപ്പോഴാണ് ആ പ്രദേശത്ത് ഭരണം പോയത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. ലിന്റോ ജോസഫ്: സർ, തുടർച്ചയായി ബി.ജെ.പി. ഭരിച്ച സംസ്ഥാനമാണ് മദ്ധ്യപ്രദേശ്. കോൺഗ്രസ്സിനെ പ്രതീക്ഷിച്ചുകൊണ്ടാണ് കോൺഗ്രസ്സിനെ അധികാരത്തിൽ അവിടത്തെ ജനങ്ങളേറ്റിയത്. എന്നാൽ ജ്യോതിരാദിത്യ സിന്ധ്യ ഉൾപ്പെടെ 23 എം.എൽ.എ.-മാർ മാറി

ചിന്തിച്ചപ്പോഴാണ് അവിടത്തെ ഭരണം കോൺഗ്രസ്സിന് നഷ്ടമായത്. പുതുച്ചേരിയിൽ ബി.ജെ.പി. വട്ടപ്പൂജ്യമായിരുന്നു. എങ്ങനെയാണ് 5 എം.എൽ.എ.-മാർ മറുകണ്ടം ചാടുന്ന സ്ഥിതിയുണ്ടായി. ഈ മതനിരപേക്ഷ നിലപാടിൽ നിങ്ങൾ വെള്ളം ചേർക്കുന്നത് അവസാനിപ്പിച്ചില്ലെങ്കിൽ ഈ രാജ്യത്ത് സ്വയം കുത്തി മരിക്കുന്നവരായി കോൺഗ്രസ് തീരുമെന്ന കാര്യം മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ആന്റണി ജോൺ: സർ, അന്തിമ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. സാമ്പത്തിക ബാദ്ധ്യതയുണ്ടായാലും ജനക്ഷേമത്തിനും വികസന പദ്ധതികൾക്കും യാതൊരു കുറവും വരുത്തില്ലെന്ന ഉറച്ച നിലപാടായിരുന്നു ഒന്നാം പിണറായി സർക്കാരിനുണ്ടായിരുന്നത്. അതേ പാത തന്നെയാണ് ഇപ്പോൾ രണ്ടാം പിണറായി സർക്കാരും പിന്തുടരുന്നത്. കഴിഞ്ഞ രണ്ടുവർഷമായി ലോകത്തെയാകെ പിടിമുറുക്കിയിരിക്കുന്ന കോവിഡും അതിന് മുമ്പുള്ള വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച പ്രതിസന്ധികളും ഒരു പക്ഷേ കേരള പിറവിക്കുശേഷം അധികാരത്തിൽ

വന്നിട്ടുള്ള മറ്റൊരു സർക്കാരിനും നേരിടേണ്ടി വരാത്ത പ്രതിസന്ധികളായിരുന്നു. ആ പ്രതിസന്ധി ഘട്ടങ്ങളിലും കേരളത്തിന്റെ വികസനത്തിന് നേരെ കേന്ദ്രം പുറംതിരിച്ചുനിൽക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ആ ഘട്ടത്തിലും ഇവിടത്തെ ജനങ്ങളെ ചേർത്തുനിർത്തി ജനപക്ഷ നിലപാടുകൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് ഈ രണ്ട് സർക്കാരുകളും മുന്നോട്ടുപോയിട്ടുള്ളത്. സംസ്ഥാനത്തിന്റെ സർവ്വോന്മുഖമായ വികസനത്തിൽ പശ്ചാത്തല സൗകര്യ വികസനവും അതോടൊപ്പം ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നതിയും ഇവിടത്തെ വ്യത്യസ്തമായ ബദൽ വികസന പരിപ്രേക്ഷ്യവും രാജ്യത്തിന് മാതൃകയായ കോവിഡ്കാല സഹായങ്ങളും ആരോഗ്യപരമായ വ്യവസായ അന്തരീക്ഷവും പരിസ്ഥിതി സൗഹൃദമായ പദ്ധതികളുമെല്ലാം ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. പ്രതിസന്ധികൾക്ക് മുമ്പിൽ നമ്മൾ പകച്ചുനിൽക്കുകയല്ല ചെയ്തിട്ടുള്ളത്. നമ്മുടെ പരിമിതികളെ എങ്ങനെ മുറിച്ചുകടക്കാമെന്നുള്ള പ്രായോഗിക സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ബദൽ കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ച വികസന സമീപനത്തോടെ കേരളത്തെ മുന്നോട്ടുനയിക്കുക എന്നതാണ് രണ്ടാം പിണറായി സർക്കാരും ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിൽ യഥാർത്ഥത്തിൽ

ഇടതുപക്ഷത്തിന് തുടർഭരണമുണ്ടായത് കഴിഞ്ഞ ഗവൺമെന്റിന്റെ വികസന നേട്ടങ്ങളെ വിലയിരുത്തിക്കൊണ്ടാണെന്ന് മനസ്സിലാക്കി, ആ വികസന പ്രവർത്തനങ്ങളെ തടയുകയെന്നുള്ളത് ഇന്ന് കേരളത്തിലൊരു രാഷ്ട്രീയ അജണ്ടയായി വികസിപ്പിച്ചെടുത്തിരിക്കുകയാണ്. ഓരോ കാര്യങ്ങളും എടുത്തുപറയാൻ കഴിയും. ഒരു വശത്ത് ആർ.എസ്.എസും ബി.ജെ.പി.-യുമാണെങ്കിൽ മറ്റൊരു വശത്ത് ജമാഅത്തെ ഇസ്ലാമിയും വെൽഫയർ പാർട്ടിയും എസ്.ഡി.പി.ഐ.-യും അടക്കമുള്ള ശക്തികളാണുള്ളത്. ഈ രണ്ട് ശക്തികളോടൊപ്പമാണ് കേരളത്തിലെ കോൺഗ്രസും നിലപാട് സ്വീകരിച്ച്, ഒപ്പം നിന്നുകൊണ്ടാണ് ഈ വികസന പ്രവർത്തനങ്ങളെയെല്ലാം തടയാനുള്ള സമീപനം സ്വീകരിക്കുന്നത്. അത് രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് മാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഇതുതന്നെയായിരുന്നു സ്ഥിതി. ഇവിടെയൊന്നും നടക്കില്ലെന്ന കാഴ്ചപ്പാടിനെയും മനോഭാവത്തെയും പൊളിച്ചെഴുതിക്കൊണ്ട് ഇവിടെയും കാര്യങ്ങൾ നടക്കുമെന്ന നിലയിലേയ്ക്ക് കേരളത്തെ എത്തിച്ചുവെന്നതാണ് രണ്ടാം പിണറായി സർക്കാരിന്റെ ഉൾപ്പെടെയുള്ള ഈ രണ്ട് ഗവൺമെന്റുകളുടെയും നേട്ടമെന്നുള്ളത് പ്രത്യേകം

എടുത്തുപറയേണ്ടതുണ്ട്. ഇവർ പല വികസന പ്രവർത്തനങ്ങൾക്കും തടസ്സം നിൽക്കുന്നുവെന്ന് നമുക്കറിയാം. വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കാനുള്ള കാരണം ഞാൻ ആദ്യം സൂചിപ്പിച്ചു. വികസനം അടിസ്ഥാനമാക്കിയാണ് ജനങ്ങൾ വീണ്ടും ഈ ഗവൺമെന്റിനെ അധികാരത്തിലേറ്റിയിട്ടുള്ളത്. അതുകൊണ്ട് ഇതിനെ എങ്ങനെയെങ്കിലും തടയിടുകയെന്നൊരു സമീപനം സ്വീകരിക്കുന്നു. ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി നിലപാട് സ്വീകരിച്ചതുകൊണ്ടല്ലേ, കേരളത്തിൽ നടക്കില്ലെന്ന് കരുതിയിരുന്ന ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ് ലൈൻ, പവർ ഹൈവേ, ജലപാത, തീരദേശ മലയോര ഹൈവേകൾ, കെ-ഫോൺ ഇപ്പോൾ കെ-റെയിൽ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ കൊണ്ടുവരാൻ കഴിഞ്ഞത്. കഴിഞ്ഞ അഞ്ചുവർഷക്കാലം പരിശോധിച്ചാൽ കേരളത്തിലെ പ്രതിപക്ഷം എന്താണ് ചെയ്തുകൊണ്ടിരുന്നത്? കേരളത്തിൽ ഒരു വശത്ത് വലിയ പ്രതിസന്ധികളും മറ്റൊരു വശത്ത് കേന്ദ്രഗവൺമെന്റ് കേരളത്തിനോട് പുറം തിരിഞ്ഞ് നിൽക്കുന്ന സമീപനവുമാണ് സ്വീകരിക്കുന്നത്. അത്തരമൊരു ഘട്ടത്തിലും ഒരുകാലത്തും ഉണ്ടാകാത്ത തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ കേരളത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

ജനക്ഷേമ പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പിലാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. എന്തിനേറെ, ലൈഫ് പദ്ധതിയെക്കുറിച്ച് നമുക്കറിയാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഡി. കെ. മുരളി]

ഒരു മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ആഹാരം, വസ്ത്രം എന്നതുപോലെ തന്നെ കിടന്നുറങ്ങാൻ ഒരു വീട് പ്രധാനപ്പെട്ട കാര്യമാണ്. അടച്ചുറപ്പുള്ളൊരു വീട് ഏതൊരു മനുഷ്യന്റെയും വലിയ സ്വപ്നമാണ്. ആ ലൈഫ് പദ്ധതിയെപ്പോലും തകർക്കാനുള്ള സമീപനം സ്വീകരിച്ച ആളുകളല്ലേ കേരളത്തിലെ പ്രതിപക്ഷം. രണ്ടേമുക്കാൽ ലക്ഷം വീടുകളാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് സർക്കാർ നിർമ്മിച്ചുകൊടുത്തത്. അടുത്ത ഒരു വർഷക്കാലംകൊണ്ട് ഒരു ലക്ഷം വീടുകൾ കൂടി കൊടുക്കാൻ തീരുമാനിക്കുന്നുവെന്ന് ഇപ്പോൾ വീണ്ടും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. മൂവായിരത്തോളം ഫ്ലാറ്റുകൾ ആളുകൾക്ക് നിർമ്മിച്ചുകൊടുക്കാൻ തീരുമാനിക്കുന്നു. ആ നിലയ്ക്കെല്ലാമുള്ള സമീപനം സ്വീകരിക്കുമ്പോഴും ഒരു ഉത്തരവാദിത്വപ്പെട്ട പ്രതിപക്ഷമെന്ന നിലയിൽ

കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനമെന്താണ്? ചിലതിനെല്ലാം ഇവർ ഒപ്പം നില്ക്കുന്നുവെന്ന് നടിച്ചുകൊണ്ട് പിന്നിൽ നിന്ന് കുത്തുന്ന സമീപനം സ്വീകരിക്കുകയാണ്. കേരളത്തിന്റെ മുഖം മാറുകയാണ്. മാറുന്ന കേരളം, മാറാത്ത പ്രതിപക്ഷം എന്നതാണ് ഇന്ന് നാട്ടിലെ ജനങ്ങൾ പറയുന്നത്. ഇവർ ഇനിയെങ്കിലും തിരുത്താൻ തയ്യാറാകണ്ടേ? കേരളാ മോഡലിനെക്കുറിച്ച് സംസാരിക്കാറുണ്ട്. കേരളാ മാതൃകയുടെ സവിശേഷതകളാണല്ലോ വിദ്യാഭ്യാസവും ആരോഗ്യവും. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ദൃഢീകരിച്ച് മുന്നോട്ട് പോകുന്നതിനുള്ള വലിയ ഇടപെടലല്ലേ ഒന്നാം പിണറായി സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായി വലിയ മാറ്റങ്ങൾ എല്ലാ മണ്ഡലത്തിലും ഉണ്ടായിട്ടുണ്ട്. ലോകത്തെവിടെയുമുള്ള സമാനപ്രായക്കാരായ കുട്ടികളോട് അറിവിന്റെയും കഴിവിന്റെയും കാര്യത്തിൽ കേരളത്തിലെ കുട്ടികളെ ഒപ്പമെത്തിക്കുന്നതിനായി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ലോകത്തെവിടെയുമുള്ള സമാനപ്രായക്കാർക്കുള്ള കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസ മേഖലയ്ക്ക് ലഭിക്കുന്ന സൗകര്യവും സാഹചര്യവും കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന

കുട്ടികൾക്കും സർക്കാർ സാധ്യമാക്കി. പശ്ചാത്തലസൗകര്യ വികസനത്തിൽ വലിയ മാറ്റംവന്നു. ശാസ്ത്രീയമായ സമീപനം വിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരികയാണ്. കേവലം പഠിച്ചിറങ്ങുന്ന, ബിരുദം നേടിയ ആളുകൾ എന്നതിനപ്പുറത്ത് ജോലി ചെയ്യാൻ കഴിയുന്ന ഒരു ജനതയെ സൃഷ്ടിച്ചെടുക്കുന്ന തരത്തിലുള്ള പുതിയ നയസമീപനങ്ങൾ വിദ്യാഭ്യാസ മേഖലയിലടക്കം സർക്കാർ സ്വീകരിക്കുകയാണ്. ആരോഗ്യമേഖലയിൽ വലിയ മാറ്റം വന്നില്ലേ; കേരളാ മോഡലിന്റെ ഭാഗമായി ഉയത്തിക്കാണിക്കുന്ന പ്രധാനമേഖലയാണ് ആരോഗ്യമേഖല. ആരോഗ്യമേഖലയിലെ ചെറിയ പോരായ്മകൾ ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ പരിഹരിച്ചില്ലേ; പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യശൃംഖല കൂടുതൽ ദൃഢീകരിച്ചുകൊണ്ട് മുന്നോട്ടുപോയി. ഹൃദയമാറ്റ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ സർജറികൾ പലപ്പോഴും സർക്കാർ സംവിധാനങ്ങളിൽ നടത്താൻ സാധിച്ചിരുന്നില്ല. അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ളവ നമ്മുടെ മെഡിക്കൽ കോളേജുകളിൽ നടത്താൻ കഴിയുന്ന തരത്തിലുള്ള

ഉന്നത നിലവാരത്തേയ്ക്ക് ആരോഗ്യമേഖലയെ എത്തിച്ചു. കാൻസർ ചികിത്സ മെഡിക്കൽ കോളേജുകളിലും കാൻസർ സെന്ററുകളിലെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് പൊതുമേഖലയിൽ അങ്ങനൊരു സൗകര്യം ജനങ്ങൾക്ക് ഒരുക്കിക്കൊടുക്കുന്ന സമീപനം സ്വീകരിച്ചു. ജീവിതശൈലീ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന ആളുകൾക്ക് സൗജന്യമായി മരുന്ന് കൊടുത്തുകൊണ്ടുള്ള സമീപനം സ്വീകരിച്ചു. താലൂക്ക് ആശുപത്രികളിൽ വരെ ഡയാലിസിസ് സംവിധാനം നടപ്പിലാക്കാനുള്ള പ്രവർത്തനം സർക്കാർ ഉറപ്പുവരുത്തി. അങ്ങനെ കേരളാ മോഡലിന്റെ സവിശേഷതകളായിരുന്ന ആരോഗ്യമേഖലയെയും വിദ്യാഭ്യാസ മേഖലയെയും കൂടുതൽ ദൃഢീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരും ഈ സർക്കാരും ഏറ്റെടുക്കുകയും ആ പ്രവർത്തനങ്ങൾ തുടരുകയുമാണ്. അത്തരം പ്രവർത്തനങ്ങൾ നടത്തി മുന്നോട്ട് പോകുമ്പോഴാണ് അതിനെയെല്ലാം ഇല്ലായ്മ ചെയ്യുന്നതിനുള്ള വലിയ ശ്രമം ഇന്ന് കേരളത്തിൽ നടക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ പ്രശ്നമെന്താണ്? കിടന്നിട്ട് ഉറക്കം വരാത്തതാണ് ഇവരുടെ പ്രശ്നം. എന്തുകൊണ്ടാണ് ഇവർക്ക് ഉറക്കം വരാത്തത്. ഒരു

പ്രത്യേക മാനസികാവസ്ഥയിലേയ്ക്ക് ഇവർ മാറുകയാണ്. ഇപ്പോൾ 6 വർഷക്കാലമായി പ്രതിപക്ഷത്തിരിക്കുന്നു. ഇനിയും 4 വർഷക്കാലം അവശേഷിക്കുന്നു. അത് കഴിയുമ്പോൾ വീണ്ടും 5 വർഷം കൂടിയെന്ന് ചിന്തിക്കുമ്പോൾ വലിയ മാനസിക വിഭ്രാന്തിയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷം മാറുകയാണ്. അതുകൊണ്ടാണ് ഇടതുപക്ഷം കൊണ്ടുവരുന്ന ഏതൊരു നടപടിയേയും തുറന്ന് എതിർക്കുകയെന്ന സമീപനം സ്വീകരിക്കുന്നത്. പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് സൂചിപ്പിക്കാനുള്ളത്, നിങ്ങൾ ഞങ്ങളെ ഇനിയും ഇങ്ങനെ കൂടുതൽ ആക്രമിക്കരുത്. നിങ്ങൾ ആക്രമിച്ചതുകൊണ്ടാണ് ഞങ്ങൾ 90-ന് മുകളിൽ നിന്ന് 99-ലേയ്ക്ക് എത്തിയത്. ഇനിയും നിങ്ങൾ കൂടുതൽ ആക്രമിച്ചാൽ ഞങ്ങളുടെ സ്ഥിതി കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് മാറും. ഇവിടത്തെ പ്രതിപക്ഷത്തിന് ഞങ്ങളോട് സ്നേഹമുണ്ടെങ്കിൽ നിങ്ങൾ ആ നിലയിലുള്ള സമീപനം ഇനി സ്വീകരിക്കരുതെന്നാണ് സൂചിപ്പിക്കാനുള്ളത്. യഥാർത്ഥത്തിൽ ഇന്നത്തെ പ്രതിപക്ഷം ഈ സഭയിലെ പ്രതിപക്ഷമല്ല, മറിച്ച് കേരളത്തിന്റെ പ്രതിപക്ഷമായി മുന്നോട്ടുപോകുകയാണ്. ലോകത്ത് എവിടെയൊക്കെ പശ്ചാത്തല സൗകര്യം വികസിച്ചിട്ടുണ്ടോ അവിടെയെല്ലാമാണ് വ്യവസായം

വന്നിട്ടുള്ളത്, ഉല്പാദനം മെച്ചപ്പെട്ടിട്ടുള്ളത്, പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ ജനങ്ങൾക്ക് അതൊന്നും വേണ്ടായെന്ന നിലപാട് സ്വീകരിക്കുന്നു. കേരളത്തിന് എതിരായി നില്ക്കുന്ന സമീപനമാണ് ഇവർ സ്വീകരിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയരരുതെന്ന് കാണുന്നവരാണ് പ്രതിപക്ഷം. ഇതിനെയൊക്കെയാണോ ക്രിയാത്മകമെന്നും പ്രൊഡക്റ്റീവ് പൊളിറ്റിക്സെന്നും പ്രതിപക്ഷ നേതാക്കന്മാരുൾപ്പെടെ വിശേഷിപ്പിക്കുന്നത് എന്നറിഞ്ഞാൽ കൊള്ളാം. ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചിട്ടുള്ള സമീപനങ്ങൾ, ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിലും രണ്ടാം സർക്കാരിന്റെ കാലഘട്ടത്തിലും എല്ലാ വിഷയങ്ങളെക്കുറിച്ചും ജനങ്ങളുടെ അഭിപ്രായം സ്വരൂപിച്ചുകൊണ്ടുതന്നെയാണ് സർക്കാർ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോയിട്ടുള്ളതെന്ന് പ്രത്യേകം എടുത്തുപറയേണ്ടതാണ്. ഇവർ തിരുത്താൻ തയ്യാറാകുന്നില്ല. 5 സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിനുശേഷം ഇന്ത്യയിൽ കോൺഗ്രസ്സ് തകർന്നടിഞ്ഞ് നില്ക്കുന്ന സമയത്തും ഇവർ നിലപാട് തിരുത്താൻ തയ്യാറാകുന്നില്ല. കേരളത്തിൽ പുതിയ നേതൃത്വം വന്നതിനുശേഷം പുതിയ പ്രഖ്യാപനങ്ങൾ നടത്തുകയാണ്.

സെമി കേഡർ സംവിധാനത്തിലേയ്ക്ക് മാറുമെന്നാണ് പറയുന്നത്. തർക്കമില്ല. ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. നിങ്ങൾ നന്നായി വരണം. വർഗ്ഗീയതയെ എതിർക്കണം. നിങ്ങൾ രാജ്യത്ത് മുന്നോട്ട് വരണമെന്ന ഉറച്ച നിലപാടുള്ള വ്യക്തികളാണ് ഞങ്ങൾ. ഒരു വാർത്തയെക്കുറിച്ചുകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി മാസം 26-ാം തീയതി മലയാളത്തിലെ പ്രമുഖ പത്രങ്ങളിൽ വന്ന വാർത്തയാണിത്. ഒരു മിന്നലാക്രമണത്തെ സംബന്ധിച്ച വാർത്തയാണ്. ഈ വാർത്ത കാണുമ്പോൾ യുക്രെയിനിൽ നടന്ന മിന്നലാക്രമണമാണോയെന്ന് നമുക്ക് തോന്നും.

<u>മി. ചെയർമാൻ</u>: യെസ് പ്ലീസ്...കൂടുതൽ സമയം അനുവദിക്കാൻ കഴിയില്ല, അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഇത് നടന്നത് തിരുവനന്തപുരത്താണ്. തിരുവനന്തപുരത്ത് കെ.പി.സി.സി.-യുടെ മിന്നലാക്രമണം. അതായത് കൂടെയുള്ളവരെ വിട്ട് രഹസ്യം പിടിക്കാൻ പോകുന്നതാണോ ഈ പറയുന്ന സെമികേഡർ എന്ന് വിശദീകരിച്ചാൽ നന്നായിരിക്കും.

<u>മി.ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്......

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ മറ്റുകാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.... (മൈക്ക് ഓഫ്)......

ശ്രീ. മാത്യു ടി. തോമസ്: സർ, സപ്ലിമെന്ററി ഡിമാന്റ്സിനെ ഞാൻ അംഗീകരിക്കുകയാണ്, അനുകൂലിക്കുകയാണ്. ഈ സഭയിൽ നിരവധി അഭിഭാഷകരുണ്ട്. വക്കീലന്മാരുടെ കൂട്ടത്തിൽ ഒരു വിഭാഗമുണ്ട്. യാതൊരു കാരണവശാലും ജയിക്കാത്ത, തീർച്ചയായും തോൽക്കുന്ന കേസുകൾ മാത്രമെ അവർക്ക് വാദിക്കാൻ കിട്ടുകയുള്ളൂ. ജയിക്കാൻ എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ അവർ വാദിച്ചാൽ അത് തോറ്റിരിക്കും. ഈ വക്കീലന്മാരുടെ അവസ്ഥയിലാണ് കേരളത്തിലെ പ്രതിപക്ഷം ഇന്ന് എത്തി നില്ക്കുന്നത്. നേരത്തെ കിഫ്ബിയെ എതിർത്തു. കിഫ്ബി വിജയകരമായി നടപ്പിലാക്കുന്നു. കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികൾ; ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മുടെ മണ്ഡലങ്ങളിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് കെ-റെയിലിനെ എതിർക്കുകയാണ്. അവർ എതിർക്കുന്നതുകൊണ്ടുതന്നെ കേരളത്തിലെ ജനങ്ങൾക്കറിയാം, ഇത് നടക്കാൻ പോകുന്നു, ഇത് യാഥാർത്ഥ്യമായി തീരുമെന്നത് ജനങ്ങൾ തിരിച്ചറിഞ്ഞ് കഴിഞ്ഞിരിക്കുകയാണ്. "Heard

melodies are sweet, but those unheard are sweeter" എന്നുപറയാറുണ്ട്. ബഡ്ജറ്റ് പ്രസംഗത്തേക്കാൾ മധുരതരമായ മറുപടി പ്രസംഗമാണ് ബഡ്ജറ്റിന്റെ ചർച്ചയ്ക്കുശേഷം ഇന്നലെ നിയമസഭയിൽ കേട്ടത്. പ്രശ്നങ്ങളിലും അതിന്റെ സങ്കീർണ്ണതകളിലും ആശങ്കപ്പെടുകയും കടത്തിന്റെയും മുരടിപ്പുകളുടേയും മുഷിപ്പൻ കഥ പറഞ്ഞിരിക്കുകയും ചെയ്യുകയല്ല, പ്രശ്നങ്ങളെ കീറി മുറിച്ച് അവിടെ പ്രത്യാശ വിതറുന്ന ഒരു സമീപനം ബഡ്ജറ്റ് പ്രസംഗത്തിലുണ്ടായിരുന്നു, അതിലേറെയായി അതിന്റെ മറുപടി പ്രസംഗത്തിലും ഉണ്ടായിരുന്നു എന്നതാണ് ഈ ദിവസങ്ങളിൽ കാണാൻ കഴിഞ്ഞത്. സംസ്ഥാനത്ത് വികസന സന്തുലിതാവസ്ഥ കൈവരിക്കാൻ കഴിഞ്ഞു. ക്ഷേമപ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടക്കുകയാണ്. ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച് കഴിഞ്ഞ നാളുകളേക്കാൾ ഫലപ്രദമായി നടപ്പിലാക്കുന്നു. എന്നാൽ അതേ സമയം പുത്തൻവികസന സംരംഭങ്ങൾ ഏറ്റെടുക്കുമ്പോൾ താഴെതട്ടിലുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നില്ലെന്ന് മാത്രമല്ല, എങ്ങനെ അവർക്കത് പ്രയോജനപ്രദമാക്കി മാറ്റാൻ കഴിയുമെന്ന ചിന്തയാണ് ഇവിടെ പങ്കുവയ്ക്കപ്പെടുന്നത്. പുതിയ ഉല്പാദനമേഖലകളിലേയ്ക്ക് കടക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ

പറയുകയുണ്ടായി. പ്രധാനമായും അദ്ദേഹം ഉന്നംവച്ചത് ഫുഡ് ഇൻഡസ്ട്രിയെയാണ്. ഭക്ഷ്യ സാങ്കേതിക വിദ്യ, ഫുഡ് ടെക്നോളജി വളർന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ നാട്ടിൽ ലഭ്യമായിരിക്കുന്ന ഭക്ഷ്യ ഉല്പന്നങ്ങളെ സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ എത്തിച്ച് വിദേശരാജ്യങ്ങളിലേയ്ക്കുപോലും കയറ്റുമതി ചെയ്യുന്ന അവസ്ഥയിലേയ്ക്ക് എത്തുമ്പോൾ നമ്മുടെ സമ്പദ്ഘടന വികസിക്കുമെന്നു മാത്രമല്ല, താഴെത്തട്ടിൽ ഉല്പാദന പ്രക്രിയയുമായി ബന്ധപ്പെട്ട് നില്ക്കുന്ന സാധാരണക്കാരുടെ ജീവിതവും മെച്ചപ്പെടുകയാണ്. അത്തരത്തിൽ ഒരു കാഴ്ചപ്പാടിൽ നിന്നുകൊണ്ടുള്ള നടപടികളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമർപ്പിച്ചത്. അതുപോലെ ഇനിയും നമ്മൾ ടാപ്പ് ചെയ്തിട്ടില്ലാത്ത മേഖലകളുണ്ട്. നോളഡ്ജ് ഇക്കണോമി, ഡിജിറ്റൽ സർവ്വകലാശാല വരുന്നു. ഇന്നത്തെ പ്രശ്നങ്ങളിൽ ആകുലപ്പെട്ട്, വ്യസനപ്പെട്ട് ഇരിക്കുകയല്ല, നമ്മുടെ സാദ്ധ്യതകളെ മുഴുവൻ പ്രയോജനപ്പെടുത്തി കേരളത്തെ വളർച്ചയുടെ കുതിപ്പിലേയ്ക്ക് കൊണ്ടെത്തിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങളാണ് ഈ ബഡ്ജറ്റിലും അതിനോടൊപ്പമുള്ള നിലപാടുകളിലും കാണുന്നതെന്ന് മനസ്സിലാക്കുന്നത്. കേന്ദ്രത്തിന്റെ വികസന മാതൃകകൾ വ്യത്യസ്തമാണ്.

സ്വകാര്യ വ്യക്തികൾക്ക് വലിയ ലാഭമുണ്ടാക്കാൻതക്കവണ്ണം പൊതുമേഖലയെ മുഴുവൻ വിറ്റഴിക്കുകയാണ്. കേന്ദ്രത്തിന്റെ നയങ്ങളെ നമ്മൾ കൂട്ടായി എതിർക്കുന്നു. ഇന്നലെ എൽ.ഐ.സി. വിറ്റഴിക്കുന്നതിനെതിരെ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കാൻ നമുക്ക് കഴിഞ്ഞു. പക്ഷെ വികലമായ നയങ്ങൾ രാജ്യത്ത് കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റാണെന്നത് നമ്മൾ വിസ്മരിക്കരുത്. ആഗോളീകരണ നവലിബറൽ സാമ്പത്തിക നയങ്ങൾ ഇവിടെ ഉദ്ഘാടനം ചെയ്തത് കോൺഗ്രസ് ഗവൺമെന്റാണ്. അതേസമയംതന്നെ പ്രസക്തമായ ഒരു വിഷയമെന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിലെ മതേതരത്വത്തിന് സംഭാവന നൽകാൻ കഴിയുന്ന, സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച ഒരു പ്രസ്ഥാനമെന്ന നിലയിൽ ജനങ്ങൾ ഭാവി പ്രതീക്ഷയോടുകൂടി കണ്ടിരുന്ന ഒരു പ്രസ്ഥാനമാണ്. പക്ഷെ ഇന്ന് സാമ്പത്തിക നയങ്ങളിൽ അവയ്ക്ക് ബി.ജി.പി.-യിൽനിന്ന് വ്യത്യസ്തതയില്ല. വർഗ്ഗീയത താലോലിക്കുന്ന കാര്യത്തിൽ ആ മാതൃക അനുകരിച്ചാൽ തങ്ങൾക്ക് കുറച്ച് വോട്ട് കിട്ടുമോയെന്ന് പരിശോധന നടത്തിയതിന്റെ അനന്തരഫലമാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടന്ന

തെരഞ്ഞെടുപ്പുകളിൽ കണ്ടത്. ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ രണ്ട് സീറ്റിലൊതുങ്ങി. രണ്ട് സീറ്റെന്നുള്ളതല്ല കിട്ടിയ വോട്ടുകൾ 2.33 ശതമാനമെന്നതാണ് പ്രശ്നം. ഒരു സീറ്റുമാത്രം കിട്ടിയ ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി.)-ക്ക് അവിടെ 12 ശതമാനവും സമാജ്‌വാദി പാർട്ടി (എസ്.പി.)-ക്ക് 32 ശതമാനവും വോട്ടുണ്ട്. കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ ബി.ജെ.പി. അനുകരിച്ചുവെന്നാണ് മനസ്സിലാക്കേണ്ടത്. വർഗ്ഗീയതയെ താലോലിക്കുന്ന ബി.ജെ.പി.-യുടെ നയങ്ങളെ അനുകരിക്കാൻ കോൺഗ്രസ് ശ്രമിച്ചതുകാരണം ഉണ്ടായിരുന്ന ജനകീയ അടിത്തറകൂടി നഷ്ടപ്പെട്ടു. അയോദ്ധ്യ വിഷയത്തിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ നിലപാടി അതായിരുന്നില്ലേ; പ്രചാരണ സമയത്ത് ഏതെല്ലാം വേഷങ്ങൾ കെട്ടിയാണ് നേതാക്കന്മാർ അവിടെ പര്യടനം നടത്തിയത്? ബി.ജെ.പി.-യെ ആ കാര്യത്തിൽ അനുകരിച്ചുനോക്കിയാൽ വോട്ട് കിട്ടുമോ എന്ന പരിശോധന ആത്മഹത്യാപരമായിയെന്നാണ് ഞാൻ സൂചിപ്പിക്കാൻ ശ്രമിക്കുന്നത്. കൂടുതൽ രാഷ്ട്രീയ പ്രശ്നങ്ങളിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ചുരുങ്ങിയ സമയത്തിനുള്ളിൽ ചില നിർദ്ദേശങ്ങൾ വയ്ക്കണമെന്ന് എനിക്ക് താൽപ്പര്യമുണ്ട്. ഒന്ന്, നമ്മുടെ നാട്ടിൽ നിലവിലുള്ള

നിയമങ്ങൾ ചിലതൊക്കെ കാര്യക്ഷമമാക്കാനുണ്ടെന്നുതന്നെയാണ് എന്റെ വിശ്വാസം. ബഹുമാനപ്പെട്ട മന്ത്രിമാരിൽ അധികമാളുകളും ഇപ്പോൾ ഇവിടെയില്ല. ഇവിടെ ഇപ്പോഴുള്ളത് കൃഷി വകുപ്പുമന്ത്രിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ പ്രധാനപ്പെട്ട നിയമമാണ് കർഷക നിയമം. ഞാൻ അതിന്റെ സെലക്ട് കമ്മിറ്റിയിലെ അംഗമായിരുന്നതുകൊണ്ട് അതിന്റെ പരിചയത്തിൽനിന്നുകൊണ്ട് പറയുകയാണ്. കൃഷി ഉൽപ്പന്നങ്ങളെ അസംസ്കൃത പദാർത്ഥമാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കിയെടുക്കുന്ന വൻകിടക്കാർക്കുള്ള ലാഭത്തിന്റെ വിഹിതം ഈ നിധിയിലേയ്ക്ക് നൽകണമെന്നാണ് അതിലെ പ്രധാനപ്പെട്ട വ്യവസ്ഥ. അത് നമുക്ക് നടപ്പാക്കാൻ കഴിഞ്ഞോ? അതുമാത്രമല്ല, ഞാൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്നപ്പോൾ പാസ്സാക്കിയ നിയമമാണ് 'കേരള റോഡ് സേഫ്റ്റി അതോറിറ്റി ആക്ട് '. കേരളത്തിലെ റോഡ് സുരക്ഷയ്ക്കുവേണ്ടി വൺ ടൈം സെസ്സ് പിരിച്ച് വലിയൊരു തുക നമ്മുടെ ട്രഷറിയിലേയ്ക്ക് വരുന്നുണ്ട്. ആ തുക പൂർണ്ണമായും റോഡ് സേഫ്റ്റിക്ക് കിട്ടുന്നില്ല. കിട്ടിയാൽത്തന്നെ അത് പോലീസ് ഡിപ്പാർട്ടുമെന്റിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും ഉദ്യോഗസ്ഥർക്ക് വാഹനം വാങ്ങിക്കൽ തുടങ്ങിയ പ്രവർത്തികൾക്ക്

മാത്രമായി ചെലവഴിക്കുന്ന സ്ഥിതിവിശേഷമാണ്. അല്ലാതെ അത് ലക്ഷ്യത്തിലേയ്ക്ക് നീങ്ങുന്നില്ല. ഞാൻ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പാസ്സാക്കിയതാണ് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ടിലെ ഒരു ഭേദഗതി. നമ്മുടെ ജലാശയങ്ങൾ മലിനമാക്കുന്നവരെ ജാമ്യമില്ലാ കുറ്റം ചുമത്തി ശിക്ഷിക്കുന്നതാണ് നിയമം. വരട്ടാർ മലിനപ്പെടുത്തിയതിന് എന്റെ മണ്ഡലത്തിലെ ഒരാളെ പിടിച്ച് ജയിലിലടച്ചതല്ലാതെ ഇപ്പോൾ നാലഞ്ച് കൊല്ലം കഴിഞ്ഞിട്ടും ആ നിയമം പ്രാവർത്തികമാക്കാൻ കഴിയുന്നില്ല. പോലീസ് സ്റ്റേഷൻ കണ്ടാൽ ആക്രിക്കടയാണെന്ന് തോന്നിപ്പോകും, അതുകൊണ്ട് പോലീസ് സ്റ്റേഷനിൽ കിടക്കുന്ന വാഹനങ്ങളെല്ലാം ഡിസ്പോസ് ചെയ്യാനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പോലീസ് ആക്ടിൽ നിയമം കൊണ്ടുവന്നു. പക്ഷെ ഇന്നും വാഹനങ്ങൾ അവിടെ കെട്ടിക്കിടക്കുകയാണ്. കൃത്യസമയത്തിനുള്ളിൽ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുവേണ്ടി സേവനാവകാശ നിയമമെന്നൊരു നിയമമുണ്ട്. അതും നടക്കുന്നില്ല. ഇങ്ങനെയുള്ള നിയമങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ തട്ടിയുണർത്തി ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുന്ന രൂപത്തിലേയ്ക്ക്

മാറ്റിയെടുക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തെ കാര്യം, മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചു. ഞാൻ അതിനെ പിന്തുണയ്ക്കുകയാണ്. നടപടിക്രമങ്ങളുടെ ബാഹുല്യം വളരെ കൂടുതലാണ്. എസ്റ്റിമേറ്റ് എടുക്കൽ, എ.എസ്. കിട്ടൽ, ടി.എസ്. കിട്ടൽ അതിനുശേഷം ടെണ്ടർ വിളിച്ച് പണികൾ കൊടുക്കുമ്പോൾ ആദ്യത്തെ നിരക്ക് മാറുകയാണ്. നിരക്ക് മാറുമ്പോൾ കരാറുകാരൻ പണികൾ നടത്താൻ പ്രയാസപ്പെടുകയാണ്. ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച പ്രശ്നവുമുണ്ട്. നിരവധി നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചിരിക്കുകയാണ്. ടാറിന് നമ്മുടെ നിരക്ക് 6000 രൂപയാണ് എന്നാൽ 9000 രൂപയ്ക്കല്ലാതെ ടാർ കിട്ടില്ല. 50 രൂപയ്ക്ക് താഴെയാണ് കമ്പിയുടെ വില എന്നാൽ 91 രൂപയാണ് കമ്പിക്ക് ഇപ്പോഴുള്ള വില. നിർമ്മാണ മേഖല സ്തംഭിക്കാതിരിക്കാനാവശ്യമായ ഇടപെടൽ നടത്തണമെന്ന് പറയുമ്പോൾ അത് കോൺട്രാക്ടർമാർക്ക് വേണ്ടിയല്ല ഈ നാട്ടിലെ വികസന പ്രവർത്തനങ്ങളുടെ പ്രയോജനം അനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടിയുള്ള ശബ്ദമായി സ്വീകരിക്കണം. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള തയ്യാറെടുപ്പിൽ യുവകേരളത്തെ നാം വിസ്മരിച്ചിരിക്കുകയാണ്. ഡി.വൈ.എഫ്.ഐ.-യുടെ സമര പോരാട്ടത്തെക്കുറിച്ച് നേരത്തെ സംസാരിച്ച യുവ എം.എൽ.എ. പറയുകയുണ്ടായി. അതിൽ ഞങ്ങൾക്കാർക്കും സംശയമില്ല. വലിയ സമര പോരാട്ട പാരമ്പര്യമുള്ള യുവജന പ്രസ്ഥാനമാണ് ഡി.വൈ.എഫ്.ഐ. എന്നാൽ ഡി.വൈ.എഫ്.ഐ. പ്രതിനിധാനം ചെയ്യുന്ന യുവജനവിഭാഗത്തിനുവേണ്ടി ഈ ബഡ്ജറ്റിൽ എന്തെങ്കിലും നിർദ്ദേശം വന്നിട്ടുണ്ടോയെന്ന് പരിശോധിക്കണം. തൊഴിൽരഹിതനായ ഏതെങ്കിലുമൊരു കുട്ടിക്ക് തൊഴിൽ നൽകാനുള്ള എന്തെങ്കിലുമൊരു നിർദ്ദേശം വന്നിട്ടുണ്ടോ? അഞ്ചു വർഷം ഒന്നാം പിണറായി സർക്കാർ ഭരിച്ചു. ആ കാലത്ത് എത്ര പേർക്ക് തൊഴിൽ കൊടുത്തുവെന്ന് പറയാൻ സാധിക്കുമോ? ഒരാൾക്കും തൊഴിൽ കൊടുത്തില്ല. ഈ വർഷത്തെ പ്രത്യേകതയെന്നത് ടാബ്‌ലെറ്റിലാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. ടാബ്‌ലെറ്റിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കുമ്പോൾ അത് സ്ഥിരമായി ഉപയോഗിക്കുന്ന ന്യൂ ജനറേഷനെ ഓർക്കേണ്ടിയിരുന്നു. അവരെക്കുറിച്ച് ഒരു

ധാരണയും മന്ത്രിക്കുണ്ടായില്ല. വാചകകസർത്ത് മാത്രമാണ് ഇവിടെ നടക്കുന്നത്. കോവിഡിനെ അതിജീവിച്ച് നാം സാധാരണ ജീവിതത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള പ്രവാസികൾ ഇപ്പോഴും നട്ടക്കടലിൽ കഴിയുകയാണ്. പ്രവാസികൾക്കുവേണ്ടി ഈ ബഡ്ജറ്റിൽ എന്തെങ്കിലും പുതിയ പദ്ധതിയുണ്ടോ? കോടികൾ ചെലവഴിച്ചാണ് രണ്ട് ലോക കേരള സഭകൾ നടത്തിയത്. അതിന്റെ റിസൾട്ടെന്താണ്? ലോക കേരള സഭയ്ക്ക് എന്തെങ്കിലും ഒരു ഫലം കാണണ്ടേ; അതുണ്ടായില്ല. അവിടെ കുറച്ച് ഫർണിച്ചറുകൾ ബാക്കിയായിട്ടുണ്ടെന്നതൊഴിച്ചാൽ പ്രവാസികൾക്ക് ലോക കേരളസഭകൊണ്ട് ഒരുനേട്ടവുമുണ്ടായിട്ടില്ല. കോവിഡ് കാരണം ഏറ്റവുമധികം പ്രവാസികൾ തിരിച്ചെത്തിയത് കേരളത്തിലാണ്. ഫെബ്രുവരിവരെയുള്ള കണക്കനുസരിച്ച് 14.71 ലക്ഷം പേരാണ് തിരിച്ചെത്തിയത്. ഇതിൽ 3.32 ലക്ഷം പേർക്ക് തിരികെ പോകാൻ കഴിഞ്ഞിട്ടില്ലെന്നാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയത്. ഇങ്ങനെ നാട്ടിൽ കഴിയുന്നവരിൽ 71

ശതമാനം പേരും തൊഴിൽരഹിതരായി നിൽക്കുകയാണ്. ലക്ഷക്കണക്കിന് പ്രവാസികൾക്ക് അവരുടെ ജീവിതമാർഗ്ഗം പൂർണ്ണമായും കൊട്ടിയടയ്ക്കപ്പെട്ട സ്ഥിതിയാണ്. പ്രവാസികൾക്കുവേണ്ടിയുള്ള പദ്ധതികൾ പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ചുമുമ്പും ഇപ്പോൾ അടുത്ത ദിവസവും യു.എ.ഇ.-യിൽ പോകുകയുണ്ടായി. യു.എ.ഇ.-യിൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്നവർക്ക് ആറ് മാസം ശമ്പളം കൊടുക്കുമെന്നാണ് അവിടെപ്പോയി അദ്ദേഹം പറഞ്ഞത്. ആറ് മാസത്തെ ശമ്പളം പോയിട്ട് ആദ്യം പ്രഖ്യാപിച്ച 5000 രൂപ പോലും പ്രവാസികൾക്ക് കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഉക്രൈനിൽനിന്ന് തിരിച്ചുവന്ന കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കുമെന്ന് പറയുമ്പോൾ അത് കേട്ടിട്ട് അവർ ചിരിക്കുകയാണ്. ഗൾഫിലെ മലയാളികൾക്ക് ആറ് മാസത്തെ ശമ്പളം കൊടുക്കുമെന്ന പ്രഖ്യാപനംപോലെയാകുമോ എന്ന ധാരണയിൽ അവർ ചിരിച്ചുകൊണ്ടാണ് അതിനെ സ്വീകരിച്ചത്. ഇതാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. പരിഗണിക്കപ്പെടേണ്ട ആളുകളെ പരിഗണിക്കാതെ യുവാക്കളെയും പ്രവാസികളെയും സമൂഹത്തിലെ പരിഗണന അർഹിക്കുന്ന മുഴുവൻ ആളുകളെയും അവഗണിച്ചുകൊണ്ടുള്ള ഒരു

ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. Social Democratic Party of India (SDPI)-ബി.ജെ.പി. കൂട്ടുകെട്ടിനെക്കുറിച്ചൊക്കെ നേരത്തെ വലിയ വർത്തമാനം പറഞ്ഞു. അതിനെക്കുറിച്ച് പറയാൻ സി.പി.ഐ.(എം.)-ന് സാധ്യമാകുമോ? സി.പി.ഐ.(എം.)-ന്റെ ആത്യന്തിക ലക്ഷ്യം ഭരണമല്ലെന്ന് ഇന്നലെ പ്രസംഗിച്ച ആരോ പറഞ്ഞു. എന്നാൽ സി.പി.ഐ.(എം.)-ന്റെ സമീപനമെന്നത് ഭരണത്തിനുവേണ്ടി ആരുമായും കൂട്ടുകൂടുമെന്നതാണ്. ഇപ്പോൾ വലിയ വർത്തമാനമൊക്കെ പറയുന്ന ആളുകൾ 1957-ൽ ഒറ്റയ്ക്ക് അധികാരത്തിൽ വന്ന സംസ്ഥാനമാണ് കേരളം. 1957-ൽ ഒറ്റയ്ക്ക് അധികാരത്തിൽ വന്ന പാർട്ടി ഇപ്പോൾ പന്ത്രണ്ട് കക്ഷികളെ കൂട്ടിയാണ് ഭരിക്കുന്നത്. അധികാരത്തിനുവേണ്ടി ആരുമായും കൂട്ടുകൂടും. എന്റെ പുറകിൽ മഞ്ചേശ്വരം എം.എൽ.എ. ശ്രീ. എ. കെ. എം. അഷ്റഫ് ഇരിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലമായ XXXXXXXX

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. മലപ്പുറത്തെ അംഗം ഇവിടെ സൂചിപ്പിച്ചത് XXXXXXXX അത്തരം പരാമർശങ്ങൾ തെറ്റാണ്. 307 പ്രകാരം അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. (ബഹളം)...

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം. പരിശോധിച്ച് ഉചിതമായ

നടപടി സ്വീകരിക്കാം.+

ശ്രീ. പി. ഉബൈദുള്ള: സർ, അതിന്റെ വസ്തുത പരിശോധിച്ച് എന്തുനടപടിയും ബഹുമാനപ്പെട്ട ചെയറിന് എടുക്കാവുന്നതാണ്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ ആരുമായിട്ടാണ് സംഖ്യം? എസ്.ഡി.പി.ഐ.-യുമായിട്ടാണ് സഖ്യം. മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യുമായി ചേർന്ന് ഭരണം നടത്തി. തൊട്ടടുത്ത മങ്കടയിലെ തോട്ടിലങ്ങാടിയിൽ ആരുമായിട്ടാണ് സഖ്യമെന്നുള്ളത് പരിശോധിക്കണം. എന്നിട്ടും ഭരണം ഞങ്ങൾക്ക് ആത്യന്തിക ലക്ഷ്യമല്ലെന്ന് പറയുന്നവർ കേവലം ഒരു പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തിനുവേണ്ടി തീവ്രവാദികളുമായി, വർഗീയവാദികളുമായി കൂട്ടുകൂടുന്നു. അവസരവാദരാഷ്ട്രീയ നിലപാടാണ് സി.പി.ഐ.(എം) എല്ലാക്കാലത്തും സ്വീകരിച്ചിട്ടുള്ളത് (ബഹളം)...

മി. ചെയർമാൻ: അദ്ദേഹം പ്രസംഗം പൂർത്തിയാക്കട്ടെ പ്ലീസ്...

ശ്രീ. പി. ഉബൈദുള്ള: സർ, ശ്രീ. എ. എൻ. ഷംസീർ തെറ്റാണെങ്കിൽ താങ്കൾ പറയൂ.

മി. ചെയർമാൻ: അങ്ങയുടെ പ്രസംഗം പൂർത്തിയാക്കണം. അധിക

---

\+ ഫയൽ സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.

സമയമില്ല. ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, വസ്തുതയുടെ അടിസ്ഥാനത്തിൽ രേഖാമൂലമുള്ള തെളിഞ്ഞ സംഗതി ഞാൻ പറഞ്ഞു. ഇത് നിയമസഭയാണ് ഇവിടെ എന്തും പറയാമെന്ന് കരുതരുത്.

മി. ചെയർമാൻ: ഇന്ന് സമയം കൂടുതൽ അനുവദിക്കാൻ കഴിയില്ല. ദയവു ചെയ്ത് സഹകരിക്കണം. ഇന്നത്തെ ദിവസത്തെ പ്രത്യേകത അറിയാമല്ലോ.

ശ്രീ. പി. ഉബൈദുള്ള: സർ, ഇതാണ് സി.പി.ഐ.(എം)-ന്റെ നിലപാട്. ഒരു ഭാഗത്ത് ഞങ്ങൾ ന്യൂനപക്ഷ സംരക്ഷകരാണെന്ന് പറയും. എന്നിട്ടെന്താ സ്ഥിതി? വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിനെതിരായി...

മി. ചെയർമാൻ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രക്ഷോഭ രംഗത്ത് വന്നപ്പോൾ മുഖ്യമന്ത്രി പറഞ്ഞു അത് പുനഃപരിശോധിക്കുമെന്ന്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞത് അത് പുനഃപരിശോധിക്കാൻ പോകുന്നില്ലായെന്നാണ്.

മി. ചെയർമാൻ: ദയവുചെയ്ത് അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിനെതിരായി ഇന്ന് മുസ്ലീംലീഗ് തിരുവനന്തപുരത്ത് അതിശക്തമായ സമരം സംഘടിപ്പിക്കുകയാണ്. ഈ തീരുമാനം സർക്കാർ പിൻവലിച്ചില്ലെങ്കിൽ തുടർന്നും പ്രക്ഷോഭപരിപാടികളുമായി മുന്നോട്ടുപോകുവാനാണ് ഞങ്ങളുടെ തീരുമാനം. ന്യൂനപക്ഷവിരുദ്ധ സമീപനങ്ങളും ജനവിരുദ്ധ നിലപാടുകളും തുടരുന്നു. ഈ സർക്കാരിന്റെ തെറ്റായ നയങ്ങളിൽ പ്രതിഷേധിച്ച് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. വി. ശശി</u>: സർ, 2021-2022 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഇതോടൊപ്പം 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ അഞ്ചു സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകളും അവതരിപ്പിച്ചിട്ടുണ്ട്. അവയെയും ഞാൻ പിന്താങ്ങുകയാണ്. 2021-2022 അന്തിമ ഉപധനാഭ്യർത്ഥന നാല് ഡിമാന്റുകളിലായി റവന്യൂഹെഡ്ഡിൽ 13,68,75,896/- രൂപയും ക്യാപിറ്റൽ ഹെഡ്ഡിൽ 5,65,83,875/- രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതെല്ലാം ധനകാര്യവകുപ്പ് യഥാസമയം

പരിശോധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ചെലവഴിച്ചിട്ടുള്ളവയാണ്. എന്നാൽ 2011-2012 മുതൽ 2015-2016 വരെ അഞ്ചുവർഷത്തെ അധിക ധനാഭ്യർത്ഥനകളിൽ കാണുന്ന ചെലവുകൾ ബഡ്ജറ്റിലോ ഉപധനാഭ്യർത്ഥനകളിലോ ഉൾപ്പെടുത്തിയിട്ടുള്ളവയല്ല. ഈ ചെലവുകൾ നടത്തുന്നതിന് ധനകാര്യവകുപ്പിന്റെ മുൻകൂറുള്ള ഉത്തരവോ ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷരുടെ പ്രൊസിഡീംഗ്സോ പുറപ്പെടുവിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിക്കുന്നുമില്ല. പ്ലാൻ/ നോൺ പ്ലാൻ ഹെഡ്ഡുകളിൽ പരസ്പരം മാറി ചെലവുകൾ നടത്തിയിട്ടുള്ള ക്രമക്കേടുകൾപോലും ചില വകുപ്പുകൾ നടത്തിയിരിക്കുന്നതായി കാണുന്നു. ഇതൊന്നും യഥാസമയം ബന്ധപ്പെട്ട വകുപ്പുകളിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിനോ ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ സംവിധാനത്തിനോ കണ്ടെത്താൻ ആയിട്ടില്ലെന്നാണ് കാണുന്നത്. എ.ജി. കണ്ടെത്തിയിട്ടുള്ളവ പരിശോധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ ചെയ്ത തുകയാണ് അധിക ധനാഭ്യർത്ഥനകളായി നമ്മൾ ഇപ്പോൾ പരിഗണിക്കുന്നത്. എന്തായാലും ഇത്തരം അൺ-ആതറൈസ്ഡ് എക്സ്പെൻഡിച്ചർ ഉണ്ടാകാതിരിക്കാനുള്ള

സംവിധാനം ധനകാര്യവകുപ്പ് 2016-2017 മുതൽ നടപ്പാക്കി തുടങ്ങിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനായി ബഡ്ജറ്റ് അലോക്കേഷൻ മോണിറ്ററിംഗ് സിസ്റ്റത്തോടൊപ്പംതന്നെ ബിൽ ഇൻഫർമേഷൻ ആൻഡ് മാനേജ്മെന്റ് സിസ്റ്റവും ധനകാര്യവകുപ്പ് നടപ്പിലാക്കിത്തുടങ്ങിയത് 2016-2017 മുതലാണ്. അതുകൊണ്ട് ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിലല്ലാതെ ഇതുപോലുള്ള അധിക ധനാഭ്യർത്ഥനകൾ ഭാവിയിൽ ഉണ്ടാകില്ലായെന്നാണ് കരുതേണ്ടത്. 2022-2023-ലെ ബഡ്ജറ്റിനെക്കുറിച്ച് മൂന്നുദിവസം നടത്തിയ പൊതുചർച്ച ഇന്നലെ സമാപിച്ചിരുന്നു. ചർച്ചയിൽ ഉയർന്നുവന്ന സംശയങ്ങൾക്കും വിമർശനങ്ങൾക്കും ആരോപണങ്ങൾക്കുമെല്ലാം ബഹുമാനപ്പെട്ട ധനമന്ത്രി വളരെ സമർത്ഥമായി മറുപടി നൽകി. ആ മറുപടിയിൽ പ്രതിപക്ഷവും തൃപ്തരായിരുന്നുവെന്നാണ് എനിക്ക് തോന്നിയത്. ഫെബ്രുവരി 1-ന് അവതരിപ്പിച്ച ഇന്ത്യയുടെ 2022-2023-ലെ ബഡ്ജറ്റ് നമ്മുടെ മുന്നിലുണ്ട്. ഇപ്പോൾ നമ്മുടെ കൊച്ചുകേരളത്തിന്റെ 2022-2023-ലെ ബഡ്ജറ്റും ഒരു വട്ടം നമ്മൾ വിശദമായി ചർച്ച ചെയ്തു. ഏത് ബഡ്ജറ്റാണ് നമുക്ക് പ്രതീക്ഷ നൽകുന്നത്, കേന്ദ്ര ബഡ്ജറ്റിൽ എന്ത് പ്രതീക്ഷയാണ് നമുക്കുള്ളത്?

ലോംഗ് ഇക്കണോമിക് കോവിഡ് ബാധിച്ച സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുവാൻ യഥാസ്ഥിതികത്വം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ അനുവദിക്കുന്നില്ലായെന്ന് അവരുടെ ബഡ്ജറ്റിൽ നമുക്ക് കാണാം. അസമത്വം ക്രമാതീതമായി വർദ്ധിച്ചിട്ടും വരുമാന നികുതി, കോർപ്പറേറ്റ് നികുതി, സ്വത്ത് നികുതി ഉയർത്താൻ കേന്ദ്രം തയ്യാറായിട്ടില്ല. സാധാരണ ജനങ്ങളുടെ ജീവിതം തുലയ്ക്കുന്ന, അതിന് ഇടയാക്കുന്ന പരോക്ഷ നികുതിയാണ് കേന്ദ്ര ബഡ്ജറ്റിലൂടെ ശ്രമിക്കുന്നത്. എൽ.ഐ.സി. ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റുതുലയ്ക്കുന്ന കേന്ദ്രസർക്കാർ ഇപ്പോൾ എല്ലാ പൊതുആസ്തികളും നാഷണൽ മോണിറ്റൈസേഷൻ സ്കീമിലൂടെ ആറുലക്ഷം രൂപയ്ക്ക് കൈമാറുകയാണ്. ഇതെല്ലാം ചെയ്ത് ദ്രോഹിക്കുന്ന കേന്ദ്രസർക്കാർ ജനങ്ങളെ അടക്കിനിർത്താൻ പാഴ്വാഗ്ദാനങ്ങളുടെ ഘോഷയാത്രയും അവതരിപ്പിച്ച് നമ്മുടെ മുമ്പിൽ എത്തുന്നുണ്ട്. ജി.ഡി.പി. 9.2 ശതമാനമാക്കി ഉയർത്തിയതും എൺപതുലക്ഷം വീടുകൾ, അറുപതുലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ, നാനൂറ് പുതിയ ട്രെയിനുകൾ ഇങ്ങനെ നീണ്ടുപോകുന്ന വാഗ്ദാനങ്ങളുടെ നീണ്ട പട്ടിക നമ്മൾ 2014 മുതൽ കാണുന്നതാണ്. ഒരിക്കലും നടക്കാത്ത ഇതുപോലുള്ള

നീണ്ട വാഗ്ദാന പട്ടിക എന്നാൽ ചിലകാര്യങ്ങളിൽ അവർ നല്ല ജാഗ്രത പുലർത്തുന്നുവെന്നുള്ളതും നമുക്ക് കാണാൻ സാധിക്കും. കോർപ്പറേറ്റുകളെ സഹായിക്കുന്ന കാര്യത്തിൽ, അവരുടെ കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിൽ, അവർ പ്രത്യേക ജാഗ്രത കാണിക്കുന്നുവെന്നാണ് ആ രംഗത്ത് നമുക്ക് കാണാൻ സാധിക്കുന്നത്. അതേസമയം തൊഴിലുറപ്പ് പദ്ധതി, കൃഷി, വിദ്യാഭ്യാസം, ഗ്രാമവികസനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, വനിതകളുടെ സുരക്ഷ, ഭക്ഷ്യ സബ്സിഡി, വളം സബ്സിഡി തുടങ്ങിയ ജനങ്ങളുടെ നിത്യജീവിതത്തെ ബാധിക്കുന്ന മേഖലകൾക്കുള്ള പദ്ധതി വിഹിതങ്ങളിലെല്ലാം കഴിഞ്ഞ വർഷത്തേക്കാൾ ഗണ്യമായ തുക കുറച്ചിരിക്കുന്നതായി നമുക്ക് കേന്ദ്ര ബഡ്ജറ്റിൽ കാണാൻ സാധിക്കും. ഇതിലൂടെയെല്ലാം തെളിയുന്നത് കേന്ദ്ര ബഡ്ജറ്റ് ജനവിരുദ്ധ, സമ്പന്ന അനുകൂല, കോർപ്പറേറ്റ് പ്രീണന മൂല്യ മുഖ്യമുദ്രയായ ബഡ്ജറ്റാണെന്നാണ്. ഇതിന് ബദലായ കേരള മാതൃകയാണ് ധനമന്ത്രിയുടെ ആദ്യത്തെ സമ്പൂർണ്ണ ബഡ്ജറ്റ്. അതാണ് അതിന്റെ സവിശേഷത. ഒട്ടേറെ പ്രതിസന്ധികളും കാലാവസ്ഥാ ദുരന്തങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ നമ്മുടെ മുന്നിലുണ്ട്. കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുന്ന അവഗണനയും നമുക്ക്

നേരിടേണ്ടതായിട്ടുണ്ട്. അവയെല്ലാം കൂട്ടായി നേരിട്ട് മുന്നോട്ടുപോകാമെന്ന് ആത്മവിശ്വാസം പകരുന്നതാണ് കേരള ബഡ്ജറ്റ്. വൈജ്ഞാനിക സമ്പദ് വ്യവസ്ഥ ഉപയോഗിച്ച് കൂടുതൽ തൊഴിലും ഉല്പാദന വർദ്ധനവും വിഭാവന ചെയ്യുന്നു. അടിസ്ഥാന സൗകര്യവികസനത്തിന് കാര്യമായ തുക വകയിരുത്തി. വിലക്കയറ്റം തടയാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും 2,000 കോടി രൂപയാണ് അനുവദിച്ചത്. ആരോഗ്യ മേഖലയ്ക്ക് 1,690 കോടി രൂപയും വ്യവസായ മേഖലയ്ക്ക് 1,266.66 കോടി രൂപയും പട്ടികജാതി വിഭാഗങ്ങൾക്ക് 2,979.4 കോടി രൂപയും പട്ടികവർഗ്ഗ വികസനത്തിന് 859.50 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്ര/സംസ്ഥാന ബഡ്ജറ്റുകൾ വിലയിരുത്തുമ്പോൾ തെളിയുന്ന ചിത്രം വ്യക്തമാണ്. പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും കർഷകർക്കും തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യർക്കുമെല്ലാം കേരള ബഡ്ജറ്റ് താങ്ങുംതണലുമായി മാറുന്നു, പ്രതീക്ഷാനിർഭരമായിത്തീരുന്നു. കേന്ദ്ര ബഡ്ജറ്റ് ഈ വിഭാഗങ്ങളെ അവഗണിക്കുന്നുവെന്ന് മാത്രമല്ല  മുൻവർഷം നൽകിയ പരിഗണനപോലും നൽകുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. രാജ്യത്തെ സമ്പദ് ഉല്പാദനം വർദ്ധിപ്പിക്കുമ്പോൾ അതിന്റെ നേട്ടം ഭൂരിപക്ഷം ജനതയ്ക്കുകൂടി

എത്തിക്കുകയെന്ന കർമ്മമാണ് ബഡ്ജറ്റ് നിർവ്വഹിക്കേണ്ടത്. നേരെ വിപരീത ദിശയിലേയ്ക്കാണ് കേന്ദ്ര ബഡ്ജറ്റ് സഞ്ചരിക്കുന്നതെന്ന് നമുക്ക് കാണാം. ഈ രീതിയിലുള്ള സാമ്പത്തിക നയമാണ് കേന്ദ്രം തുടരുന്നതെങ്കിൽ 25 വർഷം കഴിഞ്ഞാലും രാജ്യത്തിന്റെ സ്ഥിതിയിൽ ഒരുമാറ്റവുമുണ്ടാകില്ല. ഈ സാഹചര്യത്തിലാണ് കേരള ബഡ്ജറ്റ് ദിശാബോധവും ആശ്വാസവും കരുണയുമുള്ള ഒരു ബഡ്ജറ്റായി വിലയിരുത്തപ്പെടുന്നത്. പട്ടികവിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുകയുടെ 40 ശതമാനത്തോളം തുക പ്രാദേശിക സർക്കാരുകൾ മുഖേന വിനിയോഗിക്കേണ്ടതാണ്. ഈ വിഹിതം വകമാറ്റി ചെലവഴിക്കുന്നത് തടയുന്നതിനും ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ കർശനവ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നു. എസ്.സി.പി./ടി.എസ്.പി. തുക നഷ്ടപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുന്നതിന് ചെലവ് ശതമാനത്തിലുണ്ടാകുന്ന കുറവ് പൊതുവിഭാഗം ഫണ്ടിൽനിന്നും പരിഹരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ വികസന ഫണ്ട് വിഹിതം പബ്ലിക് അക്കൗണ്ട്സ് മുഖേന ചെലവഴിച്ചിരുന്ന രീതിക്കുപകരം സഞ്ചയനിധി മുഖേന

ചെലവഴിക്കുന്ന സമ്പ്രദായത്തിലേയ്ക്ക് മാറിയ 2015-16 മുതൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഇല്ലാതെയായി. ഇത് പുനഃസ്ഥാപിക്കണമെന്ന ആവശ്യം അന്ന് ശക്തമായി ഉയർത്തിയിരുന്നുവെങ്കിലും അന്നത്തെ ഗവൺമെന്റ് അത് അനുവദിച്ചില്ല. ഈ വ്യവസ്ഥ പുനഃസ്ഥാപിക്കണമെന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ ഇപ്പോൾ സർക്കാർ അംഗീകരിച്ചത് വളരെ സന്തോഷകരമാണ്. ആ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവ് ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനെ പൂർണ്ണമായും ഞാൻ സ്വാഗതം ചെയ്യുന്നു. എസ്.സി.പി./ടി.എസ്.പി. ഫണ്ട് സമയബന്ധിതമായി ലാപ്സാക്കാതെ ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കാൻ......

<u>മി. ചെയർമാൻ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം....

<u>ശ്രീ. വി. ശശി</u>: സർ, ഈ തീരുമാനം തീർച്ചയായും വഴിവെയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. 2021-22 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെയും വിവിധ വർഷങ്ങളിലെ

അധികധനാഭ്യർത്ഥനകളെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, 2021-22 വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനകളെയും വിവിധ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും ശക്തമായി പിന്തുണയ്ക്കുന്നു. കേരളത്തിന്റെ വികസനത്തിന് ഏറ്റവും വലിയ വിലങ്ങുതടിയായി യു.ഡി.എഫ്. രാഷ്ട്രീയം ഇന്ന് മാറിക്കൊണ്ടിരിക്കുന്നു. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഭരണകക്ഷി അംഗങ്ങളുടെ കണ്ണുകളിൽ നല്ല തിളക്കമായിരുന്നു. നാടിന്റെ വികസന സ്വപ്നം സാക്ഷാൽക്കരിക്കുമെന്ന പ്രത്യാശയുടെയും പ്രതീക്ഷയുടെയും തിളക്കമായിരുന്നു അത്. എന്നാൽ പ്രതിപക്ഷ ബെഞ്ചുകളിലെ ബഹുമാന്യരായ അംഗങ്ങളുടെ കണ്ണുകളിൽ ഒരാഹ്ലാദവുമുണ്ടായിരുന്നില്ല. നിരാശയുടെ, ഉത്കണ്ഠയുടെ പ്രതികരണമാണത്. അത് ബഡ്ജറ്റിനോടുള്ളതല്ല, കാരണം ബഡ്ജറ്റ് അവതരിപ്പിച്ച് നടപ്പിലാക്കി കഴിഞ്ഞാൽ അവരുടെ ഭാവിയോർത്തുള്ള ഉത്കണ്ഠയാണ് അവരുടെ കണ്ണുകളിൽ തിളങ്ങിയത്. ഓരോ വികസന പ്രശ്നങ്ങൾ വരുമ്പോഴും എന്താണ് പ്രതിപക്ഷത്തിന്റെ നിലപാട്; 'അമ്മാവി ഉടച്ചാൽ മൺചട്ടി, മരുമകൾ ഉടച്ചാൽ പൊൻചട്ടി'. അതല്ലേ നിങ്ങളുടെ നിലപാട്? അതിവേഗ

പാതയെക്കുറിച്ചും കിഫ്ബിയെക്കുറിച്ചും ചർച്ച ചെയ്തവരാണ്. എന്നാൽ പ്രതിപക്ഷത്തിന് അത് നടപ്പിലാക്കാൻ സാധിച്ചില്ല. അതിന് സാധിക്കുകയുമില്ല. അതിവിടെ വളരെ സമർത്ഥമായി നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. എന്തിനാണ് ഇത്രയും അസൂയയും അസഹിഷ്ണുതയുമുണ്ടാകുന്നത്? പ്രതിപക്ഷത്തിന് സങ്കൽപ്പിക്കാൻപോലും കഴിയാത്തവിധം ഉയരങ്ങളിലാണ് ഈ ഗവൺമെന്റിന്റെ വികസന കാഴ്ചപ്പാട്. അതാണ് ഈ സർക്കാരിന്റെ പ്രത്യേകത. കാലത്തോടൊപ്പമല്ല, ഒരുപടി മുന്നിലാണ് സർക്കാർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. പിന്നെ നിങ്ങൾക്ക് നിഷ്ക്രിയമാണ് ഞങ്ങൾ. ഇപ്പോൾ കോൺഗ്രസിന്റെ അവസ്ഥ എന്താണ്? ഇപ്പോൾ നിങ്ങൾ ഐ.സി.യു.-ലാണ്. തൊട്ടടുത്ത് ബൈ സ്റ്റാൻഡറായി കുറെക്കാലമായി ഏണിചാരി വയ്ക്കുന്ന മുസ്ലീം ലീഗ് തൊട്ടടുത്ത് ഒരു സ്റ്റൂളുമിട്ട് ഇരിക്കുകയാണ്. രോഗിക്ക് അനങ്ങാനും കഴിയുന്നില്ല, ബൈസ്റ്റാൻഡർക്ക് എണീറ്റ് പുറത്തേയ്ക്ക് പോകാനും കഴിയുന്നില്ല. ഈയൊരവസ്ഥയിലല്ലേ നിങ്ങൾ? ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു, നാടിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളുടെ സമഗ്ര വളർച്ചയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള

ബഡ്ജറ്റാണിതെന്ന്. അങ്ങനെയൊരു ക്രിയാത്മകമായ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അന്യഗ്രഹജീവികളെപ്പോലെയാണ് നിങ്ങളുടെ സമീപനവും പെരുമാറ്റവും. ബഹുമാനപ്പെട്ട എം. കെ മുനീർ സാഹിബിന്റെയടക്കം പ്രതികരണം കേട്ടപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. നവകേരള നിർമ്മിതിക്ക് ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അതിന് ദിശാബോധവും ഗതിവേഗവും പകരുന്നവിധം രൂപം നൽകിയിരിക്കുന്ന ധനകാര്യ നിലപാട് ഈ സർക്കാരിന്റെ വികസനോന്മുഖ കാഴ്ചപ്പാട് വിളിച്ചോതുന്നതാണ്. ഓരോ മേഖലയിലും പുതിയ മാറ്റങ്ങൾ അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ നാം വളരെ ജാഗ്രതയുള്ളവരായിരിക്കണമെന്ന തിരിച്ചറിവാണ് ഈ സർക്കാരിനുള്ളത്. നവകേരളത്തിൽ നവീന പദ്ധതികളുമായുള്ള ജനപ്രിയ ബഡ്ജറ്റ് കേരള നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ഇന്ത്യൻ പാർലമെന്റിനകത്തും ഒരു ബഡ്ജറ്റ് അവതരിപ്പിച്ച കാര്യം നമ്മൾ മറന്നുകൂടാ. ജനവിരുദ്ധതയുടെയും കാർഷിക വിരുദ്ധതയുടെയും ദേശവിരുദ്ധതയുടെയും പ്രതീകമായ ബഡ്ജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചത്. നിരാശാജനകമായ

ബഡ്ജറ്റായിരുന്നു അത്. ഇന്ത്യൻ വികസനനയങ്ങൾക്ക് ശവമഞ്ചമൊരുക്കുന്ന ബഡ്ജറ്റായിരുന്നു കേന്ദ്രം അവതരിപ്പിച്ചത്. നിങ്ങളാരെങ്കിലും ഇവിടെ പ്രസംഗിച്ചപ്പോൾ ആ കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ ബഡ്ജറ്റിനെതിരെ ഒരക്ഷരം ഉരിയാടാൻ തയ്യാറായോ? ഇവിടെ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ് പ്രതീക്ഷാനിർഭരവും ജനപക്ഷവും വികസനസ്വപ്ന സാക്ഷാൽക്കാരത്തിന്റെ രേഖയുമാണ്. സാമ്പത്തിക വൈഷമ്യങ്ങളുടെ നടുവിൽനിന്നുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ ഈ വർഷം ബഡ്ജറ്റ് രൂപപ്പെടുത്തിയത്. എന്നാൽ പരിമിതികൾ തടസ്സമാകുന്നില്ല. ജനങ്ങൾക്കുള്ള ആശ്വാസ നടപടികളുടെയോ സംസ്ഥാന വികസനത്തിനുള്ള സാമ്പത്തിക നടപടികളുടെയോ കാര്യങ്ങളിൽ തടസ്സമായിക്കൂടെന്ന നിർബന്ധം ഈ സർക്കാരിനുണ്ട്. കാരണം ജനപ്രിയതയുടെ ഒരു ഹൃദയമുള്ള സർക്കാരാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. എക്കാലത്തും ഇടതുപക്ഷത്തിന്റെ പ്രഥമ വികസന മുൻഗണന പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ക്ഷേമവും സുരക്ഷിതത്വവുമാണ്. പാവപ്പെട്ടവരോടുള്ള പക്ഷപാതത്വമായിരിക്കും ഇനിയും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വികസന നയത്തിലെ

പ്രഥമമുൻഗണനന. അതോടൊപ്പം ക്ഷേമ പ്രവർത്തനങ്ങളിൽ ഒരുകുറവും വരുത്താതെ പശ്ചാത്തല സൗകര്യമൊരുക്കുകയെന്നത് ഇന്നത്തെ കേരളത്തിന്റെ മുൻഗണനകളിൽപ്പെടുന്ന ഒരു കാര്യമാണ്. നികുതി വരുമാനം പോലെതന്നെ സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം വ്യവസ്ഥാപിതമായ ഒരു വരുമാന മാർഗ്ഗമാണ് വായ്പകൾ അഥവാ മൂലധന വരുമാനം. വായ്പയെടുക്കുന്നതിനെ എന്തിനാണ് ഇങ്ങനെ നിങ്ങൾ അപലപിക്കുന്നത്? എന്തിനാണ് നിങ്ങൾ പരിതപിക്കുന്നത്? അനുവദനീയമായ വായ്പകളെടുത്ത് ചെലവാക്കാതിരിക്കുന്നത് തികച്ചും വികസന വിരുദ്ധമാണ്. അത് ഫെഡറൽ സംവിധാനത്തെക്കുറിച്ചുള്ള തിരിച്ചറിവില്ലായ്മയാണ്. ഇന്നത്തെ ആവശ്യം മാത്രമല്ല, ദീർഘദൃഷ്ടിയോടെ നാളത്തെ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ട് കൃത്യമായ ഒരു അജണ്ടയാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കേരളത്തിന്റെ വരുമാനം നിത്യനിദാന ചെലവുകൾക്ക് തികയുന്നില്ല. അതുകൊണ്ട് റോഡുകളും പാലങ്ങളും നിർമ്മിക്കാനെടുക്കുന്ന വായ്പയുടെ ഒരുഭാഗം സാധാരണ ചെലവിന് ഉപയോഗിക്കേണ്ടിവരുന്നു. യു.ഡി.എഫ്-ഓ എൽ.ഡി.എഫ്.-ഓ ആകട്ടെ നമ്മുടെ സംസ്ഥാനത്തിന്റെ സവിശേഷതകൂടി ഇതിനൊരു

കാരണമാണ്. കേരളത്തിൽ നല്ല സ്കൂളുകളും ആശുപത്രികളും മറ്റ് സേവന സംവിധാനങ്ങളുമുണ്ട്. അതിന്റെ ഗുണം നമ്മുടെ ജീവിതത്തിലുമുണ്ട്. പക്ഷെ അവിടെയൊക്കെ നല്ല ശമ്പളച്ചെലവുമുണ്ട്. അതിനാൽ നല്ലറോഡുകളും പാലങ്ങളും ആശുപത്രികളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും നിർമ്മിക്കാൻ നമ്മൾ എന്ത് ചെയ്യണം; ഏതെങ്കിലും മിച്ചമുള്ള തുക ഉപയോഗിച്ച് പണിചെയ്യാമെന്നുവെച്ചാൽ വർഷങ്ങളെടുക്കും, കാലതാമസവുമുണ്ടാകും. ഇവയൊക്കെ ഇന്ന് പണിയണം. കാരണം വ്യവസായവും തൊഴിലും വരാൻ നല്ല റോഡുകളും പാലങ്ങളും സ്കൂളുകളും ആശുപത്രിയുമെല്ലാം വേണം. അതിനുള്ള പണം കണ്ടെത്താനുള്ള ഉത്തരം തേടിയുള്ള യാത്രയിലാണ് ഇന്നത്തെ കിഫ്ബി രൂപപ്പെടുന്നത്. എന്തിനാണ് നിങ്ങൾ കിഫ്ബിയെ അപമാനിക്കുന്നത്? സർക്കാരിന്റെ നാളെകളിലെ നികുതി വരുമാനത്തിന്റെ ഒരു പങ്ക് തിരിച്ചടവിന് നീക്കിവച്ചുകൊണ്ട് ഇന്ന് വായ്പയെടുക്കുക. അതുപയോഗിച്ച് ഇപ്പോൾതന്നെ നല്ലസൗകര്യങ്ങൾ ഒരുക്കുന്നത് തെറ്റാണോ? സർക്കാരിന് ഉറപ്പുള്ള രണ്ട് വരുമാനങ്ങളാണ് മോട്ടോർ വാഹന നികുതിയും ഇന്ധന സെസ്സും. ഇതിന്റെ ഒരുഭാഗം തിരിച്ചടവിന് മാറ്റിവച്ചുകൊണ്ട് അതിന്റെ ഉറപ്പുകാട്ടി വായ്പയെടുക്കുന്നു. അതല്ലാതെ മറ്റെന്ത്

പ്രതിവിധിയാണുള്ളത്? എന്തിനാണ് നിങ്ങൾ കിഫ്ബിയെ എതിർക്കുന്നത്? ഇടതുപക്ഷ സർക്കാരുകൾ ക്ഷേമ പദ്ധതികൾ മാത്രം നടപ്പാക്കുകയും അടിസ്ഥാന വികസനം അവഗണിക്കുകയും ചെയ്യുന്നുവെന്നാണല്ലോ യു.ഡി.എഫ്. ഇടതുപക്ഷത്തിനെതിരെ ഉയർത്തിയ ആക്ഷേപം. എന്നാലിന്ന് പശ്ചാത്തല സൗകര്യവികസനത്തിൽ വിസ്മയകരമായ പുരോഗതി കേരളക്കരയിൽ കൈവരിച്ചപ്പോൾ ആ കാണിച്ച ശുഷ്കാന്തി ഇത്തരം വിമർശനങ്ങളുടെ മുനയൊടിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങളെത്തി. സമഗ്രമായ വികസനമാണ് കേരളത്തിൽ നടക്കുന്നത്. ധനകാര്യ മേഖലയിലെ ഈ പ്രതിസന്ധിക്ക് പ്രധാന കാരണം കേന്ദ്ര അവഗണനകൂടിയാണ്. നമ്മുടെ ഭരണഘടനാപ്രകാരംതന്നെ സംസ്ഥാനത്തിലുള്ള നികുതി പിരിവ് പങ്കുവയ്ക്കൽ, അധികാരങ്ങൾ കുറവുതന്നെയാണ്. ആഗോളവത്ക്കരണ നയങ്ങൾ നടപ്പിലാക്കുന്ന കേന്ദ്രസർക്കാരാകട്ടെ സംസ്ഥാനങ്ങൾക്കുള്ള അധികാരം വൻതോതിൽ കുറയ്ക്കുകയാണ്. ജി.എസ്.ടി. നിലവിൽവന്നതോടെ നികുതി നിരക്കിൽ ചെറിയ വ്യത്യാസങ്ങൾപോലും സംസ്ഥാനങ്ങൾക്ക് വരുത്താൻ കഴിയാത്ത സ്ഥിതിയായി. മദ്യത്തിന്റെയും പെട്രോളിയം ഉല്പന്നത്തിന്റെയും കാര്യത്തിൽ

ഒഴിച്ച് കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2021-2026-ൽ 1.92 ശതാനമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം അത് 2.50 ശതമാനമാണ്. പത്താം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരമത് 3.857 ശതമാനമായിരുന്നു. ഇത്തരത്തിൽ തുടർച്ചയായ കുറവാണ് സംസ്ഥാന സർക്കാർ അഭിമുഖീകരിക്കുന്നത്. നമ്മുടെ വരുമാനത്തിന് ഇടിവുവരാൻ പോകുകയാണ്. റവന്യൂ കമ്മിയിനത്തിൽ ഈ വർഷം 19,000 കോടി രൂപയാണ് കേരളത്തിന് ലഭിച്ചത്. അടുത്ത വർഷം അത് 13,000 കോടി രൂപയാകുകയാണ്. അതിന്റെ അടുത്ത വർഷമാകട്ടെ 4,700 കോടി രൂപയായി കുറയും. 2022 ജൂൺ 30-ന് ജി.എസ്.ടി. നഷ്ടപരിഹാരവും ഇല്ലാതാകും. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നുള്ള പങ്കും ഇതുപോലെ കുറയും. ഈ സാഹചര്യത്തിൽക്കൂടിയാണ് നമ്മുടെ താൽപ്പര്യങ്ങൾ ഹനിക്കാത്തവിധത്തിലുള്ള വായ്പകളുൾപ്പെടെ ആശ്രയിച്ച് നാം മുന്നോട്ടുപോകുന്നത്. രാജ്യത്തെ ബാങ്കുകളുടെ പക്കൽ ജനങ്ങളുടെ സമ്പാദ്യമായി 165 ലക്ഷം കോടി രൂപയുണ്ടെന്നാണ് ഏകദേശം

കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയുടെ ധനമേഖല വലിയതോതിൽ സമ്പന്നമാണെന്ന് ചുരുക്കം. ലാഭാർത്ഥിയോടെ പരക്കംപായുന്ന ആഗോള ധനമൂലശക്തികളും ഇന്ത്യൻ കോർപ്പറേറ്റ് മുതലാളിമാരും എപ്പോഴും കണ്ണുവയ്ക്കുന്നത് ഈ പണത്തിനാണ്. ഈ പണം കോർപ്പറേറ്റ് മുതലാളിമാർക്ക് കൊള്ളയടിക്കാൻ വഴിയൊരുക്കുന്ന ഒരു ഗവൺമെന്റുകൂടി ഉണ്ടെങ്കിൽ അവരുടെ ലക്ഷ്യം അനായാസം സാധിക്കാം. കോൺഗ്രസ്സ് ഭരിച്ചപ്പോഴും കഴിഞ്ഞ 8 വർഷത്തോളമായി ബി.ജെ.പി. ഭരിക്കുമ്പോഴും ഈ കൊള്ള ഇന്ത്യയിൽ തുടർക്കഥയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ഗുജറാത്തിലെ സ്വകാര്യ കപ്പൽ നിർമ്മാണ കമ്പനിയായ എബിജി ഷിപ്പിയാർഡ്. 22,842 കോടി രൂപയുടെ വായ്പാ തട്ടിപ്പ് നടത്തിയതും ദേശീയ ഓഹരി വിപണിയിലെ കോടികളുടെ തിരിമറിയും. കമ്പോളത്തെ ചലിപ്പിക്കുന്നത് അദൃശ്യകരങ്ങളാണെന്ന് ധനതത്വ ശാസ്ത്രത്തിന്റെ പിതാവ് ആഡംസ്മിത്ത് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇന്ത്യയുടെ ദേശീയ ഓഹരി വിപണിയെ വർഷങ്ങളായി നിയന്ത്രിച്ചത് അദൃശ്യകരമാണെന്ന് വെളിവാക്കുന്ന സംഭവവികാസങ്ങളാണ് ഇവയൊക്കെ. എന്താണ് ശ്രീ. നരേന്ദ്രമോദി

ഗവൺമെന്റിന്റെ ധനകാര്യ നിലപാട്. വർത്തമാനകാല മോദി ഭരണം കൂടുതൽ ആസ്വദിക്കുകയും വർഗ്ഗീയതയും ഭിന്നതയും ജനങ്ങൾക്കിടയിൽ വളർത്തിയെന്ന് മാത്രമല്ല, നവലിബറൽ സാമ്പത്തികനയങ്ങൾ നന്നായി നടപ്പിലാക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റായി മാറിയിരിക്കുകയാണ്. കോവിഡ് കാലത്തെ തങ്ങളുടെ കോർപ്പറേറ്റ് ചങ്ങാതിമാർക്ക് സ്വതന്ത്രമായി വിഹരിക്കാനുള്ള അവസരമൊരുക്കുകയായിരുന്നു. ജനങ്ങളുടെ വരുമാനം വൻതോതിൽ ഇടിഞ്ഞുകൊണ്ടിരിക്കുമ്പോഴും കോർപ്പറേറ്റുകൾ ഇവിടെ സമ്പത്തുകൾ വാരിക്കൂട്ടുകയാണ്. മുകേഷ് അംബാനിയുടെ മാത്രം വരുമാനം, ലോക്ഡൗണിനുശേഷം മണിക്കൂറിൽ 90 കോടി രൂപ അധികം ലഭിക്കുന്നുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കർഷകർ ലോക്ഡൗണിൽ കഴിയുമ്പോൾ കോർപ്പറേറ്റ് കൊള്ളയ്ക്ക് വാതിലുകൾ തുറന്നുകൊടുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാൻ കേന്ദ്ര സർക്കാർ ഇടപെടുന്നില്ല. സംസ്ഥാനങ്ങളെ ഇടപെടുന്നതിൽനിന്നും വിലക്കുകയാണ്. വിഭവങ്ങളെല്ലാം കേന്ദ്രത്തിനും വികസനക്ഷേമ ഉത്തരവാദിത്വങ്ങളെല്ലാം സംസ്ഥാനങ്ങൾക്കുമെന്ന മട്ടിൽ കേന്ദ്ര-സംസ്ഥാന ധനകാര്യവൃന്ദങ്ങൾ മാറിയിരിക്കുന്ന സ്ഥിതിയാണ്

ഇന്നുള്ളത്. ചരക്കുസേവന നികുതി നടപ്പിലാക്കിയതോടുകൂടി സംസ്ഥാനങ്ങളുടെ നികുതിയധികാരം ഏതാണ്ട് പൂർണ്ണമായും ഇല്ലാതായി. കേന്ദ്രപൂളിൽ നിന്നുള്ള നമ്മുടെ നികുതി വിഹിതം കുറയ്ക്കുകയാണ്. അങ്ങനെ എല്ലാതലത്തിലും ജനവിരുദ്ധതയുടെ ഒരു സമീപനമാണ് ഇക്കാലത്ത് നമുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സിന്റെ തോൽവിയെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച സമാദരണീയരായിട്ടുള്ള അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഇതിൽ ഒറ്റക്കാര്യമേയുള്ളൂ; ഇങ്ങനെയുണ്ടോ ഒരു പാർട്ടി; ഗോവയിൽ എന്താണ് നിങ്ങൾ ചെയ്തത്; ഗോവയിൽ തെരഞ്ഞെടുപ്പ് നടക്കുന്നതിനുമുമ്പുതന്നെ ദൈവ പ്രതിജ്ഞ എടുപ്പിച്ചില്ലേ? നിങ്ങൾ ആലോചിച്ച് നോക്കൂ. ജയിച്ചാൽ കൂറുമാറില്ല എന്ന് ദൈവത്തിന്റെ പേരിൽ പ്രതിജ്ഞ ചെയ്യിച്ച് തെരഞ്ഞെടുപ്പിനുമുമ്പുതന്നെ കോൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ വിശ്വാസ്യത കളഞ്ഞ് കുളിച്ചില്ലേ; ഇങ്ങനെയുണ്ടോ ഒരു പാർട്ടി; എന്ത് മതേതര പാർട്ടിയാണ്. കോൺഗ്രസ്സിനുപോലും വിശ്വാസമില്ലാത്തവരെ എന്തിന് ജയിപ്പിക്കണമെന്നായിരുന്നു ഗോവയിലെ ജനങ്ങൾ തീരുമാനിച്ചത്. പ്രിയങ്കാഗാന്ധിക്ക് ഇന്ദിരാഗാന്ധിയുടെ മുഖസാദൃശ്യമുള്ളതുകൊണ്ടും ഗാന്ധിമാരുള്ളതുകൊണ്ടും കോൺഗ്രസ്സ്

രക്ഷപ്പെടുകയില്ല എന്ന് മനസ്സിലായില്ലേ; അതല്ലേ നമ്മൾ കണ്ടത്. നയമാണ് പ്രശ്നം, നിലപാടുകളാണ് പ്രശ്നം. പഞ്ചാബിനും പഞ്ചറായില്ലേ. ഇനി ഇവിടെ ആകെയുള്ള ഉത്തരാഖണ്ഡാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ നഗ്നമായി അഴിഞ്ഞാടുമ്പോൾ അതിനെ പ്രതിരോധിക്കാൻ അതിന്റെ മുന്നണിപ്പടയായി നിൽക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ഇന്ത്യൻ ഭരണഘടനയെ നിരാകരിച്ചുകൊണ്ടുള്ള മോദി വാഴ്ച അനുസ്യൂതം തുടരുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പ്രധാനമന്ത്രി പ്രത്യേക മതവിശ്വാസത്തിന്റെ ദേവാലയത്തിന് തറക്കല്ലിട്ടതോടെ തകർച്ച നേരിട്ടത് ഇന്ത്യൻ മതേതരത്വത്തിനാണ്. വൈവിദ്ധ്യങ്ങളുടെ നന്മകളെ സ്വാംശീകരിച്ച് രൂപീകരിച്ച  ഇന്ത്യൻ ഭരണഘടനയെ മാറ്റി നിർത്തി വിഭാഗീയമായ തീവ്ര മതബോധങ്ങളെ താലോലിക്കുന്ന നിലപാടല്ലേ ശ്രീ. നരേന്ദ്ര മോദി സ്വീകരിക്കുന്നത്. വിദ്യാഭ്യാസ പരിപ്രേക്ഷ്യം ഏറെക്കുറെ മതാധിഷ്ഠിതമായിക്കഴിഞ്ഞു. സർവ്വകലാശാലകളുടെ പാഠ്യവിഷയങ്ങളിൽ മാറ്റംവരുത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ എല്ലാതലത്തിലും ജനവിരുദ്ധതയുടെ മതേതര വിരുദ്ധതയുടെ രാഷ്ട്രീയമാണ് കൈകാര്യം ചെയ്യുന്നത്. എന്തിനധികം. സ്വാതന്ത്ര്യസമര ചരിത്രത്തിൽ ബ്രിട്ടീഷുകാരെ

വാഴ്ത്തി അവർക്കുമുമ്പിൽ തലതാഴ്ത്തി നിന്ന എല്ലാ പഴയ ആർ.എസ്.എസ്.-കാരും ധീരവീര പരാക്രമികളായി ഇന്ന് വേഷം മാറുകയാണ്. ലീഗ് കൂടെയുണ്ടല്ലോ; അടുത്തകാലത്തായി ഇന്ത്യയിൽ നടത്തുന്ന ഫാസിസ്റ്റ് നീക്കങ്ങളുണ്ട്, മുസ്ലീം-ക്രിസ്ത്യൻ ജനതയ്ക്കെതിരെ സംഘപരിവാറിന്റെ കടുത്ത അക്രമങ്ങളാണ്. സോഷ്യൽ മീഡിയ വഴിയുള്ള കടുത്ത വർഗ്ഗീയ പ്രചരണം. ബി.ജെ.പി. ഭരിക്കുന്നിടത്ത് ഗവൺമെന്റിന്റെ പിന്തുണ. ഇരകളുടെ പേരിൽ കള്ളക്കേസ്സുകൾ. 2021-ലെ ആദ്യ ഒമ്പതുമാസത്തിൽ ക്രിസ്റ്റ്യൻ ജനതയുടെ ആരാധനാലയങ്ങൾക്കെതിരെ മുന്നൂറ് തവണ അക്രമണം നടന്നു. ആദിവാസി ദളിത് വിഭാഗത്തിനെതിരെ വലിയ അക്രമങ്ങൾ നടക്കുന്നു. പ്രാർത്ഥനായോഗങ്ങൾ കയ്യേറ്റം ചെയ്യുന്നു. ഡൽഹി നഗരത്തിനടുത്ത് ഗുരുഗ്രാമിൽ മുസ്ലീങ്ങൾ വെള്ളിയാഴ്ച നടത്തിവരാറുള്ള നമസ്കാരം 21 ഹിന്ദു സംഘടനചേർന്നുള്ള സംയുക്ത ഹിന്ദു സംഘർഷ സമിതി തടഞ്ഞു, അവർ ഗോവർദ്ധന പൂജ നടത്തി. ത്രിപുരയിലെ ഗുർഗോണിൽ മുസ്ലീങ്ങളുടെ പ്രാർത്ഥന സംഘപരിവാർ തടസ്സപ്പെടുത്തി. ആസാമിൽ വർഷങ്ങളായി വീട്കെട്ടി താമസിക്കുന്ന ദരിദ്രരായ കുടുംബങ്ങൾ അടിച്ചിറക്കപ്പെട്ടു. കുറ്റം ഒന്നേയുള്ളൂ. അവർ മുസ്ലീങ്ങളായിപ്പോയി എന്നുള്ളത്. ആസാമിലെ ധരാൻ

ജില്ലയിൽ ഡോൾപ്പൂരിൽ പോലീസിന്റെ വെടിയേറ്റ് വീണ മൊയ്തീൻ ഹക്കിന്റെ നെഞ്ചത്ത് ചവിട്ടുന്ന ഒരാളിന്റെ ചിത്രം മാധ്യമങ്ങൾ പുറത്തുവിട്ടു. വിജോയ് ബനിയ എന്നാണ് അയാളുടെ പേര്. ഫോട്ടോഗ്രാഫറായിരുന്നു. മുസ്ലീംവിരുദ്ധ മനസ്സായിരുന്നു. ശാരീരിക ആക്രമണങ്ങളും കൊലപാതകങ്ങളും മാത്രമായിരുന്നു. സാംസ്കാരികവും ചരിത്രപരവുമായിട്ടുള്ള ആക്രമണങ്ങളും വ്യാപകമാണ്. മുഗൾകാലത്തെ എല്ലാ അവശിഷ്ടങ്ങളും നീക്കം ചെയ്യൽ, ഇന്ത്യാ ചരിത്രത്തെ മാറ്റിയെഴുതാനുള്ള നീക്കം. 2019-നുശേഷം പേര് മാറ്റങ്ങൾ വ്യാപകം, 2019 ഒക്ടോബറിൽ ചെനാനി- നശ്രി ടണൽ ഡോ. ശ്യാമ പ്രസാദ് മുഖർജി ടണൽ പുനർനാമകരണം ചെയ്തു. കാശ്മീർ ജനതയുടെ ആവശ്യപ്രകാരമായിരുന്നില്ല. നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാപകനും കാശ്മീർ മുഖ്യമന്ത്രിയുമായിരുന്ന ഷെയിഖ് അബ്ദുള്ള ഇന്ത്യ-പാക്ക് വിഭജനാനന്തരം കാശ്മീർ കയ്യടക്കാൻ പാക്കിസ്ഥാൻ ശ്രമിച്ചപ്പോൾ അതിനെ ധീരോദാത്തം ചെറുത്ത നേതാവായിരുന്നു. അദ്ദേഹത്തിന്റെ ദേശസ്നേഹം മുൻനിർത്തി ജനങ്ങൾ നൽകിയ പേരാണ് ഷേർ ഇ കാശ്മീർ. കാശ്മീർ സിംഹം. ഷേർ ഇ കാശ്മീർ എന്ന് പേരുള്ള ക്രിക്കറ്റ് സ്റ്റേഡിയം പേര് മാറ്റി സർദാർ വല്ലഭായ് പട്ടേൽ എന്ന് പേരിട്ടു.

ഷേർ ഇ കാശ്മീർ കൺവെൻഷൻ സെന്ററിന്റെ പേരിൽനിന്ന് ഷേർ ഇ വെട്ടിമാറ്റി. ന്യൂനപക്ഷ അവകാശ സംരക്ഷണവുമായി ഇറങ്ങിത്തിരിച്ച കോൺഗ്രസ്സിന്റെ പ്രതികരണം എവിടെയായിരുന്നു; മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മുസ്ലീംലീഗിന്റെ ഇതിനോടുള്ള പ്രതികരണം എന്തായിരുന്നു? ഇവിടെ മതേതരത്വം സംരക്ഷിക്കാൻ, മതനിരപേക്ഷത കാത്തുരക്ഷിക്കാൻ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് മാത്രമേ കഴിയുകയുള്ളൂ. കോൺഗ്രസ്സിന്റെ യു.പി. ഇലക്ഷൻ നിലപാട് ചർച്ച ചെയ്യേണ്ടതാണ്. വർഗ്ഗീയ ഫാസിസത്തെ പ്രതിരോധിക്കാൻ കഴിയുംവിധം ഏറെ രാഷ്ട്രീയപാർട്ടികൾ ഉണ്ടായിരുന്ന ഗോവയിൽ പാർട്ടികളെ ഒന്നിപ്പിച്ച് നിർത്തി അതിനെ പ്രതിരോധിക്കാതെ വോട്ടുകൾ ഛിന്നഭിന്നമാക്കുന്ന സമീപനമാണ് അവിടെ സ്വീകരിച്ചത്. ഇവിടെ മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ചാവക്കാട് മുനിസിപ്പാലിറ്റിയിൽ 2000 മുതൽ 2005 വരെ ബി.ജെ.പി.-യോടൊപ്പമായിരുന്നു മുസ്ലീം ലീഗിന്റെ അന്തിയുറക്കം. മറന്നുപോയോ? കോ.ലീ.ബി.സഖ്യത്തിന് പേര് കേട്ട നാടാണ് കേരളം. ആരാണ് ബേപ്പൂർ മോഡലും വടകര മോഡലും സൃഷ്ടിച്ചത്? എത്രയെത്ര ഉദാഹരണങ്ങൾ.

കഴിഞ്ഞ കാലങ്ങളൊന്നും ഞങ്ങളാരും മറന്നിട്ടില്ല. ഇവിടെ വഖഫ് എന്ന് കേൾക്കുമ്പോൾ ഗവൺമെന്റ് വിരുദ്ധവും മറ്റ് രീതിയിലേയ്ക്ക് പ്രചരണങ്ങൾ പോകുകയാണ്. വഖഫ് ബോർഡിന്റെ നിയമനവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ട രീതിയിൽ ചർച്ച ചെയ്യട്ടെ; അതിനൊന്നും നമ്മൾ എതിരല്ല. പക്ഷെ കേരളത്തിന്റെ മുസ്ലീം മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സച്ചാർ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ പാലോളി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. വഖഫുമായി ബന്ധപ്പെട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശങ്ങളുണ്ട്. ഒന്ന്, വഖഫ് സ്വത്ത് പരിപാലനത്തിനും സേവനത്തിനും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും റൂൾസ് പരിഷ്കരണത്തിന് നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുക. രണ്ട്, അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കുക. മൂന്ന്, വഖഫ് സ്ഥാപനങ്ങളുടെ കാര്യക്ഷമതയ്ക്കായി വഖഫ് കേഡറിന് രൂപം നൽകുക. നാല്, വഖഫ് സ്വത്തുക്കളെ സംബന്ധിച്ച് സമയബന്ധിത സർവ്വേ നടത്തി രജിസ്റ്റർ കാലോചിതമാക്കുക. സ്വത്തുക്കൾ പ്രത്യുല്പ്പാദനപരമായ കാര്യങ്ങൾക്കു കൂടി ഉപയോഗപ്പെടുത്തുക. വഖഫ് വികസന കോർപ്പറേഷൻ

രൂപീകരിക്കുക തുടങ്ങിയ കുറെയധികം കാര്യങ്ങൾ. സമയപരിമിതിമൂലം കൂടുതൽ പറയുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ 2008 മേയ് മാസത്തിൽ സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറിയുടെ കീഴിൽ ന്യൂനപക്ഷ സെൽ രൂപീകരിച്ചു. ഏത് ഗവൺമെന്റിന്റെ കാലത്താണ്? അന്നത്തെ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത്. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുന്നതിന് 29-12-2010-ന് മന്ത്രിസഭായോഗം തീരുമാനമെടുത്തു.

മി. ചെയർമാൻ: ദയവുചെയ്ത് ചുരുക്കണം.

ശ്രീ. എം. രാജഗോപാലൻ: സർ, ഒരു മിനിറ്റ്.

മി. ചെയർമാൻ: ദയവുചെയ്ത് ചുരുക്കണം. ഇന്ന് അധികം സമയമെടുക്കാനാവില്ല.

ശ്രീ. എം. രാജഗോപാലൻ: സർ, ജില്ലാ കളക്ടറേറ്റുകളിൽ ന്യൂനപക്ഷ സെക്ഷൻ രൂപീകരിച്ചു. 2009 ഫെബ്രുവരിയിൽ മുസ്ലീം ക്ഷേമനിധി ഓഫീസ് കോഴിക്കോട് പ്രവർത്തനമാരംഭിച്ചു. കരുതൽ നിക്ഷേപമായി 1 കോടി രൂപ നൽകി. ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ സമഗ്രവികസനത്തിന് കേന്ദ്ര ന്യൂനപക്ഷ പദ്ധതിയിൽ കേരളത്തിൽ നിന്ന്

വയനാട് ജില്ല മാത്രമാണ് ഉണ്ടായിരുന്നത്. മലപ്പുറം, കോഴിക്കോട്...

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്....

ശ്രീ. എം. രാജഗോപാലൻ: സർ, കണ്ണൂർ, എറണാകുളം ജില്ലകൾ ഉൾപ്പെടുത്തി മുസ്ലീം പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനായി സംസ്ഥാന സർക്കാർ വക സ്കോളർഷിപ്പ് അങ്ങനെ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ മതന്യൂനപക്ഷ താൽപ്പര്യങ്ങളും ക്ഷേമങ്ങളും ഉറപ്പുവരുത്തിക്കൊണ്ടുള്ള അലിഗഡ് യൂണിവേഴ്സിറ്റി ക്യാമ്പസ്സ് മലപ്പുറത്ത് ആരംഭിച്ചു. അങ്ങനെ ഒട്ടേറെ കാര്യങ്ങളിൽ ഇടപെട്ടത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഇടത് കരുത്ത് വർദ്ധിപ്പിക്കേണ്ടത് എല്ലാമത ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരുടെയുംകൂടി ഉത്തരവാദിത്വമാണെന്ന് മാത്രം ഈ അവസരത്തിൽ ഓർമ്മപ്പെടുത്തിക്കൊണ്ട് വരുംനാളുകളിൽ എല്ലാത്തലത്തിലും ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ അനുകൂലിക്കാൻ തയ്യാറാകണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ അന്തിമ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ഗവൺമെന്റിന്റെ കണക്കും യാഥാർത്ഥ്യവും തമ്മിൽ ഒരു പൊരുത്തവുമില്ല. നികുതി വരുമാനത്തിലെ കുറവ് സംബന്ധിച്ച് സമയച്ചുരക്കം കൊണ്ട് ഓരോ ഫിഗറും പറയുന്നില്ല. കഴിഞ്ഞ കാലഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ അതായത് 2011-2016-ലെ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതിനെക്കാൾ 45,025 കോടി രൂപയുടെ കുറവാണ് നികുതി വരുമാനത്തിലുള്ളത്. അങ്ങേയ്ക്ക് തർക്കമുണ്ടെങ്കിൽ ഞാൻ എന്റെ കയ്യിലുള്ള പേപ്പർ തരാം. ഓരോ വർഷവും കുറഞ്ഞുകുറഞ്ഞാണ് വന്നത്. ഈ രൂപത്തിൽ നമ്മുടെ നികുതി വരുമാനം താഴേയ്ക്ക് പോയി. നമുക്ക് രക്ഷപ്പെടാനുള്ള മാർഗ്ഗമില്ലാതെപോയി. അതേസമയം നമ്മൾ ചില സാങ്കൽപ്പിക രേഖകളിൽ നിൽക്കുകയാണ്. വിശ്വശാന്തിക്കുവേണ്ടി രണ്ട് കോടി രൂപ വച്ചിട്ടുണ്ട്. രണ്ട് കോടി രൂപയ്ക്ക് എന്ത് വിശ്വശാന്തിയാണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പിന്നെ എത്ര കോടി രൂപ വേണം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോടിയെടുത്തുകൊള്ളൂ എനിക്കതുവേണ്ട. പക്ഷെ ഇവിടത്തെ പ്രശ്നം ലോക മലയാള സഭയുടെ

സമ്മേളനത്തിന് എത്രകോടി രൂപ ചെലവായെന്ന് ആലോചിച്ചാൽ മതി. ലോകത്തുള്ള മലയാളികളെ വിളിച്ചുകൂട്ടാൻ എത്രകോടിയായി? അതിനേക്കാൾ രണ്ട് കോടി രൂപയിൽ ലിമിറ്റ് ചെയ്യാൻ കഴിയുന്നതാണോ ഇത്. വിശ്വത്തിന്റെ പലഭാഗത്തുനിന്നും ആളുകളെ വിളിച്ചുവരുത്തുന്നതിന് അവരുടെ വണ്ടിക്കൂലിക്കുപോലും ഇത് ഒരിടത്തുമെത്തുകയില്ല എന്നുള്ളത് സത്യമല്ലേ. ബഡ്ജറ്റിനകത്ത് ഒരു ഐറ്റംകൂടി ഇരിക്കട്ടെ എന്നുകരുതി വെറുതെ എഴുതിയതാണ്. അതിനുവേണ്ടി എഴുതിക്കൂട്ടിയെന്നല്ലാതെ അതിനപ്പുറത്തേയ്ക്ക് ഒന്നുമില്ലല്ലോ. എനിക്ക് ഒരു വാക്കുകൂടി ചോദിക്കാനുണ്ട്. ഉക്രയിനിൽ നിന്നും വന്നിട്ടുള്ള പാവപ്പെട്ട കുട്ടികൾക്ക് സംരക്ഷണം നൽകാനായി  നൂറ് കോടി രൂപ മാറ്റിവയ്ക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാതിരുന്നതെന്താണ്? സാധുക്കൾ, നമ്മളെല്ലാവരും ദുഃഖിച്ചതല്ലേ. ഉക്രയിനിലെ ഓരോ പട്ടണങ്ങളിലും താമസിക്കുന്ന ആളുകളെ നമ്മൾ ഫോൺ വിളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഞങ്ങളെക്കൊണ്ടാകുന്നത് ഞങ്ങളും അവർ ഇങ്ങോട്ടും വിളിച്ചിട്ടുണ്ട്. അവരിൽ കുറച്ചാളുകൾ മടങ്ങിവന്നു. അവർക്കെന്തെങ്കിലും സഹായം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണ്ടേ? ബഡ്ജറ്റിന്റെ

അവസാനത്തെ പ്രസംഗം നടക്കുന്നതിനുമുമ്പ് ഉക്രയിനിൽ നിന്നും മടങ്ങിയെത്തിയ കുട്ടികളുടെ തുടർപഠനത്തിനാവശ്യമായ സാമ്പത്തിക സഹായം കേരളം നൽകുമെന്ന് അങ്ങ് പ്രഖ്യാപിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാക്സിൻ ഗവേഷണ കേന്ദ്രമുണ്ട്. ആ വാക്സിൻ ഗവേഷണ കേന്ദ്രമെവിടെ; ആ കേന്ദ്രത്തിൽ നിന്ന് വാക്സിനെന്തെങ്കിലും നമുക്ക് കിട്ടിയിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട ഗവേഷണമെന്തെങ്കിലും നടന്നിട്ടുണ്ടോ? അതൊന്നും നടന്നില്ല. ആംനസ്റ്റി സ്കീമിനെക്കുറിച്ച് അങ്ങ് ചെറുതായി പാളി എന്നുപറഞ്ഞു. എന്നാൽ ഞാൻ വലുതായി പാളി എന്നു പറയും. ആംനസ്റ്റി സ്കീമിനകത്ത് എതാണ്ട് 9642 കോടി രൂപ പിരിച്ചെടുക്കണമെന്ന് ലക്ഷ്യമിട്ടെങ്കിലും കിട്ടിയത് 270 കോടി രൂപയാണ്. നമ്മൾ വളരെ താഴോട്ടുപോയെന്നുള്ള യാഥാർത്ഥ്യം നിൽക്കുകയല്ലേ. ഞാൻ ഓരോരോ കണക്കായി പറയുന്നില്ല. പ്രളയത്തിൽ ദുരിതമനുഭവിച്ച ആളുകൾ അവർക്കുള്ള സാമ്പത്തിക സഹായത്തെക്കുറിച്ച് എന്താണ് പറയുന്നത്. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ വലിയ വീറും വാശിയോടും കൂടി ഇവിടെ പ്രസംഗിച്ചു. നിയമസഭ ആയതുകൊണ്ട് നല്ല

പ്രൊട്ടക്ഷനുണ്ട്. ഇത് കാഞ്ഞിരപ്പള്ളിയിൽപ്പോയി പ്രസംഗിക്കാൻ കഴിയുകയില്ല. കുട്ടിക്കലിലെ പാവപ്പെട്ടയാളുകൾക്ക് പ്രളയം കഴിഞ്ഞതിനുശേഷം ജപ്തി നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. വി. എൻ. വാസവൻ ഓർക്കാൻ വേണ്ടി പറയുകയാണ്. ഇന്ന് ഈ പ്രസംഗം അവസാനിക്കുമ്പോൾ ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നുവെന്നും അവർക്ക് പലിശ രഹിതമായി ഇത് മാറ്റുന്നുവെന്നും പറയുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥത കാണിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. 'പ്രളയത്തിൽ വീട് എടുത്തിട്ട് 5 മാസമായി' ഇന്നത്തെ പത്രത്തിലെ വർത്തയാണ്. (പത്രം ഉയർത്തിക്കാണിച്ചു). വെള്ളത്തിൽ വരച്ച വരപോലെ അത് കിടക്കുന്നുവെന്നാണ് ഇതിലെ വിമർശനം. വിമർശനത്തിന്റെ ഭാഗം വിട്ടാലും ആ യാഥാർത്ഥ്യം നമ്മൾ കാണണ്ടേ? പ്രളയത്തിൽ നഷ്ടപ്പെട്ട വീടുകൾക്ക് പകരം അവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടിയെടുക്കണ്ടേ? ഈ രൂപത്തിൽ നമ്മുടെ സമൂഹത്തിൽ ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യാതെപോയി എന്നുള്ളതാണ് ഞങ്ങൾ വിമർശിക്കുന്നത്. വിമർശിക്കുന്നതിനുവേണ്ടി വിമർശിക്കുന്നതല്ല. നമ്മുടെ സംസ്ഥാനത്ത് 64006 കുടുംബങ്ങൾ അതീവ ദരിദ്ര കുടുംബങ്ങളായി കഴിയുന്നുവെന്നാണ്

ഗവൺമെന്റിന്റെ കണക്ക്. ഈ അടുത്ത സമയത്തെടുത്ത കണക്കിലാണ് അത് പറഞ്ഞത്. ബഡ്ജറ്റിൽ അതീവ ദാരിദ്ര്യം കുറയ്ക്കുന്നതിനുവേണ്ടി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതും ഒരു പ്രഖ്യാപനത്തിൽ ഒതുങ്ങുന്ന രൂപത്തിലാണ് പോകുന്നതെങ്കിൽ ദുഃഖകരമല്ലേ? ആ രൂപത്തിൽ സംസ്ഥാനത്തെ ഓരോ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാതെ അതെല്ലാം നീണ്ടുനീണ്ടു പോകുന്നുവെന്നുള്ളതാണ് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അവസാനത്തെ ദിവസമായതുകൊണ്ട് രണ്ടുവാക്ക് രാഷ്ട്രീയം കൂടി പറയാതെ പറ്റുകയില്ല. ശ്രീ. എം. രാജഗോപാലൻ പ്രസംഗിച്ചപ്പോൾ ഞങ്ങളൊക്കെ നിസ്സാരന്മാർ ഇവിടെ ഇരിക്കുന്നു, അങ്ങിപ്പോൾ ഇന്ത്യയുടെ ഭരണം പിടിച്ചുകളയും എന്ന മട്ടിലുള്ള പോക്കാണെന്നാണ് ഞാൻ വിചാരിച്ചത്. കാര്യമൊന്നുമില്ല, നമ്മൾ ഒരുമിച്ച് മണിപ്പൂരിൽ മത്സരിച്ചു. നിങ്ങൾ നിങ്ങളുടേതായി മത്സരിച്ച് എത്രകിട്ടി? 0.00028 അതാണ് നിങ്ങൾക്ക് കിട്ടിയ ശതമാനം. നിങ്ങളുടെ കൂട്ടത്തിലുള്ള ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കിട്ടിത് 0.028 ശതമാനം. 28 ഉം 08 ഉം കൂടിചേർത്ത് എത്രയുണ്ട് അതാണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മണിപ്പൂരിലെ ശക്തി. ഞങ്ങൾ ബി.ജെ.പി.-ക്ക് താഴെയാണ്. ബി.ജെ.പി.-യിൽ നിന്ന്

എല്ലാവരും പോയി എന്നുപറഞ്ഞ്, ഞങ്ങളിൽ നിന്ന് ബി.ജെ.പി.-യിൽ പോകുന്നവരെ പിടിക്കാൻ വലയുമായി നടക്കുന്ന രൂപത്തിലാണ്. ബി.ജെ.പി.-ക്ക് 1300 എം.എൽ.എ.-മാർ ഇന്ത്യയിലുണ്ട്. ഇന്ത്യയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് 700 എം.എൽ.എ.-മാർ ഉണ്ടെന്ന യാഥാർത്ഥ്യം മറക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

മി. ചെയർമാൻ: ഇനി രണ്ട് മിനിട്ടാണുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങളില്ലാതെ ഒരു ബദലില്ല. ഞങ്ങളില്ലാതെ ഒരു നോൺ ബി.ജെ.പി. ഗവൺമെന്റുമുണ്ടാകില്ല. അതുകൊണ്ട് നിങ്ങളുടെ നിലപാട് മാറേണ്ടിവരും. മാറിയെങ്കിൽ മാത്രമെ രക്ഷയുണ്ടാകുകയുള്ളൂ എന്നുള്ളത് സത്യമാണ്. ഞാൻ സി.പി.ഐ.-യെക്കുറിച്ച് പറഞ്ഞതുകൊണ്ടാകും അങ്ങ് ബെല്ലടിച്ചതെന്ന് തോന്നുന്നു.

മി. ചെയർമാൻ: ഒരിക്കലുമല്ല. ചെയറിനങ്ങനെ പക്ഷപാതമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ നാട്ടിൽ ഈ രൂപത്തിലുള്ള...

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ സമയം ചുരുക്കണമെന്നൊരു അഭ്യർത്ഥനയുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വാണിജ്യ വ്യാപാര മേഖലയിലുള്ളവർക്ക് 20,000 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞതാണ്. അതൊക്കെ നമ്മൾ തമാശ പറഞ്ഞുപോകുന്നതാണ്. അതവിടെ നിൽക്കട്ടെ. 20,000 കോടി രൂപ കോവിഡ്-19 പാക്കേജിന് പ്രഖ്യാപിച്ചതാണ്. 381 വ്യാപാര വാണിജ്യവ്യവസായ സ്ഥാപനങ്ങൾക്കായി കെ.**എഫ്.**സി. വഴി നടത്തിയത് 176.27 കോടി രൂപ എന്നുപറഞ്ഞാൽ കേവലം 0.88 ശതമാനം. നമ്മളിപ്പോൾ ഇവരെയെല്ലാം രക്ഷിക്കാൻ ഇറങ്ങിയിരിക്കുകയാണ്. ഇല്ലാത്ത സ്ഥലത്ത് നടക്കാത്തൊരു പദ്ധതിക്കുവേണ്ടി 20,000 കോടി രൂപ നമ്മൾ മാറ്റി വച്ചു. വെറും ഫിഗർ ഹെഡല്ലേ? അതിനകത്തൊന്നും നടത്തേണ്ടിവരില്ലെന്ന് എല്ലാവർക്കും അറിയില്ലേ. ശ്രീ. കെ. കൃഷ്ണൻകുട്ടി, പണ്ട് വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിൽ ഒരു വേലയുണ്ടായിരുന്നു. അതങ്ങ് വരുന്നതിനൊക്കെ മുമ്പാണ്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും കിട്ടുന്ന തുക എല്ലാവർഷവും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ തുകയായി പ്രൊജക്ട് ചെയ്യും. പ്രൊജക്ട് ചെയ്താൽ മതി ഒരു രൂപയും ചിലവാക്കണ്ട. ഇതുപോലെ എല്ലാം പ്രൊജക്ട് ചെയ്തുവച്ചിരിക്കുകയാണ്. ഒരു രൂപപോലും ചെലവഴിക്കേണ്ട കാര്യമില്ല. കോവിഡ്-19 ചികിത്സയ്ക്ക് അനുബന്ധ

ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 500 കോടി രൂപ. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. എന്റെ vocabulary-യിൽ വാക്കുകളില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. പക്ഷെ, നടന്നതെല്ലാം നടപടി പിശകാണെന്നുള്ള യാഥാർത്ഥ്യം കേരളം കണ്ടുകൊണ്ടേയിരിക്കുകയാണ്. ഇതിൽ 465 കോടി രൂപയും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. 465 കോടി രൂപയുടെ കഥ എന്തായെന്നുള്ളത് നോക്കിയാൽ മതി. ഞാൻ ഇവിടെ നിർത്തിക്കൊള്ളാം. ഈ രംഗത്ത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന ഈ മാറ്റം നമുക്ക് ഉൾക്കൊള്ളാതിരിക്കാൻ പറ്റില്ല. ഒരു പ്രധാനപ്പെട്ട കാര്യം എനിക്ക് പറയാതെ നിവൃത്തിയില്ല. ഇവിടെ ശ്രീ. ലിന്റോ ജോസഫ് XXXXX പറഞ്ഞു. അങ്ങേയ്ക്ക് അതിന്റെ പരിഭാഷ അറിയുമോ എന്നറിയില്ല. പരിഭാഷ അറിഞ്ഞാൽ അങ്ങിതുപറയുമോ എന്ന വിശ്വാസവും എനിക്കില്ല. ശ്രീ. രാഹുൽ ഗാന്ധിയും രാജീവ് ഗാന്ധിയും XXXX എന്നതിന്റെ പരിഭാഷ നോക്കണം. ഞാൻ വേണമെങ്കിൽ പരിഭാഷ പറയാം. പക്ഷേ സഭയിൽ അതുപറയുന്നത് ശരിയല്ല, അതുകൊണ്ട് ഞാൻ പറയുന്നില്ല. രാജ്യത്തിന്റെ അഖണ്ഡതയ്ക്കുവേണ്ടി സ്വന്തം ജീവനർപ്പിക്കുകയും വെടിവച്ച

കൊലപ്പെടുത്തിയ സാഹചര്യമുണ്ടായിട്ടും XXXX പറയാൻ നിങ്ങളുടെ നാവെങ്ങനെ ഉയർന്നു. (... ബഹളം..)

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീലങ്കയിൽ നിന്ന് ആളുകൾ വന്ന് ഈ രാജ്യത്തെ കീഴ്പ്പെടുത്തുമെന്ന് വന്നപ്പോൾ ഒരു വംശീയ വിഷമത്തിന്റെ ഘട്ടത്തിൽ ...

മി. ചെയർമാൻ: ദയവുചെയ്ത് അങ്ങ് സമയത്ത് അവസാനിപ്പിക്കണം. ഇന്നത്തെ ദിവസം നമുക്ക് സമയമെടുക്കാനില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രാജീവ് ഗാന്ധിയെ വെടിവച്ചുകൊന്നതാണ്..... (ബഹളം).... അത് XXX പറയാൻ പറ്റുമോ? അവർ ഈ രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി ശ്രമിച്ചതാണ്. ഈ നാട് ഇന്നും നിൽക്കുന്നത് ഇന്ദിരാഗാന്ധിയുടെ രക്തത്തിന്റെ പുറത്താണെന്നുള്ള യാഥാർത്ഥ്യം മറക്കുകയും വേണ്ട. എനിക്കങ്ങയോട് വാത്സല്യമുണ്ട്. എന്റെ പ്രായവുമായി നോക്കിയാൽ അങ്ങ് കൊച്ചുകുട്ടിയാണ്. നാളെ ഇത് പറയാതിരിക്കാൻ വേണ്ടി ഒരു ഉപദേശമായി എടുത്താൽ മതി. നമ്മുടെ നാട്ടിൽ പറയാവുന്ന കാര്യങ്ങളുണ്ട്. പറയാവുന്ന കാര്യങ്ങൾ എന്നും പറയട്ടെ.

എന്നും ഞങ്ങളെ വിമർശിക്കട്ടെ. പക്ഷേ XXXX XXXX പറയുവാൻ ശ്രമിച്ച ആ നാവ് ഒരിക്കലും നന്നാവാൻ സാധ്യതയില്ലെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ പറഞ്ഞത് നെഹ്റുവിന്റെ മകളായിട്ടുള്ള പ്രിയദർശിനി നെഹ്റു എങ്ങനെയാണ് XXX XXXXXXXXXXXXXX XXXX XXXX എന്നുള്ളതാണ് എന്റെ വിമർശനം. അത് ശരിയാണെന്നുള്ളതിൽ ഉറച്ച് നിൽക്കുന്നു. അതിനകത്ത് ഒരു തെറ്റുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയെക്കുറിച്ചുള്ള വളരെ ദൗർഭാഗ്യകരമായ ഒരു പരാമർശമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. അദ്ദേഹം അവസാനം പറഞ്ഞ വാക്ക് ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല; എനിക്കതിന് കഴിയില്ല. ആ വാക്ക് ഈ രാജ്യത്തെ സംഘപരിവാർ അജണ്ടയിലുള്ള കാര്യമാണ്. ഗാന്ധിയുടെ പാരമ്പര്യം ആ കുടുംബത്തിനില്ല എന്നു പറഞ്ഞുകൊണ്ട് വ്യാപകമായി

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും മഹാത്മാഗാന്ധിയെയും ഫിറോസ് ഗാന്ധിയെയും ഇന്ദിരാഗാന്ധിയെയുമെല്ലാം അപകീർത്തിപ്പെടുത്തിക്കൊണ്ട് വ്യാപകമായി സോഷ്യൽ മീഡിയയിലും മറ്റ് പ്രചരണമാധ്യമങ്ങളിലും കൂടി നിരന്തരമായി നടത്തുന്ന സംഘപരിവാർ ക്യാമ്പയിനിലെ വാചകം ഒരു സി.പി.ഐ.(എം) അംഗം നിയമസഭയിൽ ആവർത്തിച്ചത് മനസ്സിലാകുന്നില്ല. ഇതെല്ലാം ഈ അജണ്ട ഏറ്റെടുത്തുകൊണ്ട് സംസാരിക്കുകയാണ്. ഇത് ഈ രേഖകളിൽ നിന്ന്..... ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഒരാളുടെ പേരിനുകൂടെയുള്ള അവരുടെ സർ നെയിമിനെക്കുറിച്ചാണ് ചോദ്യം ചെയ്തിരിക്കുന്നത്. അത് അങ്ങ് രേഖകളിൽ നിന്നും നീക്കം ചെയ്യണം. ഈ ദൗർഭാഗ്യകരമായ പരാമർശം നടത്താനിടയായ സാഹചര്യത്തെക്കുറിച്ച് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത് അങ്ങ് ഇത് പറഞ്ഞ അംഗത്തിനെ ശാസിക്കണം. ഇത് സംഘപരിവാർ അജണ്ടയാണ്. നിങ്ങൾ എവിടെയാണ് ക്യാമ്പെയിൻ ഇല്ലാത്തതെന്ന് നോക്കിക്കോളൂ. ഇതറിയാൻ പാടില്ലാത്ത ആരെങ്കിലും ഈ ഭൂമിയിലുണ്ടോ; സംഘപരിവാറിന്റെ അജണ്ട അവരുടെ ക്യാമ്പെയിൻ ഏറ്റെടുത്തുകൊണ്ട് നിയമസഭയിൽ സംസാരിച്ചത് അങ്ങ് നീക്കം

ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: സഭാരേഖ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.*

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഉപധനാഭ്യർത്ഥനയെ സംബന്ധിച്ച ചർച്ചകളാണ് ഇവിടെ നടന്നത്. ഈ വർഷത്തേയ്ക്കിനി നടപ്പിലാക്കേണ്ട അല്ലെങ്കിൽ ഇതിന് തൊട്ടുമുമ്പ് മുതൽ നടപ്പിലാക്കിത്തുടങ്ങിയ ഉപധനാഭ്യർത്ഥന സംബന്ധിച്ചുള്ള ചർച്ചയാണ്. ഏതായാലും ബഡ്ജറ്റ് ചർച്ചയുടെ തുടർച്ചയായിട്ടാണ് ബഹുഭൂരിപക്ഷവും നടന്നത്. ഇന്നലെ ബഡ്ജറ്റ് സംബന്ധിച്ച ചർച്ചകളിൽ വളരെ വിശദമായി കാര്യങ്ങൾ പറഞ്ഞതുകൊണ്ട് കൂടുതൽ കാര്യങ്ങൾ പറയാൻ സമയമെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം ഇന്നലെപ്പറഞ്ഞ കാര്യങ്ങളുൾപ്പെടെ വിസ്താരഭയവും ആവർത്തന വിരസതയുമെല്ലാമുള്ള വിഷയം തന്നെയാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ ഓരോന്നുമെടുത്ത് ഇവിടെപ്പറയുന്നില്ല. എങ്കിലും ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ ചെയ്തിട്ടില്ല എന്നുപറഞ്ഞ് നിരവധി പ്രാവശ്യം ഒരേ കാര്യം ആവർത്തിച്ചുകഴിഞ്ഞാൽ ആളുകൾക്ക് സംശയമുണ്ടാകും. ഈ അസംബ്ലിയുടെ ഫ്ലോറിൽ നമ്മൾ

* പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പരിഗണനയിലാണ്.

കൊടുത്ത മറുപടികളിൽ ഇരുപതിനായിരം കോടി രൂപയുടെ രണ്ട് പാക്കേജിന് കൊടുത്ത വിശദമായ കണക്കുകൾ പറഞ്ഞിട്ടുള്ളത് ആവർത്തിക്കുന്നില്ല.

പുതിയ നിർമ്മാണകാര്യങ്ങൾ സംബന്ധിച്ച് ഇന്നലെ പറഞ്ഞു. എന്തായി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്; അവിടെ വല്ല വാക്സിനും കണ്ടെത്തിയോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയൊരാൾ സംസാരിക്കുമ്പോൾ, വാക്സിൻ കണ്ടെത്തുന്നത് വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങി ചായയടിക്കുന്നതുപോലെ വാക്സിൻ കോരിയൊഴിക്കുന്നതാണെന്നൊന്നും ധരിക്കരുത്. വാസ്തവത്തിൽ അതിന്റെ എല്ലാ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടിയുള്ള സ്ഥലം അനുവദിച്ചു. അതിനകത്ത് പുതിയ പാർട്ട്നേഴ്സിനെ കൊണ്ടുവരുന്നു. അതിനാവശ്യമായിട്ടുള്ള ചില എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചു. അതിന് ചില പ്രത്യേകമായിട്ടുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ഇൻഡസ്ട്രീസ് വകുപ്പ്.....

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കോവിഡ് മാറിയാലെങ്കിലും വാക്സിൻ എത്തുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കോവിഡിനുവേണ്ടി മാത്രമല്ല;

അങ്ങാണെങ്കിൽ എന്തു ചെയ്യും? അങ്ങാണെങ്കിൽ കോവിഡിനുവേണ്ടി മാത്രം വാക്സിൻ ഉണ്ടാക്കും. കോവിഡിനുവേണ്ടി മാത്രമല്ല വാക്സിനുണ്ടാക്കുന്നത്; വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ടെന്നുപറഞ്ഞാൽ വിവിധതരത്തിലുള്ള വാക്സിനുകൾ ഉണ്ടാക്കാൻ വേണ്ടിയാണ്. അതുകൊണ്ട് അതിനുള്ള ശ്രമം നടത്തുകയാണ്. ഇത് പച്ചക്കറികൃഷിയല്ലല്ലോ മൂന്ന് മാസം കൊണ്ട് വിത്തെടുക്കാൻ. അതുകൊണ്ട് അങ്ങയെപ്പോലെയൊരാൾ പ്രാസത്തിനും തമാശയ്ക്കും വേണ്ടിപ്പറയുന്നതായിരിക്കും. പക്ഷേ ഇത്തരമൊരു വേദിയിൽ നമ്മൾ വാക്സിൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയില്ല എന്നുതുടങ്ങിയ കാര്യങ്ങൾ പറയരുത്. അതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ....ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് അങ്ങേയ്ക്ക് എന്തെങ്കിലുമുണ്ടെങ്കിൽ പറയാം. ഞാൻ അഞ്ചു മിനിട്ടുകൊണ്ട് നിർത്താനാണ് ആഗ്രഹിക്കുന്നത്. ഇനി ആറ് ബില്ലെടുക്കാനുണ്ട്. അത് ഇന്നുതന്നെ പാസ്സാക്കേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ സമയമെടുക്കാത്തത്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കർഷകരുടെ ചില പ്രശ്നങ്ങൾ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞിട്ടുണ്ടായിരുന്നു. അത് പരിശോധിക്കേണ്ടതാണ്. മൂല്യവർദ്ധിത വികസനം വരുമ്പോൾ

കാർഷികോല്പന്നങ്ങളിൽ നിന്നുള്ള ചാർജ്ജുകളുൾപ്പെടെ കർഷക ക്ഷേമനിധിക്കുവേണ്ടിയുള്ള കാര്യങ്ങൾ വളരെ എഫക്ടീവായി ചെയ്യേണ്ട കാര്യങ്ങളാണ്.

ശ്രീ. പി. ഉബൈദുള്ള ചർച്ച ചെയ്ത വിഷയത്തിന് മറുപടി കേൾക്കാൻ അദ്ദേഹത്തെ ഇവിടെക്കാണുന്നില്ല. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു രാവിലെ കെ.എസ്.ആർ.ടി.സി.-യുടെ കാര്യം ഇവിടെ പറഞ്ഞപ്പോൾ അദ്ദേഹം കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ ഈയിടയ്ക്ക് പോകാത്തതുകൊണ്ടാണെന്ന് ഒരു പരാമർശമുണ്ടായി. യുവകേരളം എന്നൊന്നില്ല. ടാബിൽ ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ടാബ് ഉപയോഗിക്കുന്നവർക്ക് ഒന്നുമില്ല. നേരം വെളുക്കുന്നതുവരെ രാമായണം വായിച്ചിട്ട് അതുമൊത്തം കേട്ടുകൊണ്ടിരുന്നിട്ട് രാവിലെ എഴുന്നേറ്റുനോക്കുമ്പോൾ സീത രാമന്റെ ആരാണെന്ന് ചോദിക്കുന്നതുപോലെ ആയിപ്പോയി ശ്രീ. പി. ഉബൈദുള്ളയുടെ കാര്യം. ഏറ്റവും കൂടുതൽ എംപ്ലോയ്മെന്റും ചെറുപ്പക്കാർക്ക് ജോലിയുമുണ്ടാക്കാനുള്ള കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. അപ്പോൾ ചെറുപ്പക്കാർക്ക് ഒരു പരിഗണനയും കൊടുത്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ല; വാസ്തവത്തിൽ ധാരാളം കാര്യങ്ങൾ

ആ മേഖലയിലുണ്ട്.

യുക്രൈനിൽ നിന്നുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. അവിടത്തെ ആളുകളോട് പരിഗണന കാണിക്കുന്നതിനുവേണ്ടി ചില സ്റ്റെപ്പെടുത്ത സ്റ്റേറ്റെന്ന നിലയിൽ കേരളത്തിൽ മാത്രമല്ല കേരളത്തിനുപുറത്തും ഇന്റർനാഷണൽ മീഡിയയിലുൾപ്പെടെ വാർത്തകൾ വന്നു. യുക്രൈനിന്റെ കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ പോലും കേരളത്തിൽ ചെയ്തതുപോലെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അവരെ സഹായിക്കാം എന്നു പറഞ്ഞാൽ, അവിടെ പഠിപ്പിക്കുക എന്നല്ല; അവിടെ ഇത്തരം ഒരു സംഭവമുണ്ടാകുമ്പോൾ അവരുടെ സർട്ടിഫിക്കറ്റുകൾക്കും മറ്റു കാര്യങ്ങൾക്കും ഇന്ത്യ ഗവൺമെന്റെടുക്കുന്ന സമീപനത്തിന് കോ-ഓർഡിനേറ്റ് ചെയ്യുകയെന്നത് ചെറിയ കാര്യമല്ല. അക്കാര്യത്തിലെടുക്കുന്ന നിലപാടിനെപ്പോലും അതിനപ്പുറമായി പറയുന്നൊരു സമീപനമാണ് വന്നത്. അതുകൊണ്ട് അതിനെ അപഹസിക്കുകയല്ല ഗവൺമെന്റിന്റെ നല്ല ഇന്റെൻഷൻ അക്കാര്യത്തിൽ കാണണം.

നെല്ലിന്റെ ഹാൻഡിലിംഗ് ചാർജ്ജുമായി ബന്ധപ്പെട്ടതാണ് ചർച്ചയിലുയർന്നുവന്ന മറ്റൊരു പ്രധാനപ്പെട്ട കാര്യം. അത് സിവിൽ

സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതാണ്. ഹാൻഡിലിംഗ് ചാർജ്ജ് സംബന്ധിച്ച കാര്യങ്ങൾ തുടർന്ന് പരിശോധിച്ച് ആലോചിക്കേണ്ട കാര്യമാണ്. അതുസംബന്ധിച്ച് പരിശോധിക്കാം.

പി.എസ്.സി.-യെ സംബന്ധിച്ച അപ്പോയിന്റ്മെന്റുകളുടെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ ഒരു കാര്യം ചർച്ചയിലുന്നയിച്ചതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പി.എസ്.സി. വഴി ഇരുപതിനായിരത്തിലധികം അഡ്വൈസ് നൽകിയിട്ടുണ്ട്. ഒരു വർഷമായിട്ടില്ല എന്നത് വ്യക്തമാണല്ലോ; താൽക്കാലികമായി 2951 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റിന്റെ കാര്യത്തിൽ അത്രയും കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ഇതുവരെ 2.79 ലക്ഷം വീടുകൾ പൂർത്തിയാക്കിയെന്ന കാര്യം ഈ പറഞ്ഞ മെമ്പർമാർക്കുതന്നെ അറിയാം. അവർ അതിന്റെ പരിപാടിക്കും ഉത്ഘാടനത്തിനും പോയിട്ടുള്ളതാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഒന്നര വർഷമായി ലൈഫ് മിഷന്റെ ഒരു വീടുപോലും കൊടുത്തിട്ടില്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അതൊക്കെ അങ്ങയുടെ

ധാരണയാണ്; ഇത് എവിടെ നിന്നും കിട്ടുന്നതെന്ന് അറിയില്ല; എന്തായാലും അത് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും പുതിയ പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. 2.79 ലക്ഷം വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ളത് കണക്കാണ്. അങ്ങയുടെ സ്ഥലത്ത് എത്ര വന്നുവെന്നുള്ളത് വീണ്ടും പരിശോധിച്ച് നൽകാം. കൃത്യമായ രേഖകൾ വച്ചിട്ടാണ് ഞാനിത് പറയുന്നത്.

പൊതുവിൽ മൊറട്ടോറിയം ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ വന്നെങ്കിലും അത് നമുക്കറിയുന്നതുപോലെ ദീർഘിപ്പിക്കുന്നതിന്റെ പ്രധാനപ്പെട്ട കാര്യം ഏറ്റെടുക്കേണ്ടത് റിസർവ് ബാങ്കുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേരിട്ട് മൊറട്ടോറിയം സംബന്ധിച്ചുള്ള കാര്യങ്ങൾ ആലോചിക്കുകയും അവരോട് അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അനുകൂലമായ സമീപനമല്ല വന്നിട്ടുള്ളത്. പരമാവധി ആ മേഖലയിൽ സഹായം ചെയ്യാൻ ശ്രമിക്കുകയാണ്. വ്യാപാരിവ്യവസായികൾക്ക് പലിശകുറഞ്ഞ ലോൺ കിട്ടുന്നതിനുവേണ്ട സമീപനം ഇന്നലെയും പറഞ്ഞിട്ടുണ്ട്. അതിനോടൊപ്പം ഒരു കാര്യം പറയുകയാണ്. ഇത്രയും പണം നമ്മൾ കൊടുക്കാമെന്ന്

തീരുമാനിച്ചാൽ ലോണെടുക്കുന്നതിന് ആളുകൾ തയ്യാറാകുന്ന സ്കീമുകളുണ്ട്. ആ സ്കീമുകളനുസരിച്ചേ കൊടുക്കാൻ കഴിയൂ. 2000 കോടി രൂപയുടെ ലോൺ കൊടുക്കുമ്പോൾ അതിൽ രണ്ടോ മൂന്നോ ശതമാനം പലിശ ഇളവുകൊടുക്കാമെന്നു പറഞ്ഞാൽ ആ സ്കീമനുസരിച്ച് അവർ ഏറ്റെടുക്കാൻ വരിക എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഗവൺമെന്റ് ഇപ്പോൾ വച്ചിട്ടുള്ള കാര്യങ്ങളും അതുതന്നെയാണ്. കെ.എഫ്.സി. വഴി ലോൺ കൊടുത്തതിന്റെ കണക്കുകൾ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. കൂടുതൽ കാര്യങ്ങൾ കൊടുത്തിട്ടുണ്ട്. ബില്ല് സംബന്ധിച്ചും ഉപധനാഭ്യർത്ഥന സംബന്ധിച്ചുമുള്ള കാര്യങ്ങളിൽ മറ്റു കാര്യങ്ങൾ അധികം വന്നിട്ടില്ല. ബഡ്ജറ്റിലെ കാര്യങ്ങളിൽ വന്ന ആവർത്തനത്തിന് ഞാൻ മറുപടി പറയുന്നില്ല.

നമ്മളിങ്ങനെ പരസ്പരം ചർച്ചചെയ്യുമ്പോൾ സി.പി.ഐ.(എം)-നും സി.പി.ഐ.-ക്കും 0.0008 ശതമാനം 0.0028 ശതമാനം എന്നൊക്കെ പറഞ്ഞ് സന്തോഷിച്ചിട്ടെന്ത് കാര്യം? ഞങ്ങൾ പറയുന്നത് കേൾക്കണ്ടേ; അങ്ങയുടെ പാർട്ടിയുടെ ഇപ്പോഴും പ്രവർത്തക സമിതിയംഗമാണോ; പ്രവർത്തക സമിതിയുടെ അംഗത്തിനു പുറത്തുനിൽക്കുന്നതാണോ

എന്നൊന്നുമറിഞ്ഞു കൂടാ, ശ്രീ. കബിൽ സിബിൽ കഴിഞ്ഞ ദിവസം പറഞ്ഞല്ലോ; It is really interesting to note that since 2014 about 177 MP's and MLA's and 222 candidates left the congress party. No other Political Party has seen such a kind of exodus. ഞാൻ മലയാളം പറയണ്ടല്ലോ; ഇങ്ങനെ ഒരു അപകടമുണ്ടായി. കോൺഗ്രസ് തകരുന്നതിൽ നിങ്ങൾക്കുള്ളതിനെക്കാളും കൂടുതൽ സങ്കടവും വിഷമവും ഞങ്ങൾക്കുണ്ടെന്നത് ആത്മാർത്ഥതയോടെ പറയുകയാണ്. ഞാൻ ഇന്നലെ സംസാരിച്ചപ്പോഴും പറയുകയുണ്ടായി.

ശ്രീ. പി. എസ്. സുപാൽ: സർ, നിങ്ങൾ 0.0008, 0.0028 എന്നൊക്കെ പറഞ്ഞ് പരിഹസിച്ചു. അമേഠിയിൽ കോൺഗ്രസിന്റെ വോട്ട് 0.0008 ആണെന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അങ്ങയെയോ കോൺഗ്രസിനെയോ കുത്തി പറയാനല്ല ഉദ്ദേശിച്ചത്. ബി.ജെ.പി.-യെ എതിർക്കാൻ ഇന്ത്യയിലെ പ്രതിപക്ഷം എല്ലായിടത്തും സംയുക്തമായും ശക്തമായും നിൽക്കണം. തന്ത്രപരമായ തെറ്റുകൾ കോൺഗ്രസ് പാർട്ടിയുടെ ഭാഗത്തുനിന്നും വന്നുവെന്ന് പറയുന്നത് ഞാനല്ല, നിങ്ങളുടെ നേതൃത്വംതന്നെ

പറയുന്നു. കോൺഗ്രസും മറ്റും മുന്നണിയുണ്ടാക്കി യു.പി.-യിൽ മത്സരിച്ചില്ലായിരുന്നെങ്കിൽ ഇതിനേക്കാളും മെച്ചമായിരുന്നേനെ സ്ഥിതി എന്നനിലയിൽ വാർത്തകൾ വരുന്നില്ലേ; ഞാൻ ആ കണക്കുകൾ പറയണോ? ബംഗാളിലും ത്രിപുരയിലും കോൺഗ്രസ് ശക്തികാണിച്ചു. അവസാനം ബംഗാളിലും ത്രിപുരയിലും ഇടതുപക്ഷം അല്പം പുറകോട്ട് പോയപ്പോൾ നിങ്ങൾക്ക് സന്തോഷം വന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ആ ഒരു സന്തോഷമല്ല, അവസാനത്തെ കുറ്റിയാണ് കേരളം എന്നുനിങ്ങൾ ഓർക്കണം. കേരളത്തിലെ ഇടതുപക്ഷത്തെയും ജനാധിപത്യത്തെയും സംരക്ഷിക്കാനുള്ള ശ്രമമാണ് വേണ്ടത്. നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കുത്തി പറഞ്ഞതുകൊണ്ട് മാത്രം ഞാൻ പറഞ്ഞതാണ്, ഇങ്ങനെ പറയണമെന്ന് ആഗ്രഹിച്ചതല്ല. രാജ്യസഭാ സീറ്റിന്റെ കാര്യത്തിലുൾപ്പെടെ തർക്കങ്ങളും ചർച്ചകളും വാർത്തകളും വന്നുകൊണ്ടിരിക്കുകയല്ലേ; ഞാനാണോ ഇക്കാര്യം പറയുന്നത്?

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു ജനാധിപത്യ പാർട്ടിക്കകത്ത് തർക്കമുണ്ടാവില്ലേ? ചർച്ച നടക്കും, ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനം

വരും. ഒരു ജനാധിപത്യ പാർട്ടി അതല്ലേ; നിങ്ങൾക്ക് അതൊക്കെ ഇല്ലേ; ഞങ്ങൾ ചോദിക്കുന്നില്ലല്ലോ? അതെല്ലാം നിങ്ങളുടെ പാർട്ടിയുടെ ഇന്റേണൽ കാര്യമാണ്, അത് അങ്ങനെ നടന്നോട്ടെ. പക്ഷേ, ഞങ്ങളുടേതുമാത്രം ഒരു മഹാസംഭവം എന്ന് പറയാതിരുന്നാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, യഥാർത്ഥത്തിൽ ഏതുതരം ജനാധിപത്യത്തെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്. കോൺഗ്രസിനകത്ത് ജനാധിപത്യം നഷ്ടപ്പെട്ടിട്ട് എത്രയോ പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. എന്ത് ജനാധിപത്യമാണ് കോൺഗ്രസ് പാർട്ടിക്കകത്തുള്ളത്; ഏത് ജനാധിപത്യത്തെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,

മി. സ്പീക്കർ: ഇത് ടെലിവിഷൻ ചർച്ചയാക്കാൻ പറ്റില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ പേരെടുത്ത് പറഞ്ഞതുകൊണ്ടുമാത്രമാണ് ഞാൻ എഴുന്നേറ്റത്. നിങ്ങളുടെ രൂപവും ഞങ്ങളുടെ രൂപവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. ഞങ്ങളുടെ കൂട്ടത്തിൽനിന്ന് ഞങ്ങൾ നോമിനേറ്റ് ചെയ്യും. നിങ്ങൾ എന്തുചെയ്യും? നിങ്ങൾ

നാമനിർദ്ദേശം ചെയ്യും. രണ്ടും ഒരേ കാര്യംതന്നെയാണ്. നിങ്ങൾ നാമനിർദ്ദേശം പാനലായി വായിക്കും. എന്നാലും ചിലപ്പോൾ മത്സരം പണ്ടുണ്ടായിരുന്നു. ഇപ്രാവശ്യം വന്നിട്ടില്ല. പക്ഷേ ഞങ്ങളുടെ കൂട്ടത്തിൽ അതുണ്ട്. അതുകൊണ്ട് എന്താണ് തർക്കം? അത് ഞങ്ങൾ അംഗീകരിക്കുന്നതാണ്. ഞങ്ങളുടെ ഭരണഘടന അംഗീകരിക്കുന്നതാണ്. ഞങ്ങളുടെ ഭരണഘടന അംഗീകരിക്കുന്നതനുസരിച്ച് ഞങ്ങൾ പൊയ്ക്കോട്ടെ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നമുക്കിവിടെ അവസാനിപ്പിക്കാമെന്ന് തോന്നുന്നു. ഇക്കാര്യങ്ങൾ നന്നായി പോകണമെന്നുള്ളതുകൊണ്ട് കേരളത്തിന്റെ താല്പര്യമാണ് പ്രധാനം. ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ആവശ്യമുള്ളതും ഇല്ലാത്തതുമായ കാര്യങ്ങൾ അങ്ങ് പറയുന്നതുകൊണ്ടല്ലേ എനിക്ക് തിരിച്ച് പറയേണ്ടിവന്നത്. അല്ലെങ്കിൽ ഞങ്ങളത് പറയില്ല. ഏതായാലും കൂടുതൽ കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഉപധനാഭ്യർത്ഥനകളാണ് നമുക്ക് പ്രധാനം. അതുസംബന്ധിച്ച് വിശദമായ ചർച്ച നടന്നിട്ടുണ്ട്. ഇത് പാസ്സാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയാണ്

മുന്നോട്ടുവയ്ക്കുന്നത്.

<u>മി. സ്പീക്കർ</u>: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,57,26,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: ശബ്ദവോട്ട് രേഖപ്പെടുത്തിയാൽ പോരേ?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: മതി.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 96,33,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 724,20,48,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

2,58,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,40,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 87,88,15,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,19,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1689,52,51,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1788,77,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 129,29,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1560,01,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

197,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,97,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 39,01,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,15,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,39,07,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,22,56,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 832,87,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന

പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,62,43,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

25,66,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 239,15,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 125,06,93,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,37,13,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1511,22,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,51,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 110,48,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ

എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 143,92,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,27,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1813,03,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: ശബ്ദവോട്ടോടെ ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,03,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4998,24,49,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1056,75,33,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ 5,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 14,90,73,882/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 9,58,81,595/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 80,65,569/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 30,90,30,518/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 4,79,92,489/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 3,92,53,979/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 32,74,452/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 2,10,27,603/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 3,74,75,080/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 72,52,76,458/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 371,23,54,719/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 19,774/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകൾ

പൊതുമരാമത്തുകൾ എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അധികമായി ചെലവായ 69,23,18,442/- രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.